# മണിവിളക്ക്

www.manivilaku.com
ലക്കം 3 | മാർച്ച് 2024



“മിശിഹാതമ്പുരാൻ
സത്യമായി ഉയിർത്തെഴുന്നേറ്റുവെന്ന്
ഞങ്ങൾ വിശ്വസിച്ചേറ്റു പറയുന്നു.”

# മണിവിളക്ക്

ലക്കം 3 | മാർച്ച് 2024 | Private Circulation

A complete Digital Magazine.

Inspiration
Rev .FR ABAHAM KADAMALA

copyright @
manivilaku.com

Email : editor@manivilaku.com
Phone: 9947825254.

Managing Editor and Published by
TOJO P THOMAS
Parankamnoottil H Valakuzhy. P O,
Vennikulam, Pathanamthitta, and
BIJU GEEVARGHESE CHANDANAPALLY

Cover and layout Design
SA SOLUTIONS
Malamukal, Trivandrum -13
sasolution19@gmail.com
9746008226

## ഉള്ളടക്കം

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ആശംസ | 3 |
| മദ്റോശോ | 4,54 |
| അവധിയില്ലാത്ത ആത്മീയ ജീവിതം. | 18 |
| നാമഹേതുക പെരുന്നാൾ | 21 |
| കണ്ണുനീരിന്റെ വില രക്ഷയിലേയ്ക്കുള്ള വഴി | 22 |
| ക്രൂശിതനിലേക്ക് | 28 |
| ശ്രദ്ധിയ്ക്കാം | 33 |
| സ്വത്വബോധം | 36 |
| ആശംസ | 37 |
| ജീവിതത്തിന്റെ അധിക മൈലുകൾ | 38 |
| കചടതപ | 41 |
| എഫാത്താ | 44 |
| മൗലീക കർത്തവ്യങ്ങൾ | 60 |
| തിരഞ്ഞെടുപ്പ് ഒരു തിരിച്ചറിവ് | 62 |
| യുവാക്കളുടെ മാനസികാരോഗ്യം പ്രധാനം. | 73 |
| ശ്രവണോപകരണങ്ങളും കേൾവി തകരാറുകളും. | 78 |
| ഓർമ്മയിൽ | 80 |
| ടൈംലൈൻ | 82 |



09




16




25




29




46




48




51




64




68

Editorial

# ക്രിസ്തുവിനോട് കൂടെയായിരിയ്ക്കാം..

നാം ക്രിസ്തുവിൽ ആയിരിക്കുമ്പോൾ ക്രിസ്തുവിനു സംഭവിക്കുന്നതെല്ലാം നാമും അനുഭവിക്കുകയാണ്. നാം ഒരു പുസ്തകം തുറന്ന് ഒരു ബസ് ടിക്കറ്റ് അതിനുള്ളിൽ വച്ചു എന്നിരിക്കട്ടെ. ഇപ്പോൾ ടിക്കറ്റ് പുസ്തകത്തിനുള്ളിലാണ്. പുസ്തകത്തിനു സംഭവിക്കുന്നതെല്ലാം ഇനി ടിക്കറ്റിനും ബാധകമാണ്. നാം ഈ പുസ്തകം പുഴയിലെറിഞ്ഞു എന്നു സങ്കല്പിക്കുക. ടിക്കറ്റും വെള്ളത്തിൽ വീണു. നാം പുസ്തകം തീയിലിട്ടു വെന്നിരിക്കട്ടെ. പുസ്തകം കത്തിച്ചാമ്പലാകുമ്പോൾ അതിനുള്ളിലെ ടിക്കറ്റും ചാരമായിത്തീരും. പകരം പുസ്തകം നാം പാഴ്സലായി വിദേശത്തേക്ക് അയച്ചുവെന്നു സങ്കൽപിക്കുക. ടിക്കറ്റിനെന്തു സംഭവിക്കും? ടിക്കറ്റും പുസ്തകത്തോടൊപ്പം വിദേശത്ത് എത്തും. പുസ്തകത്തിനു സംഭവിച്ചതെല്ലാം ടിക്കറ്റിനും സംഭവിച്ചു. ഇതുപോലെയാണു നമ്മെ സംബന്ധിച്ചും. നാം ക്രിസ്തുവിലായിരിക്കയാൽ... 'നമ്മിലെ പഴയ മനുഷ്യൻ (നാമും) അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു... (റോമാ 6 : 6), യേശുക്രിസ്തുവിനോടുകൂടെ അവിടുന്നു നമ്മെഉയിർപ്പിച്ച് സ്വർഗത്തിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു. (എഫേ 2 : 6), നമ്മുടെ ജീവനായ ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ അവനോടുകൂടെ നിങ്ങളും മഹത്വത്തിൽ പ്രത്യക്ഷപ്പെടും (കൊളോ 3 : 4)'.
എത്ര അത്ഭുതകരം!

മരണത്തിനപ്പുറം ഉത്ഥാനത്തിന്റെ നിത്യജീവനുണ്ട്. പ്രതിസന്ധികൾക്കും, പ്രശ്നങ്ങൾക്കും, വേദനകൾക്കും ആകുലതകൾക്കുമിടയിലും സന്തോഷത്തോടെ, പ്രത്യാശയോടെ മുമ്പോട്ടു പോകുവാൻ അത് നമ്മെ ശക്തിപ്പെടുത്തും. അതുകൊണ്ട് നിങ്ങൾക്കും എനിക്കും നമുക്കെല്ലാവർക്കും മുമ്പോട്ടു പോകാനുള്ള ഒരു കാരണമാണ് മരണത്തെ തോൽപിച്ച് ഉത്ഥാനം ചെയ്ത് വിശുദ്ധ കുർബാനയായി നമുക്കൊപ്പം വസിക്കുന്ന യേശു ക്രിസ്തു. എന്തിനാണ് നീ പ്രത്യാശയില്ലാത്തവരെപ്പോലെ കരയുന്നത്?' നിന്റെ വേദനകൾക്കും പ്രതിസന്ധികൾക്കും ഉത്തരം നൽകാൻ, ഒരു പരിഹാരം കാണാൻ മരണത്തെപ്പോലും തോൽപിച്ച് ഉത്ഥാനത്തിന്റെ വിജയകിരീടം ചൂടി നിൽക്കുന്ന ക്രിസ്തുവാണ് നിന്റെ രക്ഷകൻ. അതുകൊണ്ട് കണ്ണുനീരിന്റെ ദുഃഖവെള്ളിയാഴ്ചകളിൽ പ്രത്യാശ കൈവിടാതെ 'ഭയപ്പെടേണ്ട നിങ്ങൾക്കു സമാധാനം' എന്ന് പറയുന്നവനിൽ അഭയം പ്രാപിക്കാൻ നമുക്ക് സാധിച്ചാൽ ഈസ്റ്ററിന്റെ സന്തോഷവും സമാധാനവും നമ്മെ വ്യക്തിപരമായി തേടിവരും.

മണിവിളക്കിന്റെ എല്ലാ വായനക്കാർക്കും ഉയിർപ്പു പെരുന്നാളിന്റെ
**മംഗളാശംസകൾ...**



റ്റോജോ പി തോമസ്
എഡിറ്റർ

# മംഗളാശംസകൾ

മണിവിളക്ക് എന്ന Online Magazine ന് എല്ലാ ഭാവുകങ്ങളും നേരുന്നു. മാധ്യമങ്ങൾ സമുഹത്തിൽ നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം മനസ്സിലാക്കി നന്മയിലും ധാർമ്മീകതയിലും സത്യത്തിലും സമൂഹത്തിന്റെ സുസ്തിതിയും വളർച്ചയും ഐക്യവും ഉറപ്പാക്കുവാൻ കഴിയുമ്പോൾ മാത്രമാണ് അത് ചരിത്രത്തിന്റെ ഭാഗമാകുക. “പോസ്റ്റ് ട്രൂത്ത്” സത്യാനന്തരകാലത്തിന്റെ പ്രത്യേകത ഏറെ വ്യാപിക്കുന്ന ഈ കാലയളവിൽ എന്താണ് സത്യം, എന്താണ് ചരിത്രം, ഏതാണ് നന്മയുണ്ടാക്കുന്നത് തുടങ്ങിയ കാര്യങ്ങൾ സ്വകാര്യവത്ക്കരിക്കപ്പെട്ടിരിക്കുന്നു എന്ന് നാം തിരിച്ചറിയണം. സമർത്ഥിക്കുവാൻ സാധിക്കുന്നതും വിജയിക്കുന്നതും പ്രയോജനമുള്ളതുമായ കാര്യങ്ങൾ മാത്രമാണ് സത്യം എന്ന തെറ്റിദ്ധാരണ പടരുമ്പോൾ ആളെ കൂട്ടിയും സ്വാധിനിച്ചും അധികാരം ഉപയോഗിച്ചും നിലവിലുള്ള മാധ്യമങ്ങളെ ഭയപ്പെടുത്തിയും വിലയ്ക്കെടുത്തും തങ്ങളുടെ സാമ്രാജ്യശക്തി വർദ്ധിപ്പിക്കുന്ന രീതികൾ സമൂഹം തിരിച്ചറിയണം. സമൂഹം ഏറെ ഭയപ്പാടിന്റെ തീച്ചൂളയിലാണ്. കണ്ണിന്റെ മുമ്പിൽ നടന്ന കാര്യങ്ങൾ പോലും തമസ്കരിക്കുവാൻ വേവലാതിപൂണ്ട് അഴലുന്ന ചെറുപ്പക്കാരെപോലും കാണുമ്പോൾ എന്താണ് പ്രതീക്ഷിക്കേണ്ടത്. തിന്മകളെ ചെറുത്തുതോൽപ്പിക്കുവാൻ സാധിച്ചില്ലെങ്കിലും ഒരു പ്രകാശതിരിതെളിക്കുവാൻ കഴിയുന്നു എങ്കിൽ അത് പ്രധാനപ്പെട്ടതുതന്നെ. ഈ തിരച്ചറിവിൽ സമൂഹ മനസ്സാക്ഷിയോട് സംവാദിക്കുവാനുള്ള മണിവിളക്കിന്റെ ഉദ്ദേശ്യം ശ്രേഷ്ഠമാണ്. അത് ഫലം കാണട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ക്രൈസ്തവലോകം ഏറെ വെല്ലുവിളികളെ നേരിടുമ്പോൾ അതിന്റെ സംഭാവനകളും ആഭിമുഖ്യങ്ങളും തമസ്കരിച്ച് തെറ്റിദ്ധാരണകൾ പരത്തുന്ന കാലഘട്ടത്തിൽ മണിവിളക്കിന്റെ ഇടപെടൽ ഒരു പ്രതീക്ഷയുടെ മിന്നാമിനുങ്ങായി രൂപാന്തരപ്പെടട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ട് എല്ലാ ഭാവുകങ്ങളും നേരുന്നു.



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, തിരുവല്ല )

**Secretary of the Holy Episcopal Synod
of the Malankara Catholic Church**

ܡܕܪܫܐ

# മദ്റോശോ

2024 മാർച്ച് 3

## ക്നാനയ്തോ ഞായർ

### കാനാൻകാരിയുടെ മകളെ സൗഖ്യമാക്കിയത്

വലിയ നോമ്പിലെ നാലാം ഞായർ

മത്തായി. 15 : 21 - 28



റവ. ഫാ. എബ്രഹാം കാടമല

നോമ്പിന്റെ പകുതിയോടടുത്തിരിക്കുന്ന ഈ സമയത്ത് നാം നമ്മുടെ വിശ്വാസത്തിന്റെ അവസ്ഥ എന്താണെന്ന് പരിശോധിച്ചു നോക്കാൻ പറ്റിയ സന്ദർഭമാണിത്. നമ്മുടെ ദൈവിക വ്യാപാരങ്ങളിൽ മാത്രമല്ല, മാനുഷിക ബന്ധങ്ങളിലും വിശ്വാസം തന്നെയാണല്ലോ. "വിശ്വാസം അതല്ലേ എല്ലാം" എന്ന് ആവർത്തിക്കുന്ന ഒരു വ്യാപാര സ്ഥാപനം തന്നെയുണ്ടല്ലോ. പരസ്പരമുള്ള ആദരവും ആശയബോധവുമെല്ലാം നിലനിൽക്കാൻ വിശ്വാസം നഷ്ടപ്പെടുത്താതിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. എന്നാൽ കാണുന്നതും കേൾക്കുന്നതുമെല്ലാം കണ്ണടച്ചു വിശ്വസിക്കുന്നത് വലിയ അപകടകരമാകുകയും ചെയ്യും. "മിന്നുന്നതെല്ലാം പൊന്നല്ല" എന്നൊരു ചൊല്ല് നാം കേട്ടിട്ടുണ്ടല്ലോ. ശരിയായ പൊന്ന് ഏതെന്നറിയാൻ അതിന്റെ മാറ്റ് ഉരച്ചു പരിശോധിക്കുന്ന രീതിയാണുള്ളത്. അപ്രകാരം വിശ്വാസം മാറ്റുരച്ചു നോക്കിയ ഒരു സന്ദർഭമാണ് ഈ സുവിശേഷ ഭാഗത്ത് വിവരിച്ചിരിക്കുന്നത്. അതിന്റെ ഫലപ്രഖ്യാപനം നോക്കുക സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ് (28) നമുക്ക് വിശ്വാസം വർദ്ധിപ്പിക്കാൻ അനുകൂലമായ അനേകം അവസരങ്ങൾ ലഭിക്കുന്നുണ്ടല്ലോ. എന്നാൽ തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ ജീവിച്ച ആ വിജാതിയ സ്ത്രീ ഇത്ര ശ്രേഷ്ഠമായ വിശ്വാസത്തിന് ഉടമയായത് ഓർക്കുമ്പോൾ നാം അത്ഭുതപ്പെട്ടു പോകും.

യേശു വിജാതിയരുടെ ദേശത്തെത്തിയതു തന്നെ അല്പകാലത്തെക്കെങ്കിലും ഒളിവിൽ കഴിയാനാണ്. ആരും തന്നെ തിരിച്ചറിയരുതെന്നു തന്നെയായിരുന്നു യേശുവിന്റെ ആഗ്രഹം. അവിടെയാണ് യേശു പേരും അഡ്രസ്സും സ്ഥാനവും എല്ലാം വെളിപ്പെടുത്തുന്ന ഒരു പരസ്യ പ്രസ്താവന കേൾക്കുന്നത്. കർത്താവേ ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ. എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു. (22) ഇങ്ങനെയുള്ള അനുഭവം യേശുവിന് മറ്റു പല സന്ദർഭങ്ങളിലും നേരിടേണ്ടി വന്നിട്ടുണ്ട്.



കുഷ്ഠ രോഗിയെ സൗഖ്യമാക്കിയിട്ട് ഇക്കാര്യം ആരോടും പറയരുതെന്ന് കർശനമായി വിലക്കിയെങ്കിലും അയാൾ അത് പരസ്യപ്പെടുത്തുകയും യേശുവിന് സമൂഹമദ്ധ്യത്തിലേക്ക് പോകാൻ കഴിയാതെ വിജന പ്രദേശങ്ങളിൽ പാർക്കേണ്ടി വന്നിട്ടുണ്ട്. ഒന്നും കേൾക്കാത്ത മട്ടിൽ കടന്നു പോകാമെന്ന് കരുതിയപ്പോൾ ശിഷ്യന്മാർ ഇടപെട്ട് രംഗം വീണ്ടും വഷളാക്കുകയും ചെയ്തു. കിട്ടിയ പഴുതിലൂടെ ആ സ്ത്രീ ഇടിച്ചു കയറി ഈശോയുടെ മുമ്പിൽ വീണ് നമസ്ക്കരിച്ചുകൊണ്ട് തന്റെ ആവശ്യം ആവർത്തിക്കാനും തുടങ്ങി. അന്നത്തെ നാട്ടുനടപ്പനുസരിച്ച് ഇസ്രായേൽക്കാർ സ്ത്രീകൾക്ക് വലിയ പരിഗണന നൽകിയിരുന്നില്ല. വിജാതിയരെ നായ്ക്കളെപ്പോലെയാണ് കരുതിയിരുന്നതും. തന്മൂലം ഒരു പഴഞ്ചൊല്ല് പറഞ്ഞതാണെങ്കിൽ പോലും യേശുവിന്റെ വാക്കുകൾ ആ വിജാതിയ സ്ത്രീയുടെ ആത്മാഭിമാനത്തെ ആഴത്തിൽ കീറി മുറിക്കാൻ പര്യാപ്തമായിരുന്നു. അഭിമാനം മുറിപ്പെടുമ്പോഴാണല്ലോ നമുക്ക് സകല നിയന്ത്രണങ്ങളും നഷ്ടപ്പെടുന്നത്. സാധാരണ ഗതിയിൽ ഏതൊരാളും പതറി പോകുന്ന ഈ സന്ദർഭത്തിൽ സമചിത്തത കൈവിടാതെ തികഞ്ഞ നർമ്മബോധത്തോടെ പട്ടി പ്രയോഗത്തെ പപ്പിക്കുട്ടികളെന്ന് പാഠ ഭേദം വരുത്തി ആ രംഗം കൈപ്പിടിയിലൊതുക്കിയ നയചാതുരി അഭിനന്ദനാർഹവും അനുകരണീയവുമത്രേ. എത്രയെത്ര കുടുംബ കലഹങ്ങളും രാഷ്ട്രീയക്കാരുടെ കോലാ ഹലങ്ങളും ചാനലുകാരുടെ ചർവ്വിത ചർവ്വണങ്ങളും ഒഴിവായിപ്പോകുമായിരുന്നു ഇങ്ങനെ യുള്ള ഒരു സമീപനം സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർ തയ്യാറായിരുന്നെങ്കിൽ ആത്മാഭിമാനം നല്ലതാണ്. എന്തു വില കൊടുത്തും കാത്തുസൂക്ഷിക്കപ്പെടേണ്ടതുമാണ്. പക്ഷേ അധികം പേരും ആത്മാഭിമാനമായി കരുതിയിരിക്കുന്നത് അവരുടെ ദുരഭിമാനത്തെയാണ്. തനിതങ്കവും മുക്കു പണ്ടവും പോലുള്ള വ്യത്യാസം ഇവ തമ്മിലുണ്ട്. തങ്കം ഉരുക്കിയാലും അടിച്ചുപരത്തിയാലും ഉരച്ചു പൊടിയാക്കിയാലും അതിന്റെ തിളക്കവും മൂല്യവും ഇല്ലാ താകുന്നില്ല. നേരെ മറിച്ച് മുക്കുപണ്ടം മെഴുകുതിരി നാളത്തിന്റെ ചൂടേറ്റാൽ പോലും കറുത്തുപോകും. യഥാർത്ഥ ദൈവ വിശ്വാസവും ദൈവ സ്നേഹവും എപ്രകാരമെന്ന് പൗലോസപ്പസ്തോലൻ റോമാ ലേഖനത്തിൽ വിവരിച്ചിട്ടു ള്ളതും (റോമ. 8/3539) 1 കൊരി 13ാം അദ്ധ്യായം മുഴുവനും വായിച്ചാൽ നമുക്ക് മനസ്സിലാകും. ഈ നോമ്പു കാലത്ത് ആത്മപരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യമാണിത്. എന്റെ വിശ്വാസത്തേക്കുറിച്ച് ഈശോ എന്തു പറയും ?



**അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ അന്തോണിയോസ്, സാമുവേൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നീ പിതാക്കന്മാർക്ക് മെത്രാഭിഷേക വാർഷികാഘോഷത്തിന്റെ**

## പ്രാർത്ഥനാ മംഗളങ്ങൾ

13 March 2010

2024 മാർച്ച് 10

## കൂനിയെ സൗഖ്യമാക്കിയത്

## വലിയ നോമ്പിലെ അഞ്ചാം ഞായർ

ലൂക്കാ. 13 : 10 - 17

പ്രകൃതിയിൽ നാം കാണുന്ന ക്രമവും ചിട്ടയും താളവുമൊന്നും നാം കണ്ടുപിടിച്ചതല്ല. അവയൊക്കെ സൃഷ്ടാവായ ദൈവം തന്നെ ഏർപ്പെടുത്തിയതാണ്. അവയിൽ ചിലതൊക്കെ നാം കണ്ടുപഠിച്ചു എന്നേയുള്ളു. രാവും പകലും മാറി മാറി വരുന്നത് ഏതെങ്കിലും മനുഷ്യ ശക്തികൾ തീരുമാനിച്ചതിന്റെ ഫലമല്ലല്ലോ. മനുഷ്യ ജീവിതത്തിലും കാണാം ഇപ്രകാരമുള്ള താള ക്രമങ്ങൾ. ഹൃദയമിടിപ്പിന്റെ താളവും എണ്ണവും നോക്കിയാൽ ഒരാൾ ആരോഗ്യവാനോണോ എന്ന് നിശ്ചയിക്കാമല്ലോ. ഇപ്രകാരം മനുഷ്യ ജീവിതത്തിന്റെ നന്മയെ കരുതിയാണ് ദൈവം പത്തു കല്പനകൾ നൽകിയത്. ശാബത് നിയമം മാത്രമല്ല, എല്ലാ നിയമങ്ങളും മനുഷ്യന്റെ നന്മയ്ക്കായിട്ടാണ്. ആയിരിക്കണം. അത് കൊണ്ടാണല്ലോ യേശു പറഞ്ഞത് മനുഷ്യൻ ശാബതിനു വേണ്ടിയല്ല ശാബത് മനുഷ്യനുവേണ്ടിയാണെന്ന്. (മാർക്കോ.2/27) നമ്മുടെ ഓരോ പ്രവൃത്തികളിലും തീരുമാനങ്ങളിലും ആറു കാര്യങ്ങൾ സൂക്ഷ്മമമായി പരിഗണിക്കപ്പെട്ടിരിക്കണമെന്നാണ് വിജ്ഞാനികളായ പൂർവ്വികർ പഠിപ്പിച്ചിട്ടുള്ളത്.

1) **ഞാൻ ആര്?**
2) **ഇത് എന്ത്?**
3) **ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെ?**
4) **ഈ പ്രവർത്തി മൂലം എനിക്കുണ്ടാകുന്ന നന്മയെന്ത്?**
5) **എന്റെ ഇപ്പോഴത്തെ കാലം എന്താണ്?**
6) **ഈ സംരംഭം കൊണ്ട് ആർക്കെങ്കിലും ദോഷം സംഭവിക്കുമോ?**

ഇക്കാര്യങ്ങൾ ഒന്നും സമചിത്തതയോടെ പരിശോധിച്ചു നോക്കാതെയുള്ള പ്രവർത്തികളും പ്രതികരണങ്ങളുമാണ് എല്ലാ അക്രമങ്ങളുടെയും തിന്മകളുടെയും കാരണം. ദുരാത്മാവിന്റെ ബന്ധനത്തിൽ അകപ്പെട്ട് നിവർന്നു നിൽക്കാൻ നിവർത്തിയില്ലാതെ നീണ്ട പതിനെട്ടു സംവത്സരങ്ങളായി ദുരിതം അനുഭവിച്ചു കൊണ്ടിരുന്ന ഒരു സ്ത്രീയെ രക്ഷിക്കാൻ വന്ന ദൈവകുമാരനെ പാപിയും ശാബത് ലംഘിക്കുന്നവനുമായി മാത്രം കാണുവാൻ തക്കവണ്ണം ആ സീനഗോഗധികാരിക്ക് ഇടയായതിന്റെ കാരണം എന്തായിരിക്കാം എന്നാലോചിച്ചപ്പോഴാണ്, നാം ചിന്തിക്കുന്ന രീതി ശരിയല്ലെങ്കിൽ ആർക്കും ഇപ്രകാരം തെറ്റു പറ്റാൻ ഇടയുണ്ടെന്നു മനസ്സിലാകുന്നത്. ദുരാത്മാവ് ബാധിച്ച് ശരീരം വികൃതമായ ആ സ്ത്രീയെ



മാത്രമല്ല, ആത്മാവിലും ചിന്തകളിലും. കൂനുബാധിച്ച ആ സിനോഗോഗ് അധികാരിയേയും അദ്ദേഹത്തെപ്പോലെ വികലമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ലക്ഷക്കണക്കിന് സ്ത്രീ പുരുഷന്മാരെയും ഈശോ തൊട്ട് സൗഖ്യമാക്കുന്ന അറിവിന്റെ വെളിച്ചമാണിവിടെ പ്രകാശിക്കുന്നത്. സ്ത്രീകൾക്ക് സമൂഹത്തിൽ വലിയ സ്ഥാനമോ പരിഗണനയോ നൽകാത്ത യഹൂദ പശ്ചാത്തലത്തിൽ, കൂനിയായ ഒരു സ്ത്രീയെ സൗഖ്യമാക്കിയെന്നത് വലിയ കാര്യമൊന്നും അല്ല എന്നായിരിക്കണം ആ അധികാരി കരുതിയത്. പക്ഷേ ഈശോ അവളേക്കുറിച്ചു പരാമർശിക്കുന്ന "അബ്രഹാത്തിന്റെ ഈ മകൾ" എന്ന പദപ്രയോഗം ഈ ലോകത്തിൽ ഒരു സ്ത്രീയേക്കുറിച്ച് പറയാവുന്നതിൽ ഏറ്റവും ശ്രേഷ്ഠമായതാണ്. സ്ത്രീയായാലും പുരുഷനായാലും വികലാംഗനോ കുഷ്ഠരോഗിയോ ആരായാലും ദൈവം നമ്മെ എത്ര അമൂല്യരായിട്ടാണ് കരുതിയിരിക്കുന്നതെന്ന് മനസ്സിലാക്കാൻ വേറെ ഉദാഹരണങ്ങൾ വേണ്ടല്ലോ." ശാബതിന്റെ ശരിയായ ആചരണം എപ്രകാരമായിരിക്കണമെന്ന് ഈശോ പ്രവർത്തിച്ചു കാണിക്കുകയാണിവിടെ. ഒന്നാമതായി അവിടുന്ന് ശാബതു ദിവസം സിനഗോഗിലെത്തി ജനങ്ങളെ പഠിപ്പിച്ചു കൊണ്ടിരുന്നു. നമ്മുടെ ഞായറാഴ്ച ആചരണത്തിൽ ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. ഒന്നുകിൽ നാം പഠിപ്പിക്കുന്നവരാകണം. അതല്ലെങ്കിൽ നാം ദൈവികവഴികൾ ശ്രദ്ധയോടെ പഠിക്കുന്നവരാകണം. ശാബതിനെ ശുദ്ധമായി ആചരിക്കണമെന്ന മൂന്നാമത്തെ കല്പന ഗൗരവമായിട്ടെടുക്കുന്നവർ ആ ദിവസം മുഴുവനും ദൈവ സംസർഗ്ഗത്തിനായി മാറ്റി വയ്ക്കുകയാണ് വേണ്ടത്. വിഴുപ്പലക്കാനും വിരുന്നു പോകാനും വിനോദങ്ങളിലേർപ്പാടാനും അലസരായി ഉറങ്ങിത്തീർക്കാനും കർത്താവിന്റെ ദിനത്തെ ദുരുപയോഗിക്കുന്നവർ **'HOLY DAY'** ആകേണ്ടതിനെ **'Holiday'** ആയി അധഃപതിപ്പിച്ച് സ്വന്തം ജീവിതം കൂനുള്ളതാക്കുകയാണ്. നിവർന്നു നിൽക്കാനും ഉന്നതങ്ങളിലേക്ക് കണ്ണുകൾ ഉയർത്താനും ദൈവം മനുഷ്യനുമാത്രം നൽകിയിരിക്കുന്ന സവിശേഷ വരം പ്രയോജനപ്പെടുത്താതെ പശുവിനെ പോലെ ഭൂമി മുളപ്പിക്കുന്ന പുല്ലു മാത്രം തേടിക്കൊണ്ടിരിക്കുകയാണ് ആധുനിക മനുഷ്യൻ. ദൈവപുത്രന്റെ സ്പർശനവും ദൈവാത്മാവിന്റെ നിറവും കൊണ്ടുമാത്രമേ നാം സ്വതന്ത്രരാകുകയുള്ളു.

**2024 മാർച്ച് 17**

## സമിയോ ഞായർ

**കുരുടനെ സൗഖ്യമാക്കുന്നു.**

**വലിയ നോമ്പിലെ ആറാം ഞായർ**

**മർക്കോ 10 : 46 - 52**

യേശു തന്റെ പരസ്യ ജീവിതം സമാപിപ്പിച്ച് ജറുസലേമിലേക്ക് കയറിപ്പോകുന്നതിനു മുൻപ് അന്ധനായ ഒരു യാചകന് കാഴ്ച നൽകി സൗഖ്യമാക്കുന്നതിന്റെ വിവരണം സമാന്തര സുവിശേഷങ്ങളെല്ലാം നൽകിയിരിക്കുന്നു (മത്താ. 20:29-34, ലൂക്കാ. 18:35-43) ജറുസലേമിന് വടക്കു കിഴക്കായി 15 മൈൽ ദൂരെ 3300 അടി താഴ്വാരത്തുള്ള ഒരു പട്ടണമാണ് ജെറിക്കോ. ഇവിടെ നിന്നും ജറുസലേമിലേക്കുള്ള യാത്ര മനുഷ്യ ജീവിതമാകുന്ന യാത്രയുടെ പ്രതീകം തന്നെയാണ്. താഴ് വാരത്തിൽ നിന്നും ഔന്നത്യത്തിലേക്കുള്ള യാത്ര. ഇപ്രാവശ്യം യേശുവിന്റെ യാത്ര ജറുസലേമിലൂടെ കൂടുതൽ ഉന്നതമായ സ്വർഗ്ഗത്തിലേക്ക് കയറിപ്പോക്കാണ്. ഈ അന്തിമയാത്രയുടെ ആരംഭത്തിൽ, കാഴ്ച നഷ്ടപ്പെട്ടു പോയ ഒരുവന് കാഴ്ച ശക്തി വീണ്ടും നൽകുന്നതിലൂടെ, തന്റെ ശിഷ്യന്മാർക്ക് വിശ്വാസ വെളിച്ചം നൽകി അവരുടെ ആത്മീയ അന്ധത ദൂരീകരിക്കുന്ന ദിവ്യ ഗുരുവാണ് യേശു എന്ന് വെളിപ്പെടുത്തുന്നു. ക്രിസ്തുവിൽ നിന്നും കാഴ്ചശക്തി പ്രാപിക്കാൻ പാകമായ വിശ്വാസം ബർതിമെയൂസ് പ്രകടിപ്പിക്കുന്നുണ്ട്. തന്റെ സമീപത്തു കൂടി കടന്നു പോകുന്നവൻ ദാവീദു പുത്രനായ മിശിഹാ ആണെന്നും അവൻ അന്ധർക്ക് കാഴ്ച നൽകുന്നവനാണെന്നും ബോദ്ധ്യമുണ്ടായിരുന്നതിനാലാണല്ലോ സകല തടസങ്ങളെയും തട്ടിമാറ്റി യേശുവിങ്കലേക്ക് കുതിച്ചു ചാടുവാൻ തയ്യാറാകുന്നതും

'കർത്താവേ എന്നിൽ കനിയേണമെ' എന്നർത്ഥമുള്ള കുറിയേലായിസോൻ എന്ന് ശബ്ദമുയർത്തി പ്രാർത്ഥിക്കുന്നതും. അന്ന് ബർതിമെയൂസ് കാണിച്ച ആവേശവും വിശ്വാസവും താല്പ്പര്യവും ആശ്രയബോധവും നിറഞ്ഞ ഹൃദയത്തോടു കൂടെയാണോ നാം കുറിയേലായിസോൻ എന്ന് ഏറ്റു പറയുന്നത്? നമിക്കിപ്പോഴുള്ള കാഴ്ച ശക്തി കർത്താവിന്റെ കാരുണ്യത്താലാണെന്ന കാര്യം നാം എപ്പോഴെങ്കിലും ഓർക്കാറുണ്ടോ? അമൂല്യമായ നമ്മുടെ കാഴ്ച ശക്തി പാപകരമായ കാഴ്ചകൾ കാണാനാണോ നാം ഉപയോഗിക്കുന്നത്? ഈശോയേയും അവിടുത്തെ വചന വഴികളെയും ഗ്രഹിക്കാനുള്ള കഴിവില്ലായ്മ തന്നോട് അടുപ്പം നിലനിർത്തിയിരുന്ന ശിഷ്യന്മാർക്കു പോലും ഉണ്ടായിരുന്നു എന്ന് നാം വായിക്കുന്നുണ്ട്. അത്തരം സന്ദർഭങ്ങളിലെല്ലാം ഈശോ തന്റെ പരിശുദ്ധാത്മാവിന്റെ വെളിച്ചം അവരുടെ ആത്മാവിൽ നിറച്ച് ഗ്രഹണ ശക്തി നൽകുകയാണ് ചെയ്തത്. ക്രിസ്തുവിന്റെ വചനം മനുഷ്യരുടെ വെളിച്ചമായിരുന്നു (യോഹ. 1:4) എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന വെളിച്ചം ലോകത്തിലേക്കു വന്നു. (യോഹ 1:9) ചുരുക്കത്തിൽ ഈശോ നമുക്ക് കാഴ്ചശക്തിയും ഗ്രഹണശക്തിയും മാത്രമല്ല ശരിയായ ഉൾക്കാഴ്ചയും ദീർഘവീക്ഷണവും ദൈവീകമായ ഒരു കാഴ്ചപ്പാടും നൽകുന്നു. ആദിയിൽ സൃഷ്ടാവായ ദൈവം വെളിച്ചമുണ്ടാകട്ടെ എന്നുരചെയ്തപ്പോഴെ അതു സംഭവിച്ചു. തത്തുല്യമായ ഒരു കാര്യം ഇവിടെ സംഭവിക്കുന്നു. ബാഹ്യദൃഷ്ടി മാത്രമല്ല ആന്തരീകമായ ബോദ്ധ്യവും ലഭിച്ചതിന്റെ തെളിവാണ് അപ്പോൾ തന്നെ അയാൾ യേശുവിനെ അനുഗമിക്കാനും തയ്യാറാകുന്നത്. അങ്ങനെ ഈശോ തന്റെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽ പ്രഖ്യാപിച്ച വിമോചന പ്രക്രിയ പൂർണ്ണമായി പൂർത്തീകരിച്ചുകൊണ്ട് ദൈവരാജ്യം ഉദ്ഘാടനം ചെയ്തു. (ലൂക്കാ 4: 18) കൈകാലുകൾ തീകാഴ്ചയുള്ള കണ്ണുകൾ കുത്തിപ്പൊട്ടിച്ചും പൊള്ളിച്ചും പിരിച്ചൊടിച്ചും വികൃതമാക്കി ഭിക്ഷാടനം വരുമാന മാർഗ്ഗമാക്കി കൊണ്ടു നടക്കുന്ന നരാധമൻമാരുടെ കഥകൾ നാം കേൾക്കാറുണ്ടല്ലോ. ഇവിടെ ഇതാ ഒരു സാധുഭിക്ഷക്കാരൻ തന്റെ ജീവിത തകർച്ചയ്ക്കു കാരണമായ അന്ധതയെ തന്നെ വലിച്ചെറിഞ്ഞ് രക്ഷകന്റെ പിന്നാലെ പോകാനും തന്റെ വിശ്വാസം പരസ്യമായി ഏറ്റു പറയാനും തയ്യാറായിരിക്കുന്നു. പെരുനാൾ കാലം ഭിക്ഷക്കാർക്ക് ചാകരയാണ്. ജനങ്ങൾ കൂട്ടമായി സഞ്ചരിക്കുന്നതിന്റെ ആരവം കേട്ടറിഞ്ഞപ്പോൾ സ്വഭാവികമായും അയാൾ ചോദിക്കുന്നത് വല്ല സാമ്പത്തിക സഹായവും ആയിരിക്കാമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. ഏതുതരത്തിലുള്ള സഹായമാണ് നീ എന്നിൽ നിന്നും പ്രതീക്ഷിക്കുന്നതെന്ന് ഈശോ തന്നെ അയാളോട് ചോദിക്കുന്നുണ്ടല്ലോ. "കർത്താവേ എനിക്ക് കാഴ്ച വീണ്ടു കിട്ടണം "എന്നായിരുന്നു അയാളുടെ അപേക്ഷ. ദൈവവിശ്വാസത്തിന്റെ ഉദാത്തമായ മാതൃകയാണിത്. സാമ്പത്തിക നേട്ടങ്ങളും ഭൗതിക സുഖ സൗകര്യങ്ങളും ലഭിക്കാനായി പ്രാർത്ഥനകളും ഭക്താഭ്യാസങ്ങളും നടത്തുന്നവരെ അന്ധനും ദരിദ്രനുമായ ഈ മനുഷ്യൻ ലജ്ജിപ്പിക്കാതിരിക്കുമോ?




തന്റെ കിരണങ്ങളുടെ പ്രകാശത്താൽ കുരുടന്റെ കണ്ണുകളെ പ്രകാശിപ്പിക്കുകയും ഇരുണ്ടിരുന്ന കൃഷ്ണ മണികളെ തന്റെ രശ്മിയാൽ ശോഭിപ്പിക്കുകയും ചെയ്ത ശോഭനവും മഹത്തരവും അവർണ്ണനീയവുമായിരിക്കുന്ന കർത്താവേ! ഇപ്പോൾ നിന്റെ തേജസ്സിനാൽ ഞങ്ങളുടെ ബോധങ്ങളുടെ ആത്മീയ നയനങ്ങളെ പ്രകാശിപ്പിക്കേണമേ.



# നോമ്പിന്റെ ദൈവശാസ്ത്ര പ്രാധാന്യം

## മലങ്കര ആരാധനാ ക്രമത്തിൽ



ഫാ. ഡോ. തോമസ് പ്രശോഭ്
കൊല്ലിയേലിൽ OIC

പ്രാർത്ഥനയുടെ നിയമം ആണ് വിശ്വാസത്തിന്റെ നിയമം (lex orandi, lex credendi) എന്നത് നമ്മുടെ വിശ്വാസത്തെയും കൂദാശാ ജീവിതത്തെയും നിയന്ത്രിക്കുന്ന പ്രമാണമാണ്. സുറിയാനി പാരമ്പര്യത്തിൽ, പ്രത്യേകിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ, ഏത് ദൈവശാസ്ത്ര വിചിന്തനവും അതിന്റെ ആരാധനാ ക്രമത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. അതിനാൽ, ആരാധനക്രമ ഗ്രന്ഥങ്ങളിൽ, പ്രത്യേകിച്ച് മലങ്കര സഭയുടെ യാമനമസ്കാരത്തിൽ, നോമ്പുകാലത്തിന്റെ ദൈവശാസ്ത്രപരമായ പ്രാധാന്യം തിരിച്ചറിയാനാണ് ഇവിടെ ശ്രമിക്കുന്നത്. നോമ്പുകാലത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെയും സംഭവങ്ങളിലൂടെയുമുള്ള കടന്നുപോക്ക് വിശുദ്ധ വാരാഘോഷത്തിൽ കലാശിക്കുന്നു. വാസ്തവത്തിൽ വിശ്വാസികൾക്ക് ഇത് (divinization/theosis) ദൈവീകരണത്തിനുള്ള ഒരു അവസരമാണ്.

### സ്നേഹവും ക്ഷമയും നോമ്പിന്റെ മുൻ ഉപാധികൾ

മലങ്കര സഭയിൽ വലിയനോമ്പുകാലം (സൗമോ റാവോ) രണ്ടു അനുരഞ്ജന ശുശ്രൂഷകൾക്കിടയിലാണ് ക്രമീകരിച്ചിരിക്കുന്നത്. നോമ്പ് ആരംഭിക്കുന്നത് ശുബ്ക്കോനോ ശുശ്രൂഷയോടുകൂടിയാണെങ്കിൽ, അത് അവസാനിക്കുന്നത് ഉയിർപ്പുപെരുന്നാളിന്റെ സമാധാനാശംസയോടെയാണ്. ഈ രണ്ട് ശുശ്രൂഷകൾക്കുമിടയിൽ നോമ്പുകാലം ക്രമീകരിച്ചിരിക്കുന്നത്, നോമ്പിന്റെ ഒരു മുൻവ്യവസ്ഥയായ (pre-condition) സ്നേഹം, കരുണ, ക്ഷമ എന്നിവയുടെ ആത്മീയവും ദൈവശാസ്ത്രപരവും സാമൂഹികവുമായ പ്രാധാന്യം

വ്യക്തമായി കാണിക്കുന്നു. നോമ്പാരംഭിക്കുന്ന ആദ്യ തിങ്കളാഴ്ച ഉച്ചയ്ക്ക് നടക്കുന്ന അനുരഞ്ജന ശുശ്രൂഷയിൽ, കർശനമായ നോമ്പോടും ഉപവാസത്തോടുംകൂടെ മുഴുവൻ സമൂഹവും പള്ളിയിൽ ഒത്തുകൂടുകയും ഉച്ച പ്രാർത്ഥനയ്ക്ക് ശേഷം, ഇടവക വികാരിയോ സമൂഹത്തിന്റെ നേതാവോ ആരാധനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. സ്നേഹം, ക്ഷമ, പശ്ചാത്താപം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ള നിർദ്ദിഷ്ട പ്രാർത്ഥനകൾ, സങ്കീർത്തനങ്ങൾ, സ്തുതിഗീതങ്ങൾ മുതലായവയ്ക്ക് ശേഷം, 1യോഹ. 4: 11-21, 1 കൊരി. 13: 4-10, എന്നിങ്ങനെയുള്ള സ്നേഹവുമായി ബന്ധപ്പെട്ട ദൈവത്തോടുള്ള സ്നേഹവും മനുഷ്യസ്നേഹവും എത്രത്തോളം പരസ്പരപൂരകങ്ങൾ ആണെന്ന് ഓർമ്മപ്പെടുത്തുന്ന പ്രസിദ്ധമായ വേദഭാഗങ്ങൾ വായിക്കുന്നു. അവസാനമായി, പ്രധാന കാർമ്മികൻ മത്താ. 18: 18-35ൽ നിന്ന് എടുത്ത സുവിശേഷ പ്രഘോഷണം നടത്തുന്നു, അത് വിശുദ്ധ പത്രോസ് ഉയർത്തിയ ചോദ്യം കൈകാര്യം ചെയ്യുന്നു: "കർത്താവേ എന്നോട് തെറ്റുചെയ്യുന്ന എന്റെ സഹോദരനോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യമോ? അതിനു കർത്താവു നൽകിയ ഉത്തരം നമുക്കറിയാം. വായനകൾക്ക് മുമ്പുള്ള കോലൊ (ഖോലോ) വായനയുടെ മുഴുവൻ അർത്ഥത്തെയും സംഗ്രഹിക്കുന്നു. അത് ദൈവസ്നേഹത്തെ "അഭികാമ്യമായ വൃക്ഷമായി വിവരിക്കുന്നു എന്ന് മാത്രമല്ല, ഉൽപത്തി 2:9 ലെ ജീവവൃക്ഷത്തെ ഓർമിപ്പിച്ചു കൊണ്ട് പാടുന്നു:

ധന്യതയാർന്നൊരു സ്നേഹത്തരുനീയെന്തഭികാമ്യം! നീയധിവാസം ചെയ്യുമിടം നിന്നാൽ ശുഭപൂർണം നിന്നാൽ ദൈവം അബ്രാം ഗൃഹമാർന്നു വൈദികരതിനാൽ ശുദ്ധാലയമേറി നിന്നാൽ പൗലോസുര ചെയ്തു: 'യാതനകൾ പീഡകൾ കർത്തൃസ്നേഹത്തിൽനിന്നും എന്നെ മാറ്റില്ല 'ഹാലേലുയ്യ ധന്യനിതേകിയവൻ. (പെരുന്നാളുകൾ പേജ് 119) അതിനാൽ, ദൈവത്തോടുള്ള സ്നേഹമാണ് ഏതൊരു ഭക്തിയുടെയും പ്രാർത്ഥനയുടെയും അടിസ്ഥാന പ്രചോദനവും ഉറവിടവും. അല്ലെങ്കിൽ ഏതൊരു ഉപവാസത്തിന്റെയും ത്യാഗത്തിന്റെയും നോമ്പിന്റെയും പിന്നിലെ പ്രേരകശക്തി. രണ്ടാമത്തെ കോലോ (Qolo) നമ്മുടെ നോമ്പിലും ഉപവാസത്തിലുമുള്ള വിരോധാഭാസത്തെയും പൊള്ളത്തരത്തെയും എടുത്തുകാണിക്കുന്നതാണ്. അവിടെ നാം ഇങ്ങനെയാണ് പാടുന്നത്.

തമ്മിൽ തമ്മിൽ സ്നേഹിക്കാം
സഹജരേ, കല്പന പൂർത്തിയതാം
ഉപവാസം ചിലർ ചെയ്തിടവേ
ഹൃദയം സ്മാർധാ വൈരമയം
വീഞ്ഞുവെടിഞ്ഞോരിൽ
ചിലരോ കൊല്ലും ഗൂഢം സോദരനെ (പെരുന്നാളുകൾ പേജ് 121)

ഈ വരികൾ, എല്ലാ അർത്ഥത്തിലും ഒരു ഒന്നാംതരം സാമൂഹിക വിമർശനമാണ്. ഇത് വാസ്തവത്തിൽ, യഥാർത്ഥ മനുഷ്യനെയും അവന്റെ ഇരട്ടത്താപ്പിനെയും പുറത്തുകൊണ്ടുവരുന്നു, അതിനാൽ, ഏതൊരു വ്യക്തിയുടെയും ദൈവസ്നേഹം, സഹജീവികളുമായുള്ള ഐക്യം, മറ്റുള്ളവരോടുള്ള ദയ, എന്നിവയാണ് മലങ്കര ആരാധനാപരമായ ആത്മീയതയനുസരിച്ചുള്ള നോമ്പാചരണത്തിന്റെ



മൂല്യം അളക്കുന്ന ഉരകല്ല്, സുവിശേഷ വായനയ്ക്ക് ശേഷം, പ്രധാന കാർമ്മികൻ ക്ഷമിക്കാൻ ആരാധനാസമൂഹത്തെ ഉദ്ബോധിപ്പിക്കുന്നു. എന്നിട്ട് അവരുടെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുകയും തന്നോട് ക്ഷമിക്കാൻ ആവശ്യപ്പെടുകയും അപേക്ഷിക്കുകയും ചെയ്യുന്നു. കാർമ്മികൻ ഇത് ഒന്നിനുപുറകെ ഒന്നായി മൂന്ന് തവണ ചെയ്യുന്നു. ഓരോ അഭ്യർത്ഥനയ്ക്കും സമൂഹം മറുപടിയായി മറുപടി നൽകുന്നു: 'പിതാവേ, ഞങ്ങൾക്ക് മോചനം നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.' (പെരുന്നാളുകൾ പേജ് 127). ഇതിനുശേഷം എല്ലാവരും എഴുന്നേറ്റ് പുരോഹിതന്റെ കൈകളിൽ ചുംബിക്കുകയും അവിടെ ഒത്തുകൂടിയ ഓരോരുത്തരും അപരന്റെ അടുത്തേക്ക് പോകുകയും പരസ്പരം ക്ഷമയുടെ അടയാളമായി സമാധാന ചുംബനം കൈമാറുകയും ചെയ്യുന്നു. അങ്ങനെ, അനുരഞ്ജനവും സ്നേഹത്തിൽ ഐക്യവും ഉള്ള ഒരു ശരീരത്തിലെ അംഗങ്ങളായാണ് നാം നോമ്പിലേക്ക് പ്രവേശിക്കുന്നത്. പുനരുത്ഥാനത്തിന്റെ സന്ദേശമായ സമാധാന കൈമാറ്റത്തിന്റെ ശുശ്രൂഷയോടെയാണ് നോമ്പുകാലം അവസാനിക്കുന്നത്..

വിശുദ്ധ കുർബാനയ്ക്ക് മുമ്പായി നടക്കുന്ന ഉയിർപ്പിന്റെ ശുശ്രൂഷക്കു ശേഷം, പ്രധാന കാർമ്മികൻ ആരാധകരുടെ മുഴുവൻ സമൂഹത്തിനും അവിടെ സന്നിഹിതരായ എല്ലാവർക്കും ശുബ്കോനോ ശുശ്രൂഷയിലെന്നപോലെ സമാധാന ചുംബനം നൽകുന്നു.

## നോമ്പുകാലം എന്താണ് ഉൾക്കൊള്ളുന്നത്?

സിറോമലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക നിയമാവലി (Particular Law - CPCSMCC) യുടെ 568 മുതൽ 574 വരെയുള്ള കാനോനകൾ സഭയിലെ നോമ്പിനെയും അതുമായി ബന്ധപ്പെട്ട ആചാരങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നു. CPCSMCC യുടെ കാനോന 568 പറയുന്നു, 'നോമ്പിന്റെയും പ്രായശ്ചിത്തത്തിന്റെയും ദിവസങ്ങൾ എല്ലാവരും പ്രാർത്ഥന, ഉപവാസം, വർജ്ജനം, ദാനധർമ്മം എന്നിവയുടെ ദിവസങ്ങളായി അനുഷ്ഠിക്കുന്നു. ആത്മശുദ്ധീകരണത്തിനും ആത്മീയ പോഷണത്തിനുമുള്ള പ്രത്യേക മാർഗങ്ങളായി ഇവ കണക്കാക്കപ്പെടുന്നു (പേജ് 12). വീട്ടിലിരുന്ന് പോലും ചെയ്യാൻ കടമയുള്ള ഏഴ് യാമങ്ങളിലുമുള്ള പ്രാർത്ഥന, നോമ്പുകാലത്ത് കൂടുതൽ കർശനമായ രൂപമെടുക്കുന്നു. നിശ്ചിത സമയത്ത് ഇടവക പള്ളിയിൽ നടക്കുന്ന യാമപ്രാർത്ഥനകളിൽ പങ്കെടുക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്നു.



## എന്താണ് നോമ്പുകാലം?

നോമ്പിലെ തിങ്കളാഴ്ച സന്ധ്യാ പ്രാർത്ഥനയുടെ സെദറായിൽ സഭ പ്രാർത്ഥിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതിങ്ങനെയാണ്: "നമ്മുടെ ആത്മാവിൽ നല്ല വിത്തുകൾ വിതയ്ക്കുന്ന ജാഗ്രതയുള്ള ശുശ്രൂഷകനാണ് നോമ്പ്. എല്ലാ രോഗങ്ങളെയും സുഖപ്പെടുത്തുന്ന വിദഗ്ദ ചികിത്സയോ തെറാപ്പിയോ ആണ് നോമ്പുകാലം. എല്ലാ തിന്മകളും പറിച്ചെടുക്കുകയും വിളകളിൽ നിന്ന് എല്ലാ തിന്മകളും നീക്കം ചെയ്യുകയും ചെയ്യുന്ന കർഷകൻ കൂടിയാണ് നോമ്പ്. നമ്മെ സ്വർഗത്തിലേക്ക് ഉയർത്തുന്ന അത്ഭുതകരമായ ഗോവണി കൂടിയാണ് നോമ്പുകാലം." (പേജ് 121) 'വിശുദ്ധ നോമ്പ് വിജയത്തിന്റെ അടയാളവും ദുഷ്ടന്മാർക്കെതിരായ അചഞ്ചലമായ ആയുധവുമാണ് (പേജ് 15) എന്ന വാചകം പ്രാർത്ഥനകളിൽ നിരവധി തവണ ആവർത്തിക്കുന്നു. തികഞ്ഞ നോമ്പ് സ്നേഹമാണ്, മറ്റൊന്നുമല്ല. സുവിശേഷത്തിന്റെ പഠിപ്പിക്കലുകളുടെ അടിസ്ഥാനത്തിൽ പ്രാർത്ഥന നമ്മെ ഓർമ്മിപ്പിക്കുന്നു: "നമ്മുടെ സഹോദരങ്ങളെയും അയൽക്കാരെയും നാം വെറുക്കരുത്. നാം നമ്മുടെ ശത്രുക്കളെയും നമ്മെ വെറുക്കുന്നവരെയും സ്നേഹിക്കണം. ഇതാണ് നമ്മുടെ കർത്താവ് നമ്മോടു കല്പിച്ചിട്ടുള്ള നോമ്പ്. (പേജ് 142) ജീവിതാന്വേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിവേകശാലികളായ പോരാളികൾ ധരിക്കുന്ന വലിയ ആയുധമായാണ് നോമ്പുകാലം വിഷേപിപ്പിക്കപ്പെടുന്നത്. അത് പറയുന്നു: "ഓ വിവേകമുള്ളവനേ, നീ നിത്യജീവൻ പ്രാപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അതിനായി ശക്തമായ നോമ്പെന്ന ആയുധം കൊണ്ട് നിങ്ങളെത്തന്നെ സജ്ജമാക്കുക." (പേജ് 145)

## നോമ്പുകാല മാതൃകകൾ

നോമ്പുകാലത്തെ പ്രാർത്ഥനയിൽ, ദൈവത്തെ പ്രീതിപ്പെടുത്തുന്ന നീതിമാന്മാരുടെയും പ്രവാചകന്മാരുടെയും വിശുദ്ധരുടെയും പുണ്യജീവിതം നോമ്പിന്റെ മാതൃകകളായി അവതരിപ്പിക്കുന്നു. (പേജ് 242) അവർ തങ്ങളുടെ ആത്മീയ ജീവിതത്തിലൂടെ ദൈവത്തെ പ്രസാദിപ്പിച്ചു, അവരുടെ ഗുണങ്ങളും ജീവിതരീതികളും പഴയനിയമത്തിൽ നോമ്പുകാലത്തിന്റെ സൂചനകളും ഉദാഹരണങ്ങളും ആയി കണക്കാക്കപ്പെടുന്നു. ഈ ആഖ്യാനം പഴയനിയമത്തിൽ ഹെനോക്കിൽ നിന്ന് ആരംഭിക്കുകയും നോമ്പെടുക്കുകയും പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്ത അപ്പോസ്തലന്മാരിൽ അവസാനിക്കു കയും ചെയ്യുന്നു. വ്യത്യസ്ത പതിപ്പുകളുള്ള മാതൃകകളുള്ള ഈ പട്ടിക മിക്കവാറും എല്ലാ ദിവസവും പ്രാർത്ഥനകളിൽ ആവർത്തിക്കുന്നു. ഈ ആളുകൾക്കെല്ലാം അവരുടെ നോമ്പിന്റെ ഫലമായി ഉണ്ടായ എന്തെങ്കിലും ഒരു നേട്ടമോ അനുഗ്രഹമോ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്.

## യേശു തന്റെ നോമ്പിലൂടെ നമ്മെ സ്വതന്ത്രരാക്കി

മലങ്കര ആരാധനാക്രമത്തിൽ നാം പ്രഖ്യാപിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്രപരവും രക്ഷാശാസ്ത്രപരവും (Soteriological) വശവും ഇതാണ്.

. നോമ്പുകാല പ്രാർത്ഥനകളിൽ സെറൂഗിലെ മോർ യാക്കോബിന്റെ മിക്കവാറും എല്ലാ ബോവൂസോകളും ആരംഭിക്കുന്നത് 'തന്റെ നോമ്പാൽ ഞങ്ങളെ സ്വതന്ത്രരാക്കിയ കർത്താവേ, ഞങ്ങളോട് കരുണയുണ്ടാകേണമേ' (പേജ് 92, 118, 137, 141, 143, 184, 188) എന്ന വരിയിലാണ്. മറ്റു അവസരങ്ങളിൽ വ്യത്യസ്തമായ രീതിയിലൂടെ ഇത് കൂടുതൽ വ്യക്തമാക്കുന്നു: 'തന്റെ നോമ്പാൽ തെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ച മിശിഹായേ, ഞങ്ങളുടെ നോമ്പ് കൈക്കൊണ്ടു ഞങ്ങളോട് കരുണ ചെയ്യണമേ." (പേജ് 191) അങ്ങനെ ക്രിസ്തു തന്റെ ഉപവാസത്തിലൂടെ നമ്മെ പാപങ്ങളിൽ നിന്ന് മോചിപ്പിച്ചു. നോമ്പെടുക്കുമ്പോൾ ഒരിക്കൽ കൂടി നാം ഈ രക്ഷയും സ്വാതന്ത്ര്യവും ആഘോഷിക്കുകയാണ്.



### നോമ്പുകാലം എങ്ങനെ ആചരിക്കാം?

ഒരു വിശ്വാസിയുടെ മുഴുവൻ ജീവിതത്തിലും ശാരീരിക അവയവങ്ങളിലും നോമ്പിന്റെ ചൈതന്യം എത്ര തീവ്രമായി വ്യാപിക്കുമെന്ന് ചൊവ്വാഴ്ച രാവിലെ ഇനിപ്പറയുന്ന സെദറായിൽ പ്രകടിപ്പിക്കുന്നു: 'നന്മയെ ദർശിക്കുന്ന നേത്രങ്ങളെയും ദിവ്യപ്രബോധനങ്ങളെ ശ്രദ്ധിക്കുന്ന ശ്രവണങ്ങളെയും നിന്റെ നിശ്വസനങ്ങളെ ഉൾകൊള്ളുന്ന ഘ്രാണത്തെയും നിരന്തരം നിന്റെ മഹത്വത്തെ കീർത്തിക്കുന്ന അധരങ്ങളെയും ദാനധർമ്മങ്ങൾക്കും സുകൃത പ്രവൃത്തികൾക്കുമായി ചരിക്കുന്ന കാൽകരങ്ങളെയും ഞങ്ങൾക്ക് നൽകണമേ." (പേജ് 129). വാസ്തവത്തിൽ, ഇത് മിസ്റ്റിസിസത്തിലേക്കുള്ള ക്ഷണവും തുടക്കവുമാണ്. വീണ്ടും, ബുധനാഴ്ച പ്രഭാതപ്രാർത്ഥനയുടെ സെദറായിൽ, നോമ്പുകാലം നമ്മുടെ ശരീരത്തെ സംരക്ഷിക്കുന്ന കവചമായി കണക്കാക്കപ്പെടുന്നു. അത് മരണത്തിനും നാശത്തിനും കാരണമാകുന്ന ഇന്ദ്രിയങ്ങളുടെ ആഗ്രഹങ്ങളെ മറികടക്കുന്നു. നോമ്പ് എങ്ങനെ ആചരിക്കണം എന്നതിനെക്കുറിച്ച് സംസാരിക്കുമ്പോൾ, നരവംശശാസ്ത്ര (Anthropology) ത്തിന്റെ എല്ലാ തലങ്ങളിലും ഇത് വീണ്ടും ആഴത്തിൽ പോകുന്നു. "കർത്താവേ, നോമ്പാകുന്ന പടച്ചട്ടയാൽ ഞങ്ങളുടെ ശരീരത്തെ കാത്തുകൊള്ളുവാനും മരണവും നാശവും വരുത്തുന്ന ഇന്ദ്രിയേച്ഛകളെ കീഴടക്കുവാനും ഞങ്ങൾക്ക് കൃപ നൽകണമേ. കർത്താവേ, ഞങ്ങളുടെ ശ്രവണത്തെ നിന്റെ തിരുവിഷ്ടം ചെവിക്കൊള്ളുന്നതിനും ഞങ്ങളുടെ ഘ്രാണത്തെ ദിവ്യനിശ്വാസം ഉൾക്കൊള്ളുന്നതിനും ഞങ്ങളുടെ കാഴ്ചയെ നിന്റെ അത്ഭുതങ്ങൾ ദർശിക്കുന്നതിനും, നാവു നിന്റെ മഹത്വത്തെ കീർത്തിക്കുന്നതിനും നിന്റെ തിരുവചനത്തിന്റെ മാധുര്യം ആസ്വദിക്കുന്നതിനും സ്പർശനശക്തി പുണ്യമാസക്തിയെ വർധിപ്പിക്കുന്നതിനും ഇടയാക്കണമേ. ഞങ്ങളുടെ ബോധത്തെ വിവേകപൂർവ്വവും ദിവ്യോപദേശാനുസാരവും നയിക്കുന്നതിനും ഞങ്ങളുടെ ഹൃദയത്തെ നിന്റെ സ്നേഹത്താൽ ബന്ധിക്കുവാനും ഞങ്ങളുടെ അറിവും ചിന്തയും മേലുള്ളവയെ കാംക്ഷിക്കുവാനും സ്വർഗീയമായവയെ ധ്യാനിക്കുവാനും കഴിവുറ്റതാക്കണമേ. നോമ്പാൽ നീ ആർജിച്ച വിജയത്തിന് ഞങ്ങളെയും അർഹരാക്കണമേ." (പേജ് 175) മലങ്കര ആരാധനാപരമായ ആത്മീയതയിലെ നോമ്പുകാല ആചരണം വിശ്വാസികളുടെ മുഴുവൻ ജീവിതത്തെയും മേഖലകളെയും ഉൾക്കൊള്ളുന്നു. നോമ്പിന്റെ ആന്തരികവും ആത്മീയവുമായ വശങ്ങൾ പ്രാർത്ഥനകളിൽ വളരെയധികം ഊന്നിപ്പറയുന്നു. 'വൈരാഗ്യത്തിൽ നിന്നൊഴിഞ്ഞ് ഹൃദയശുദ്ധിയോടെ നോമ്പനുഷ്ഠിക്കുന്നവന് ഭാഗ്യം. ഭക്ഷണത്തിൽനിന്നും തിന്മയിൽ നിന്നും ഒഴിഞ്ഞു യോഗ്യമായി നോമ്പനുഷ്ഠിക്കുന്നവൻ പ്രകാശമണവറയിൽ ആനന്ദിക്കുമെന്നു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു." (പേജ് 252) സ്നേഹത്തോടും ക്ഷമയോടും

കൂടിയാണ് നോമ്പ് ആരംഭിക്കുന്നത് എന്ന് നമ്മൾ തുടക്കത്തിൽ തന്നെ കണ്ടതാണ്. വിദ്വേഷമോ സ്നേഹമില്ലായ്മയോ നോമ്പിനും ഉപവാസത്തിനും അയോഗ്യതയാണ്. "നിങ്ങൾ ഉപവസിക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തിൽ നിങ്ങളുടെ സഹോദരനോടുള്ള വെറുപ്പ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക. നിങ്ങൾ ഉപവസിക്കുമ്പോൾ, നിങ്ങളെ വെറുക്കുന്നവരെ ശപിക്കരുത്, നിങ്ങളുടെ നോമ്പിന്റെ ദുർഗന്ധം രാജാവിന് അരോചകമാകാതിരിക്കാനും നിങ്ങളുടെ ഉപവാസം അവന് അസ്വീകാര്യമാകാനും ഇടയുണ്ട്." (പേജ് 166) ദാനധർമ്മങ്ങളും പങ്കുവയ്ക്കലും ഏതൊരു നോമ്പിനെയും അർത്ഥപൂർണ്ണവും കുറ്റമറ്റതുമാക്കുന്നു. വിശുദ്ധിയോടെ ഉപവസിക്കുകയും തന്റെ അപ്പം ദരിദ്രരുമായി പങ്കിടുകയും ചെയ്യുന്നവൻ ഭാഗ്യവാനാണ്. അവൻ കരുണാമയനായ കർത്താവിൽ നിന്ന് പ്രതിഫലം നേടുകയും സ്വർഗ്ഗരാജ്യം അവകാശമാക്കുകയും ചെയ്യും." (പേജ് 94) മാത്രവുമല്ല, 'നമ്മുടെ കർത്താവിന്റെ നോമ്പ് ആചരിക്കുന്നവൻ തൻറെ ചിന്തകളെ എല്ലാ ദുഷിച്ച മോഹങ്ങളിൽനിന്നും വേർപെടുത്തുകയും തന്റെ കണ്ണുകൾ ദൈവത്തിലേക്ക് തിരിക്കുകയും വേണം.' (പേജ് 95,96) യെശയ്യാ പ്രവാചകൻ 58: 114 ഉദ്ധരിച്ച് സഭ പ്രാർത്ഥിക്കുന്നു: "പ്രവാചകൻ വിശുദ്ധ നോമ്പിനെ ഉദ്ഘോഷിക്കുകയും അത് എങ്ങനെ പാലിക്കണമെന്ന് അതിന്റെ നടപടിക്രമങ്ങളെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്യുന്നു: നിങ്ങളുടെ വിധികളിൽ നിന്ന് വഞ്ചനയുടെ ബന്ധനങ്ങൾ പൊട്ടിക്കുക, നിങ്ങളുടെ അപ്പം ദരിദ്രർക്ക് പങ്കിടുക, അപരിചിതനെ നിങ്ങളുടെ വീട്ടിലേക്ക് സ്വീകരിക്കുക. നിങ്ങൾ അത് ചെയ്യുകയും തുടർന്ന് കർത്താവിനെ വിളിക്കുകയും ചെയ്യുമ്പോൾ, അവൻ നിങ്ങൾക്ക് ഉത്തരം നൽകുകയും തന്റെ അനുഗ്രഹങ്ങൾ നിങ്ങളുടെ മേൽ ചൊരിയുകയും ചെയ്യും." (പേജ് 101) നോമ്പ് ശരീരത്തിന് മാത്രമല്ല ബാധകമാണ്. ആത്മീയ ഉപവാസം എന്ന് വിളിക്കപ്പെടുന്നവയും ഉണ്ട്. ബുധനാഴ്ച രാവിലെ നാം ഇതുപോലെ പ്രാർത്ഥിക്കുന്നു: "ശരീരവും ആത്മാവും ഒരേസമയം ഉപവസിക്കുന്നത് അനുയോജ്യമാണ്. ശരീരം ആഹാരം ത്യജിക്കുമ്പോൾ ആത്മാവ് ദുർവിചാരങ്ങളിൽ നിന്ന് മുക്തമാകണം. ആഗ്രഹങ്ങളിൽ നിന്നും ദുഷിച്ച ചിന്തകളിൽ നിന്നും ആത്മാവ് ഉപവസിക്കാതിരിക്കുകയും ശരീരം മാത്രം ഭക്ഷണം ഒഴിവാക്കുകയും ചെയ്യുന്ന നോമ്പ് ഉപയോഗശൂന്യമാണ് മോശയുടെ നാല്പത് ദിവസത്തെ ഉപവാസത്തിൽ, അവന്റെ ശരീരം ഭക്ഷണത്തിൽ നിന്ന് മാത്രമല്ല, അവന്റെ ആത്മാവും എല്ലാ തിന്മകളിൽ നിന്നും മുക്തമായിരുന്നു." (പേജ് 176)

നോമ്പ് നാവിനും ബാധകമാണ്. നാവിനെ നിയന്ത്രിക്കുക, കുശുകുശുപ്പിൽ നിന്ന് അകലം പാലിക്കുക എന്നിവയാണ് നോമ്പിന്റെ മറ്റൊരു പ്രധാന വശം. അതുകൊണ്ടാണ് നാം വ്യാഴാഴ്ച ഇങ്ങനെ പ്രാർത്ഥിക്കുന്നത്: 'കർത്താവേ, ഞങ്ങളുടെ നോമ്പ് കുറ്റം കൂടാത്തതും ഞങ്ങൾ കുറ്റമറ്റവരുമായിരിപ്പാൻ തക്കവണ്ണം ഞങ്ങളുടെ നാവു കുറ്റങ്ങളിൽനിന്നൊഴിഞ്ഞും, ഞങ്ങളുടെ സഹോദരങ്ങളുടെ കുറവുകൾ പരസ്യമാക്കാതെയും ഞങ്ങൾ നോമ്പാചരിക്കുമാറാകണമേ.' അത് മാത്രമല്ല "നിന്റെ വായ് ഭക്ഷണത്തിൽനിന്നും നിന്റെ നാവു അന്യായത്തിൽനിന്നും ഒഴിഞ്ഞു യഥാർത്ഥമായി ഉപവസിക്കണം. നിന്റെ നോമ്പ് നിനക്ക് കുറ്റകരമായിത്തീരാതിരിക്കാൻ നിന്റെ നാവിനെ നോമ്പോടുകൂടെ സംയമനം ചെയ്യുക.' (പേജ് 222) നീതി പുലർത്തുകയും പാവപ്പെട്ടവരെ പരിപാലിക്കുകയും ചെയ്യുക എന്നത് നോമ്പിന്റെ അനിവാര്യ വശമാണ്. വ്യാഴാഴ്ച ഉച്ച പ്രാർത്ഥനയിൽ സഭ പ്രാർത്ഥിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. "നോമ്പുകാരാ, നീ ദരിദ്രനെ വിളിക്കുകയും അവനു ഭക്ഷണം നൽകുകയും ചെയ്യുക. അവൻ വരാൻ കാത്തിരിക്കാതെ നീ അവന്റെ പിന്നാലെ പോയി അവന്റെ വിശപ്പ് ശമിപ്പിക്കുക. നിലങ്ങൾ കൃഷിക്കാരുടെ പിന്നാലെ പോയിട്ടല്ല, കൃഷിക്കാർ തന്നെ വിത്തുമായി വിതക്കാൻ പുറപ്പെടുന്ന ചെയ്യുന്നത്... ദരിദ്രൻ വന്നു മുട്ടുമ്പോൾ കർത്താവ് നിന്നെ പുലർത്തിക്കൊള്ളും എന്ന്



നീ പറയരുത്. അങ്ങനെ പറഞ്ഞാൽ ആ വചനം വ്യർത്ഥവും പ്രതിഫലമില്ലാത്തതുമായിരിക്കും. എന്നാൽ നീ ഭക്ഷണം കൊടുത്തുകൊണ്ട് ആ വചനം പറഞ്ഞാൽ അത് നിനക്ക് ദോഷമല്ല' (പേജ് 238

### നോമ്പിൽ നിന്നുള്ള ഫലങ്ങൾ അല്ലെങ്കിൽ നേട്ടങ്ങൾ

നോമ്പുകാലം ആചരിക്കുന്നവർക്ക് ശ്രേഷ്ഠമായ സൗന്ദര്യം കൈവരുന്നു. മലങ്കര പാരമ്പര്യത്തിൽ നോമ്പനുഷ്ഠിക്കുന്നതു ദൈവത്തോടൊപ്പം ഒരു നിഗൂഢ ജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള ക്ഷണമാണ്. പ്രാർത്ഥനയുടെ മിക്കവാറും എല്ലാ യാമങ്ങളിലും പ്രത്യക്ഷപ്പെടുന്ന ഏറ്റവും കൂടുതൽ ഉദ്ധരിക്കപ്പെടുന്ന ഉദാഹരണം സീനായ് പർവതത്തിലെ സൂര്യനെപ്പോലെ മിന്നുന്ന മോശയുടെ മുഖമാണ്. സഭയുടെ ഇന്നത്തെ ജീവിതത്തിൽ നോമ്പിന്റെ ആത്മീയ നേട്ടങ്ങൾ ചൊവ്വാഴ്ച രാവിലെ പ്രാർത്ഥനയിൽ വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നു: 'രാജാധിരാജനും രാജകിരീടങ്ങൾ മുടയുന്നവനുമേ, നോമ്പാകുന്ന പുലമാലിയിൽ നിന്റെ കുഞ്ഞാടുകൾ മേഞ്ഞ് ആത്മീയമായി പുഷ്ടി പ്രാപിക്കുകയും വിശുദ്ധിയിൽ ആനന്ദിക്കുകയും തേജസിൽ നയിക്കപ്പെടുകയും നിർമ്മലതയിൽ സംരക്ഷിക്കപ്പെടുകയും ചെയ്യുമാറാകണമേ.' (പേജ് 127,128) ചൊവ്വാഴ്ച ഉച്ച നമസ്കാരത്തിൽ ഉപവാസത്തിൽ ഏർപ്പെടുന്നവരുടെ ഭാഗ്യം പരാമർശിക്കപ്പെടുന്നു. "പ്രകാശം ഉദിക്കുന്ന പ്രഭാതത്തിൽ നോമ്പുകാർക്കു വലിയ ഭാഗ്യം. അവർ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിക്കുന്നു. അവരുടെ ചിന്തയുടെയും പ്രവൃത്തിയുടെയും ഫലത്തിൽ അവർ സന്തോഷിച്ചാനന്ദിക്കുന്നു.' (പേജ് 140) നോമ്പ് ആചരിക്കുമ്പോൾ നമ്മൾ എന്താണ് ലക്ഷ്യമിടുന്നത്? ബുധനാഴ്ച സന്ധ്യാ പ്രാർത്ഥനയുടെ സെദറായിൽ, നാം ഇതുപോലെ പ്രാർത്ഥിക്കുന്നു: 'ആർദ്രചിത്തനായ നാഥാ, ഈ വിശുദ്ധ ദിവസങ്ങളിൽ പരിത്യാഗത്തിലും പ്രാർത്ഥനയിലും വിശുദ്ധിയിലും നിഷ്ഠയോടെ ജീവിച്ച് പുണ്യത്തിൽ അഭ്യസനം നേടുകയും ആന്തരികമായി പുണ്യപദവിയിൽ വളരുകയും ചെയ്യുവാൻ ഞങ്ങൾക്ക് ഇടയാക്കണമേ. ദുർവികാരങ്ങളെയെല്ലാം ഞങ്ങൾ കീഴ്പ്പെടുത്തുകയും നീതിയിൽ പരിശോഭിക്കുകയും ദിവ്യോപദേശങ്ങളിൽ സുസ്ഥിരമായി ശത്രുവായ സാത്താനെ വിജയിക്കുകയും ചെയ്യുമാറാകണമേ. ഞങ്ങൾ ആത്മശരീരങ്ങളുടെ എല്ലാവിധ രോഗങ്ങളിൽനിന്നും വിമുക്തരായി പുണ്യകൃത്യങ്ങളിൽ ഉണർവുള്ള വരായി, തിരുവിഷ്ടം സദാ നിവർത്തിച്ചുകൊണ്ടു ഞങ്ങളുടെ ഓട്ടം പൂർത്തിയാക്കുവാനും വിജയകിരീടം പ്രാപിക്കുവാനും ഇടയാകണമേ." (പേജ് 147) നോമ്പിന്റെ ഫലങ്ങൾ അനവധിയാണ്. നോമ്പാൽ കടങ്ങൾ ക്ഷമിക്കപ്പെടുകയും പാപങ്ങൾ മായിക്കപ്പെടുകയും ചെയ്യുന്നു. നോമ്പാൽ മാലിന്യങ്ങൾ തുടയ്ക്കപ്പെടുകയും ആത്മാവ് വെണ്മയാവുകയും ആത്മീയ ചിറകുകൾ ഉണ്ടായി വരികയും ചെയ്യുന്നു." (പേജ് 252)

### ദുരാഗ്രഹവും നോമ്പും

നോമ്പിന്റെ ആചരണത്തിലൂടെ നമ്മുടെ കർത്താവ് കാണിച്ചുതന്നതും, അങ്ങനെ സഭയെ ആചരിക്കാൻ പഠിപ്പിച്ചതും, നമ്മുടെ പിതാവായ ആദാമിന്റെ ഭോജനപ്രിയത്തിനുള്ള പരിഹാരമാണ് നോമ്പ് എന്നതാണ് (പേജ് 11). എന്നിരുന്നാലും, ധനത്തിന്റെയും സമ്പത്തിന്റെയും കാര്യം കണക്കാക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകുന്നു. പ്രാർത്ഥന ഇങ്ങനെ പോകുന്നു: "ഈ ലോകത്തോട് സ്വയം ബന്ധിക്കുന്നവന് ദുരിതം. എന്തെന്നാൽ അത് ഒരിക്കലും വിഛേദിക്കാൻ കഴിയാത്ത വലിയ ബന്ധനമാകുന്നു. ഈ ലോകത്തെ സ്നേഹിക്കുന്നവന് സുകൃതവാനായിരിക്കുക സാദ്ധ്യമല്ല. അത് ഏറ്റം ആകർഷകമാക്കുന്നു. എങ്കിലും അതിനെ





ദർശിക്കുന്നവനെ അത് വഴി തെറ്റിക്കുന്നു. ഉത്സാഹിയായ വ്യാപാരിയെപ്പോലെ വാഗ്ദത്തം ചെയ്യപ്പെട്ട നിത്യജീവനെ സമ്പാദിക്കുന്നവൻ ഭാഗ്യവാനാകുന്നു." (പേജ് 210)

വ്യാഴാഴ്ച രാത്രി പ്രാർത്ഥനയിലെ പ്രാർത്ഥന കേൾക്കുന്നത് ശരിക്കും വെളിപ്പെടുത്തുന്നു: 'പൊന്നിനും വെള്ളിക്കും വായുണ്ടായിരുന്നുവെങ്കിൽ അതാർജിക്കുന്നവരോട് അത് ഇപ്രകാരം പറയുമായിരുന്നു. എന്നെ നിങ്ങൾ സമീപിക്കരുത്. എന്തെന്നാൽ അനാഥരിൽനിന്നും അഗതികളിൽനിന്നും വിധവകളിൽനിന്നും ദരിദ്രരുടെ വയലുകളിൽനിന്നും നിങ്ങൾ എന്നെ അപഹരിച്ചിരിക്കുന്നു. മരണം വന്നു നിങ്ങളെ കൂട്ടിക്കൊണ്ടുപോകുമ്പോൾ നിങ്ങൾക്കു ഹാ കഷ്ടം. ഞാനോ ഇവിടെ തന്നെ അവശേഷിക്കുന്നു. നിങ്ങൾക്കോ ന്യായവിധിയും കെടാത്ത അഗ്നിയും സൂക്ഷിക്കപ്പെട്ടിരിക്കുന്നു." (പേജ് 214) ലൗകിക സമ്പാദ്യം മരണകരമായ കനിയാകുന്നു.. ഈ ലോകത്ത് ഒന്നും സംരക്ഷിക്കാത്തവർ ഈ പഴം രുചിക്കില്ല. "സമ്പത്ത് ഒരു ഭാരമാണ്. അതൊരു ചങ്ങലയും ചങ്ങലയുമാണ്. തന്റെ ആത്മാവിനെ ദൈവത്തിൽ ലയിപ്പിക്കുന്നവനാണ് യഥാർത്ഥ സമ്പത്തുള്ളത്. (പേജ് 276) ഈ ലയനത്തിനുള്ള ശ്രമമല്ലാതെ മറ്റൊന്നുമല്ല നോമ്പ്. ജീവിതത്തിന്റെ തുറമുഖത്ത് എത്തുമ്പോൾ നോമ്പിന്റെ അവസാനത്തിലാണ് ഈ ലയനം സംഭവിക്കുന്നത്.

## ഉപസംഹാരം

നാൽപ്പത് ദിവസത്തെ നോമ്പിന്റെ അവസാനത്തിലും വിശുദ്ധവാരത്തിന്റെ തുടക്കത്തിലും മലങ്കര സഭയിൽ പീഡാനുഭവവാരത്തോടനുബന്ധിച്ചു പ്രത്യേക ആരാധനാക്രമമുണ്ട്. ജീവൽതുറമുഖപ്രാപ്തി (വാദേ ദൽമീനോ എന്നാണ് ഇത് അറിയപ്പെടുന്നത്. (പേജ് 14) കൊടുങ്കാറ്റും ഇടിമുഴക്കവും നിറഞ്ഞ ജീവിത കടലിലൂടെയുള്ള യാത്രയായിരുന്നു വിശുദ്ധ നോമ്പുകാലം. എന്നിരുന്നാലും, നോമ്പിന്റെ കർശനവും വിശ്വസ്തവുമായ ആചരണത്തിലൂടെ വിശ്വാസികൾക്ക് രക്ഷയുടെ തുറമുഖം തീരത്ത് (ഗോൾഗോഥ) എത്തിച്ചേരാൻ കഴിഞ്ഞു, അവിടെ പെസഹാ രഹസ്യങ്ങളുടെ ആഘോഷം, അതായത് യേശുക്രിസ്തുവിന്റെ പീഡാസഹനം, മരണ സംസ്കാരം, പുനരുത്ഥാനം എന്നിവ നടക്കുന്നു. ഒരു മലങ്കരക്കാരന്റെ നോമ്പുകാലം ജീവന്റെ തുറമുഖത്തിലേക്കുള്ള ഒരു തീർത്ഥാടനമാണ്, യാത്ര വളരെ കഠിനവും മടുപ്പുളവാക്കുന്നതുമാണ്. ഹൃദയശുദ്ധി, ക്ഷമയും സഹജീവികളുമായുള്ള ഇണക്കവും, ദൈവത്തോടുള്ള സ്നേഹവും അപരനോടുള്ള സ്നേഹവും, ദാനധർമ്മം, ദൃഢമായ പ്രാർത്ഥന, നീതി, ദരിദ്രരെയും വിശക്കുന്നവരെയും പരിപാലിക്കുക, തുടങ്ങി വിവിധ ഘടകങ്ങളാണ് നമ്മുടെ നോമ്പിനെ അർത്ഥപൂർണ്ണവും യോഗ്യവുമാക്കുന്നത്.





**Rev. Fr. Aji Varghese**
St. Paul & St. Peter
Syro Malankara Catholic
Church, Niagara Region

# Our Lenten Journey: Faith, Understanding and Worship

## Introduction

As we journey through Lent, this sacred season offers us a profound opportunity for self-reflection, spiritual growth, and a deeper understanding of our relationship with Christ. Lent is not solely about sacrifices and good deeds; it's a period for us to align our hearts and actions with the teachings and sacrifice of Jesus Christ. This journey is a call to explore how we can more fully embody Christ's love and teachings in our daily lives.

## Unity with Christ's Sacrifice

While our Lenten sacrifices may seem small compared to the monumental sacrifice of Christ on the cross, they are significant expressions of our love for and unity with Him. Romans 5:6-8 reminds us of the profound nature of Christ's sacrifice: "Indeed, rarely will anyone die for a righteous person—though perhaps for a good person someone might actually dare to die. But God proves his love for us in that while we still were sinners Christ died for us." Our Lenten practices are ways we can symbolically share in Christ's suffering and love, acknowledging His immense sacrifice for our salvation.

## Faith in Christ and His Mission

The essence of our Lenten journey is also to strengthen our faith in Jesus and His mission. In John 6:28-29, the disciples ask, "What must we do to perform the works of God?" Jesus replies, "This is the work of God, that you believe in him whom he has sent." This dialogue shows the importance of faith in Christ and His teachings as the cornerstone of Christian life. Lent is a time to renew our commitment to living out the teachings of Jesus, embracing His message of love, mercy, and forgiveness.

## Overcoming Temptation

The Lenten season also reminds us of Jesus' time in the wilderness, facing and overcoming temptation. This narrative, captured in Matthew 4:4, teaches us about the strength and clarity we can find in God's word: "One does not live by bread alone, but by every word that comes from the mouth of God." This passage encourages us to rely not on worldly sustenance but on the nourishing power of God's word and presence in our lives. Lent is an ideal time to focus on spiritual sustenance, seeking guidance and strength in scripture and prayer.

## Understanding and Doing God's Will

Lent calls us to deeper discernment and execution of God's will. Amidst our daily routines and the various challenges, we encounter, Lent provides a focused time to reflect on how we can align our actions with God's desires for us. It's a period to seek understanding about what it means to truly live a life that is pleasing to God, following Jesus' example of obedience, service, and love.

## True Worship of God

Understanding and worshiping the one true God is a pivotal aspect of our Lenten observance. This is evident in Jesus' reply to Satan in Matthew 4, where He emphasizes that we should worship God alone. God placed us in this world as His beloved people and wants us to worship Him only. Psalm 8:5-6 articulates this beautifully: "Yet you have made them a little lower than God, and crowned them with glory and honor." This scripture invites us to ponder our place in God's creation and our responsibility to honor Him through our actions and choices. Lenten observances, as practiced by Jesus, should lead us to a greater appreciation of our role as stewards of God's creation and ambassadors of His love.

## Conclusion

Our Lenten journey is more than a tradition; it is a transformative experience that invites us to deepen our faith, commitment, and understanding of God's love. As we continue to walk this path, let us embrace the lessons of this season with open hearts, allowing them to shape our lives in the image of Christ's teachings. May our Lenten practices strengthen our resolve to live out our faith more fully, drawing us closer to God and to the essence of what it means to be a follower of Christ. I wish you a meaningful Lent this year, and may the observance of Passion Week and the celebration of Easter bring you glory, honor, and peace in this world with the Resurrected Jesus.







**ജോസഫ് ജോർജ്**
ബഹ്റൈൻ

# അവധിയില്ലാത്ത ആത്മീയ ജീവിതം

**ഒരു** ദിവസം ദൈവപുത്രൻമാർ കർത്താവിന്റെ സന്നിധിയിൽ ഒത്ത് കൂടിയപ്പോൾ സാത്താനും അവിടെ വന്നത് കണ്ട് കർത്താവ് ചോദിക്കുന്നു നീ എവിടെ നിന്ന് വരുന്നു എന്ന ചോദ്യത്തിന് സാത്താന്റെ മറുപടി ഞാൻ ഭൂമിയിലാകെ ചുറ്റി സഞ്ചരിച്ചിട്ട് വരികയാണ്. അപ്പൊൾ കർത്താവ് സാത്താനോട് വീണ്ടും ഒരു ചോദ്യം ഉന്നയിക്കുന്നു. എന്റെ ദാസനായ ജോബിനെ നീ ശ്രദ്ധിച്ചോ? അവനെപ്പോലെ നീതിമാനും സത്യസന്ധനും, നിഷ്കളങ്കനും, ദൈവത്തെ ഭയപ്പടുന്നുവനും തിന്മയിൽ നിന്നകന്ന് ജീവിക്കുന്നവനും ആയി ഭൂമുഖത്ത് ആരെങ്കിലും ഉണ്ടോ എന്ന ചോദ്യത്തിന് മറുപടിയായി സാത്താൻ നൽകിയ ഉത്തരമാണ് 'അങ്ങ് അവനും അവന്റെ ഭവനത്തിനും സമ്പത്തിനും ചുറ്റും വേലി കെട്ടി സുരക്ഷിതത്വം നൽകി. അവന്റെ പ്രവർത്തികളെ അനുഗ്രഹിച്ചു. അവന്റെ സമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്തു.' (ജോബ് 1:10). പഴയ നിയമ ചരിത്രത്തിൽ ഊസ് ദേശത്ത്, തിന്മയിൽ നിന്നകന്ന്, ദൈവ ഭക്തനായി ജീവിച്ച നിഷ്കളങ്കനും നീതിനിഷ്ഠനുമായി ജീവിച്ച അവിധിയില്ലാത്ത ആത്മീയതയുടെ പ്രതി രൂപമായിരുന്നു നീതിമാനായ ജോബ്.

പൗരസ്ത്യ ദേശത്തെ ഏറ്റവും വലിയ സമ്പന്നനായിരുന്ന ജോബ് തന്റെ സമ്പത്തിന്റെയും സമൃദ്ധിയുടെയും നടുവിൽ കർത്താവിനോട് ചേർന്നു നിന്ന

നീതിമാനായ പ്രവാചകനായി രുന്നു. തന്റെ പുത്രന്മാർ നിശ്ചിത ദിവസങ്ങളിൽ വിരുന്ന് സത്കാരം നടത്തുമ്പോൾ അത് കഴിഞ്ഞ് തന്റെ പുത്രന്മാർ പാപം ചെയ്ത് ദൈവത്തിന്റെ അപ്രീതിക്ക് കാരണമായിട്ടുണ്ടാവാം എന്ന് വിചാരിച്ചു തന്റെ മക്കളെ വിളിച്ച് വരുത്തി ശുദ്ധീകരിച്ച്, അതിരാവിലെ എഴുന്നേറ്റ് ഓരോ പുത്രന്മാർക്ക് വേണ്ടിയും ദഹന ബലി അർപ്പിക്കുന്ന ഒരു മാതൃക പിതാവ്.

ഇന്നിന്റെ ആധുനിക കാലഘട്ടത്തിൽ മക്കളെ ജനിപ്പിച്ച് ദൈവ മക്കളായി വളർത്തുന്നതിന് പകരം തന്റെ ജീവിതത്തിന്റെ സാമ്പദ്യം മുഴുവൻ മക്കളുടെ സുഖ സൗകര്യങ്ങൾക്കും ഉന്നത പഠനത്തിനും, ഉന്നമനത്തിനുമായി സ്വജീവിതം ഹോമിച്ചു തീർക്കുന്ന അപ്പന്മാർക്ക് അപവാദമായി തന്റെ മക്കളുടെ പാപ അവസ്ഥയിൽ നിന്ന് ശുദ്ധീകരിക്കാൻ വേണ്ടി ദഹന ബലി നടത്തുന്ന ഒരു മാതൃക പിതാവ് ആണ് ജോബ്. തന്റെ മക്കൾക്ക് വേണ്ടി ദൈവത്തോട് ചേർന്ന് നിന്ന് പ്രാർത്ഥിക്കുന്ന ഒരു നീതിമാൻ.

പക്ഷേ കർത്താവ് അവനെ വീണ്ടും ശോധന ചെയ്യുവാൻ തീരുമാനിച്ചു. അതിൻ പ്രകാരം സാത്താൻ ഒരു ബുദ്ധി കർത്താവിന് പറഞ്ഞ് കൊടുക്കുന്നുണ്ട്. അവന്റെ സമ്പത്തിൻമേൽ കൈ വച്ചാൽ അവൻ അങ്ങയെ ദുഷിക്കുന്നത് കാണാം എന്ന്. അപ്പൊൾ കർത്താവ് സാത്തനോട് പറഞ്ഞു. അവനുള്ള സകലത്തിൻമേലും ഞാൻ നിനക്ക് അധികാരം നൽകുന്നു. എന്നാൽ അവനെ മാത്രം ഉപദ്രവിക്കരുത്. നാം ദൈവത്തോട് ചേർന്നിരിക്കിന്നുടത്തോളം കാലം ദൈവം നമ്മോടും ചെർന്നിരിക്കും എന്ന വാഗ്ദത്തിന്റെ അടയാളമാണ് അവനെ മാത്രം ഉപദ്രവിക്കരുത് എന്നുള്ള കല്പന. ഒറ്റ ദിവസം കൊണ്ട് തന്റെ സമ്പത്ത് നശിപ്പിക്കപ്പെടുകയും അപഹരിക്കപ്പെടുകയും ചെയ്തതിനോടോപ്പം തന്റെ പുത്രന്മാരും പുത്രിമാരും മരിച്ച് വീണ് എന്നറിഞ്ഞപ്പോൾ ജോബ് കർത്തവിനെതിരെ പിറുപിറുക്കന്നതിന് പകരം സാഷ്ടാംഗം വീണു നമസ്കരിച്ച് ഇപ്രകാരം പറഞ്ഞു. അമ്മയുടെ ഉദരത്തിൽ നിന്ന് നഗ്നനായി ഞാൻ വന്നു. നഗ്നനായി തന്നെ ഞാൻ പിൻവാങ്ങും. കർത്താവ് തന്നു, കർത്താവ് എടുത്തു, കർത്താവിന്റെ നാമം മഹത്വപ്പെടട്ടേ എന്ന്. ഇന്ന് നമ്മുടെ ജീവിതത്തിൽ ഇത് പോലെ പ്രതിസന്ധികളും, തകർച്ചകളും ഉണ്ടാവുമ്പോൾ ജോബിനെ പോലെ നമ്മളിൽ എത്ര പേർക്ക് ഇങ്ങനെ പറയാൻ സാധിക്കും? ജോബിനെ പോലെ പാപം ചെയ്യതെയോ ദൈവത്തെ ദുഷിക്കുകയോ ചെയ്യാതെ ഇരിക്കാൻ ഇന്ന് നമുക്ക് എത്ര പേർക്ക് സാധിക്കും എന്നത് ഒരു ചോദ്യ ചിഹ്നമായി നമ്മുടേ ഓരോരുത്തരുടെയും ആത്മീയ ജീവിതത്തിൽ അവശേഷിക്കുന്നു. വീണ്ടും സാത്താൻ ജോബിന്റെ വിശ്വാസത്തെ പരീക്ഷിക്കാൻ വേണ്ടി കർതൃ സന്നിധിയിൽ ചെന്ന് പറയുന്നു അങ്ങ് അവന്റെ അസ്ഥിയിലും മാംസത്തിലും കൈ വയ്ക്കുക, അപ്പൊൾ അവൻ അങ്ങയെ ദുഷിക്കും. അപ്പൊൾ കർത്താവ് അരുളി ചെയ്തു. ഇതാ അവനെ നിനക്ക് വിട്ടു തരുന്നു. അവന്റെ ജീവനിൽ മാത്രം കൈ വയ്ക്കരുത്. ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ട കാര്യം ജീവന്റെ ദാതാവായ



കർത്താവിന് മാത്രമേ നമ്മുടെ ജീവന് മേൽ അവകാശമുള്ളൂ. കർത്താവ് ദാനമായി നൽകിയ ജീവനെ അവിടുന്ന് സഹനങ്ങൾ നൽകുമ്പോൾ നശിപ്പിക്കാൻ നമുക്കോ, സാത്താനോ അവകാശമില്ല. കാരണം അത്രയ്ക്കും കരുണയും കരുതലുമാണ് കർത്താവ് നമ്മുടെ ജീവന് മേൽ കൽപ്പിച്ച് അനുഗ്രഹിച്ച് തന്നിരിക്കുന്നത്. സാത്താൻ കർത്താവിന്റെ സന്നിധി വിട്ട് ജോബിന്റെ അടുത്ത് പോയി അവന്റെ ശരീരത്തെ അടി മുതൽ മുടി വരെ വ്രണങ്ങൾ കൊണ്ട് നിറച്ചു. എന്നിട്ടും ദൈവ നാമം മഹത്വപ്പെടുത്തി കൊണ്ട് ചാരത്തിൽ ഇരുന്ന് ഓട്ട് കഷണം കൊണ്ട് ശരീരം ചുരണ്ടി കൊണ്ടിരുന്നപ്പോൾ ജോബിന്റെ ഭാര്യ പറഞ്ഞു. ഇനിയും ദൈവ ഭക്തിയിൽ ഉറച്ച് നിൽക്കുന്നോ? ദൈവത്തെ ശപിച്ചിട്ട് മരിക്കുക എന്ന് പറയുമ്പോൾ ജോബ് അവളോട് മറുപടി പറഞ്ഞു ദൈവ കരങ്ങളിൽ നിന്ന് നന്മ സ്വീകരിച്ച നാം തിന്മ സ്വീകരിക്കാൻ

മടിക്കുകയോ? ജോബിന്റെ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം ആണ് ഈ മറുപടിയിൽ കൂടി വ്യക്തമാകുന്നത്. ഇന്നിന്റെ കാലഘട്ടത്തിൽ നമ്മുടെ ജീവിതത്തിൽ രോഗങ്ങളും പീഡകളും വരുമ്പോൾ ദൈവ വിശ്വാസം ഉപേക്ഷിച്ച് പോകുന്നവർക്കുള്ള ശക്തമായ താക്കീതാണ് ഈ മറുപടിയിൽ കൂടി ജോബ് തരുന്നത് എന്ന ബോധ്യം നമ്മളിൽ എല്ലാവരിലും ഉണ്ടാകേണ്ടിയിരിക്കുന്നു. പിന്നീട് ജോബിന്റെ മൂന്ന് സ്നേഹിതൻമാർ വന്ന് ജോബിനോട് സഹതാപം പ്രകടിപ്പിക്കുകയും ഒളിഞ്ഞും തെളിഞ്ഞും ദൈവ വിശ്വാസം ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുമ്പോൾ അതിലൊന്നും വശംവദനാകാതെ ദൈവ കാരുണ്യത്തിൽ അടിയുറച്ച് വിശ്വസിച്ച്, തനിക്ക് നേരിട്ട രോഗങ്ങളും ദുരിതങ്ങളും ദൈവ നാമ മഹത്വത്തിനായി സമർപ്പിക്കുന്ന ഒരാളായിട്ടാണ് നാം ജോബിനെ ഉടനീളം കാണുന്നത്. സഹന ജീവിതത്തിന്റെ അവസാനം ദൈവം ജോബിനോടു സംസാരിക്കുമ്പോൾ ജോബ് കർത്താവിന് കൊടുക്കുന്ന മറുപടി വളരെ ശ്രദ്ധേയമാണ്. അങ്ങയെ കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാല് ഇപ്പൊൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു. മനുഷ്യൻ ദൈവത്തെ കണ്ടു മുട്ടുന്ന അത്യപൂർവ്വ നിമിഷങ്ങൾ. ജോബിനെ പോലെ നമ്മളിൽ എത്ര പേർക്ക് നമ്മുടെ സഹനത്തിലും രോഗത്തിലും ദൈവത്തെ കണ്ട് മുട്ടാൻ സാധിക്കുന്നു എന്ന് ആത്മ ശോധനയുടെ സമയമാണിന്ന്. അങ്ങനെ ദൈവത്തെ കുറിച്ച് കേട്ടറിവ് മാത്രമുള്ള നമ്മൾ യഥാർത്ഥ ദൈവത്തെ കണ്ട് മുട്ടുന്നുത് നമ്മുടെ സഹനങ്ങളിൽ കൂടിയാണ്. അവിടെയാണ് നമ്മുടെ നോമ്പ് ജീവിതം പൂർണമാകുന്നത് എന്ന ബോധ്യം എന്ന് നമ്മളിൽ ഉടലെടുക്കുന്നുവോ അന്ന് നമ്മൾ ദൈവത്തെ മുഖാമുഖം ദർശിക്കുന്ന ദൈവ മക്കളായി തീരുന്നു.

പരിശുദ്ധ വലിയ നോമ്പിലൂടെ നാം കടന്നു പോകുമ്പോൾ ജോബിന്റെ സഹന ജീവിതം നാമേവർക്കും വലിയ ഒരു ബോധ്യം നൽകുന്നുണ്ട്. നോമ്പ് ലൗകീക ജീവിതങ്ങളുടെ ഉപേക്ഷിക്കലിന്റെ കാലഘട്ടം കൂടിയാണ്. നമുക്ക് ഉള്ളവയെല്ലാം നഷ്ടപ്പെടുമ്പോൾ ദൈവം തന്നു, ദൈവം എടുത്തു, ദൈവ നാമം മഹത്വപ്പെടട്ടേ എന്ന് നോമ്പിലുടനീളം ജോബിനെ പോലെ നമുക്ക് പറയുവാനും പ്രവർത്തിക്കാനും സാധിക്കുമെങ്കിൽ ഉയിർപ്പിന്റെ പ്രത്യാശയിലേക്ക് നാം കടക്കും. ഫലമോ ജോബിന് നഷ്ടപ്പെട്ട സമ്പത്തും, പ്രതാപവും, ഐശ്വര്യവും പതിൻ മടങ്ങായി തിരികെ ലഭിച്ച്, ശേഷിച്ച ജീവിതം മുൻപിലത്തേതിനേക്കാൾ ധന്യമായത് പോലെ നമ്മുടെ നോമ്പാനാന്തര ജീവിതവും ധന്യമാകും. ജോബിന്റെ പുത്രിമാരെ പ്പോലെ സുന്ദരിമാരായ സ്ത്രീകൾ ആ ദേശത്തെങ്ങും ഉണ്ടായിരുന്നില്ല. മൂത്തവൾ സമാധാനത്തിന്റെയും രക്ഷയുടെയും പ്രതീകമായ പ്രാവ് എന്ന് അർത്ഥം വരുന്ന ജമീമ, രണ്ടാമത്തെയവൾ സുഗന്ധം പരത്തുന്ന എന്നർത്ഥം വരുന്ന കെസിയ, മൂന്നാമത്തെയവൾ സൗന്ദര്യത്തിന്റെ കൊമ്പുള്ളവൾ എന്നർത്ഥം വരുന്ന കേരൻഹാപ്പുക. നമ്മുടെയും നോമ്പാനന്തര ജീവിതം ഉയിർപ്പിന്റെ പ്രത്യാശയിൽ, സമാധാനത്തിന്റെയും, രക്ഷയുടെയും സുഗന്ധം പരത്തി സൗന്ദര്യത്തിന്റെ കൊമ്പുള്ളവരായിത്തീരട്ടേ എന്ന് ആഗ്രഹിക്കാം, പരിശ്രമിക്കാം, പ്രതീക്ഷിക്കാം.

പരിശുദ്ധ നോമ്പ് കാലഘട്ടത്തിൽ ഹൃദയത്തിന്മേൽ ദൈവത്തിന്റെ കയ്യൊപ്പ് ഉള്ള ജോബിനെ പോലെ ഏറ്റവും ശ്രേഷ്ഠമായി, ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ദൈവാശ്രയത്വ ബോധവും കൈ വരിക്കുവാൻ നമുക്കേവർക്കും സാധിക്കണം. ജോബ് പറയുന്നതു പോലെ എന്റെ വഴി അവിടുന്ന് അറിയുന്നു. അവിടുന്ന് എന്നെ പരീക്ഷിച്ച് കഴിയുമ്പോൾ ഞാൻ സ്വർണം പോലെ പ്രകാശിക്കും. അപ്രകാരം സഹനത്തിൽ, അവിധിയില്ലാത്ത നമ്മുടെ ആത്മീയ ജീവിതത്തിൽ ജോബിനെ പോലെ സ്വർണം കണക്കെ പ്രകാശിക്കാൻ നമുക്ക് ഏവർക്കും സാധിക്കട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.





ജറുസലേമിലെ മാർ കൂറിലോസിന്റെ നാമധാരിയായ തിരുവല്ല അതിഭദ്രാസനാധിപൻ

# അഭിവന്ദ്യ ആബൂൻ തോമസ് മാർ കുറിലോസ്

മെത്രാപ്പോലീത്തായ്ക്ക്

# നാമഹേതുക പെരുന്നാൾ ആശംസകൾ

March 18



# കണ്ണുനീരിന്റെ വില

## രക്ഷയിലേക്കുള്ള വഴി

**Fr Justin Olickal**
Asst vicar , St. John's
Metropolitan Cathedral , Tiruvalla

കൂടെ നിൽക്കുമെന്ന് അണയിട്ടിട്ട് കൂടെപിറപ്പിനെപോലെ കൊണ്ട് നടന്ന ഗുരുവിനെ തള്ളി പറഞ്ഞവന്റെ കണ്ണുനീരിനും കാരുണ്യവാനായ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ വിലയുണ്ടെന്ന് പത്രോസ് എന്ന ശിഷ്യനിലൂടെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. വിശ്വാസത്തോടെ ക്രിസ്തുവിനെ ഏറ്റു പറഞ്ഞവന്റെ ജീവിതത്തിൽ എന്താണ് സംഭവിച്ചത്. ജീവനുള്ള ദൈവത്തിന്റെ പുത്രനെന്ന് വിശ്വാസത്തോടെ ഏറ്റുപറഞ്ഞവന്റെ നാവിൽ നിന്ന് ' ഞാൻ നിന്നെ അറിയുന്നില്ല 'എന്ന മൊഴിമാറ്റം ക്രൂശിന്റെ വഴിത്താരയിൽ എങ്ങനെ ഉണ്ടായി. ആരു നിന്നെ വിട്ട് പോയാലും ഞാൻ നിന്നെ വിട്ടു പോകുകയില്ല എന്ന ആ ശിഷ്യന്റെ വാക്കുകൾക്ക് കുക്കുടാൻ കൂവി പ്രഭാതത്തിന്റെ വരവറിയിക്കുന്നത്ര സമയ ദൈർഘ്യമേ ഉള്ളൂവെന്ന യാഥാർഥ്യം ഗുരുവിനറിയാമായിരുന്നു.

ശിഷ്യരിൽ പ്രധാനിയായി ക്രിസ്തുവിനെ പിൻചെന്നപ്പോഴും സഹനത്തിന്റെ വഴി അവൻ അറിഞ്ഞിരുന്നില്ല. ഗുരു സഹനത്തിന്റെ ഗിരിശൃംഗത്തിൽ ആത്മികതയുടെ ഗദ്സമെൻ അനുഭവത്തിലായിരിക്കുമ്പോഴും അലസതയോടെ മയക്കത്തിലാണ്ടുപോയ ആ ശിഷ്യന്റെ നയനങ്ങൾ ഗദ്ഗദം നിറഞ്ഞ ക്രൂശിലെ ബലി സ്വപ്നത്തിൽ പോലും കാണാൻ കഴിയാത്ത വിധം മൂടപ്പെട്ടിരുന്നു. സഹനത്തിന്റെ എരിതീയിലേക്ക് ഗുരു തന്റെ പാദങ്ങൾ എടുത്ത് വെയ്ക്കുമ്പോഴും സുഖലോലുപതയുടെ തീ കായുവാൻ ആ പ്രിയ ശിഷ്യൻ പാദങ്ങൾ ചലിപ്പിച്ചു. സ്വർഗ്ഗീയ നാഥൻ സഹനങ്ങളുടെ കാൽവരിയിലേക്ക് കാൽ എടുത്തു വെയ്ക്കുമ്പോഴും സ്വച്ഛതയുടെ നിശ്ചിത ദൂരം

ആ ശിഷ്യന്റെ കാൽപാദങ്ങൾ നിശ്ചയിച്ചപ്പോൾ പരിചൊടുകൂടെ നടന്ന ഗുരുവിനെ പരിചാരികയുടെ മുൻപിൽ തള്ളി പറയുവാൻ തക്കവണ്ണം അവന്റെ മനസ്സ് മരവിച്ചിരിന്നു. മായാകാഴ്ചയുടെ മലമുകളിൽ സ്വച്ചത നിറഞ്ഞ രൂപാന്തരീകരണത്തിന്റെ അന്തരീക്ഷത്തിൽ കൂടാരമടിച്ച് ആനന്ദിക്കുവാൻ ആഗ്രഹിച്ച ശിഷ്യൻ ആഹ്ലാദത്തിന്റെ നശ്വരതയ്ക്കപ്പുറം സഹനതീയാൽ ആത്മികതയുടെ അനശ്വര ലോകത്തെ സ്വപ്നം കാണുവാൻ ആ ശിഷ്യൻ മറന്നു പോയി.

സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള മാനവന്റെ തീർത്ഥയാത്രയിൽ സഹനങ്ങളുടെ കാൽവരി അനുഭവങ്ങൾ നമ്മുക്കൊപ്പം സഹയാത്രികരായി അനുഗമിക്കുന്നുണ്ടാകും. സഹനങ്ങൾ നമ്മെ അനുഗമിക്കുമ്പോൾ കൂടെ നടക്കുന്ന ക്രിസ്തുവിനെ അഥവാ ക്രിസ്തുവിന്റെ അടയാളങ്ങളെ കാണാതെ നമ്മുടെ നയനങ്ങൾ അടയുമ്പോൾ, സ്വച്ഛതയുടെ സുഖകരമായ അഹംഭാവത്തിന്റെ ചൂടേൽക്കുവാൻ സഹനത്തിന്റെ വഴിത്താരയിൽ ക്രൂശിതനിന്ന് താത്കാലിക സുഖത്തിന്റെ തീക്കൂനയിലേക്ക്, നമ്മുടെ പാദങ്ങൾക്ക് നാം അകലം നിശ്ചയിക്കുമ്പോൾ കൂടെ നടക്കുന്ന ഗുരുവിനെ തിരിച്ചറിയാത്ത ശിഷ്യനെ പോലെ, കൂടെ നടക്കുന്ന കൂടെപിറപ്പിനെ ഒരടി ഭൂമിക്കായ്, കാലചക്രത്തിൽ സമ്പത്തും സംസ്കാരവും ഏറിവരുമ്പോൾ കഴിവും കലാവൈഭവവും കഷ്ടപ്പാടിന്റെ വിയർപ്പ് തുള്ളിയിൽ ചാലിച്ച് വളർത്തി വലുതാക്കിയ മക്കൾ തങ്ങളുടെ സംസ്ക്കാരത്തിനു തടസ്സം നിൽക്കുന്ന സംസ്ക്കാരശൂന്യരായ് വൃദ്ധസദനത്തിന് അവകാശികളാകുമ്പോൾ, പ്രണയബന്ധിതരായ യുവതീ യുവാക്കൾക്ക് മാർഗ്ഗമദ്ധ്യേ തടസ്സം നിൽക്കുന്ന ചിലന്തി വലയായ് മാതാപിതാക്കൾ മാറുമ്പോൾ, ഒറ്റികൊടുക്കലിന്റെയും തള്ളി പറയലിന്റെയും കുക്കുടൻ കൂവുന്ന ശബ്ദം, ഇന്നിന്റെ കാലചക്രത്തിന്റെ കോണുകളിൽ മുഴങ്ങി കേൾക്കുന്നു. സ്വത്തിനും പണത്തിനും വേണ്ടി സന്തത സാഹചാരികളെ വെറുക്കുമ്പോൾ വിദ്വേഷവും സ്നേഹരാഹിത്യവും നിറയുന്ന ബന്ധങ്ങളും, മദ്യം എന്ന ആസക്തിയിലേക്ക് നാം നമ്മുടെ പാദങ്ങൾ ചലിപ്പിക്കുമ്പോൾ കണ്ണുനീരൊഴുക്കുന്ന ഭാര്യയും മക്കളും ശിഥിലമാകുന്ന കുടുംബബന്ധങ്ങളും, പ്രണയത്തിനു ‘കാമവെറി ‘ എന്ന അർത്ഥം നൽകി പിച്ചാത്തി മുനയാൽ പിച്ചിചീന്തപ്പെടുന്ന സ്ത്രീ ശരീരങ്ങളും, ജീവിത പടകിൽ നിരാശരാകുമ്പോൾ പ്രത്യാശ രഹിതരായി മൂന്ന് ഞാൺ കയറിൽ ജീവിതം തീർക്കുന്ന യുവതയും, കാലിക ലോകത്തിൽ തള്ളി പറയലിന്റെ കുറിക്കപ്പെടുന്ന ചില പരിണിത പരിണിത ഫലങ്ങൾ മാത്രം.

കാലിടറിപ്പോയവന്റെ കണ്ണുനീരിന് മുമ്പിൽ കരുണാമൃതം തൂകി കെട്ടിപിടിച്ചു കാൽവരിയുടെ അനുഭവത്തിലേക്ക് കൈപിടിച്ചുയർത്തുന്ന കാരുണ്യവാനായ ഗുരുവിനെ പത്രോസ് എന്ന ശിഷ്യന്റെ ജീവിതം കാട്ടിതരുന്നു. സഹനത്തിന്റെ കൊടുങ്കാറ്റടിച്ചപ്പോൾ സ്വസ്ഥതയുടെ, സ്വാർത്ഥതയുടെ തീക്കനലിനരികെ തിരസ്ക്കരണത്തിന്റെ മൊഴികൾ ചൊല്ലിയ പത്രോസിന്റെ കാതുകളിൽ കുക്കുടൻ മൂന്ന് പ്രാവിശ്യത്തെ കൂവൽ അടയാളമായ് പ്രകമ്പനം കൊള്ളിക്കുന്നു.



ചെവികളിൽ പ്രകമ്പനം കുത്തിതറച്ച കൂരമ്പ് പോലെ തകർന്നടിഞ്ഞ ഹൃദയവും പേറി നിൽക്കുന്ന പത്രോസിനെ മിഴികളുയർത്തി കാരുണ്യത്തോടെ നോക്കുന്ന നാഥൻ...... 99 ആടിനെയും വിട്ട് വഴിതെറ്റി പോയ ആടിനെ തോളിലേറ്റി സന്തോഷിക്കുന്ന, കൊലയ്ക്കുള്ള ആട്ടിൻ കുട്ടിയെ പോലെ കൊലക്കളത്തിൽ നിൽക്കുന്ന ആ അജപാലകന്റെ നോട്ടത്തിൽ പത്രോസിന്റെ മിഴികളിൽ നിന്ന് പശ്ചാതാപത്തിന്റെ കണ്ണുനീർ നിലത്തേക്ക് പതിച്ചു.

അനുഗമിച്ചവന്റെ അടയാളത്തെ മറന്ന് അഹംഭാവത്തിന്റെ ആനന്ദചൂടിൽ, നിന്ന് പോയവന്റെ കണ്ണിൽ നിന്ന് അനുതാപത്തിന്റെ ചുടു കണ്ണുനീർ അടർന്നു വീഴുന്നു. വി. ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നത് അവൻ പുറത്ത് പോയി മനംനൊന്ത് കരഞ്ഞുവെന്നാണ്. പരീക്ഷണങ്ങളുടെ നടുവിൽ പരിചാരികയുടെ മുമ്പിൽ പലവുരു തള്ളി പറഞ്ഞ് പാപത്തിന്റെ പടുകുഴിയിൽ നിന്ന് പത്രോസ് എന്ന ക്രിസ്തു ശിഷ്യന്റെ പശ്ചാത്താപത്തിന്റെ പാപപരിഹാരത്തിലേക്കുള്ള പ്രയാണമായിരുന്നു അത്. തള്ളി പറഞ്ഞവനിൽ നിന്ന് തുറവിയുള്ള ശിഷ്യനിലേക്കുള്ള പരിവർത്തനം... കഷ്ടപ്പാടിന്റെ കാൽവരി ഗിരിയിൽ ക്രിസ്തുവിനെ മറന്ന സാധാരണ മനുഷ്യനിൽ നിന്ന് രക്തസാക്ഷിത്വത്തിന്റെ കാൽവരി അനുഭവം പേറുന്ന ക്രിസ്തു സാക്ഷിയിലേക്കുള്ള ഒരു പുറത്തു പോകലായിരുന്നു അത്. നോവിന്റെ അനുഭവം പേറി വിശുദ്ധീ കരണത്തിലേക്ക് പ്രയാണം ചെയ്യുന്ന ഈ നോമ്പിന്റെ കാലഘട്ടത്തിൽ, അഹത്തിന്റെ അനു ഭവത്തിൽ നിന്നും, തിരസ്ക്കരണങ്ങളുടെയും സ്നേഹമില്ലായ്മയുടെയും മുറിപ്പെടുത്തലിന്റെയും അനുഭവങ്ങളിൽ നിന്നും, അനുതാപത്തിന്റെയും പശ്ചാത്താപത്തിന്റെയും ബാഷ്പങ്ങളാൽ കഴുകി പാപത്തിന്റെ സ്വച്ഛത നിറഞ്ഞ തീക്കനലിനരികിൽ നിന്ന് പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും ക്ഷമയുടെയും കാൽവരി അനുഭവങ്ങളിലേക്ക്, ക്രിസ്തുവിന്റെ ശിഷ്യത്വത്തിന്റെ അനുഭവത്തിലേക്ക് രക്തസാക്ഷിത്വത്തിന്റെ അനുഭവത്തിലേക്ക് പത്രോസിനെ പോലെ നമുക്കും പരിവർത്തിതരായി തീരാം.





ബിനു തോമസ്

# മലങ്കര സഭാചരിത്രം

## അന്ത്യോക്യാ മലങ്കര ബന്ധം

### *മാർത്തോമാ ശ്ലീഹായുടെ ഇന്ത്യൻ സഭ ഭാഗം രണ്ട്*

കഴിഞ്ഞ ലക്കത്തിൽ ദക്ഷിണേന്ത്യയിലെ ക്രൈസ്തവസഭയുടെ ഏഴാം നൂറ്റാണ്ട് വരെയുള്ള ചരിത്രമാണ് നാം സംക്ഷിപ്തമായി ചർച്ചചെയ്ത്. ഇതിൽ നാം പരിശോധിക്കേണ്ടതും ശ്രദ്ധിക്കേണ്ടതുമായ ചില വിഷയങ്ങളുണ്ട്.

**കേ**രളത്തിലെ ഇന്നത്തെ യാക്കോബായ സഭ അംഗീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന സഭാ ചരിത്രത്തിൽ ഒന്നാം നൂറ്റാണ്ട് മുതൽ കേരള സഭ അന്ത്യോക്യാ പാത്രിയാർക്കീസിൽ നിന്നും സുറിയാനി ഓർത്തഡോക്സ് സഭയിൽ നിന്നും വിശ്വാസം പങ്കിടുകയും ഭരണപരമായ നേതൃത്വവും മെത്രാന്മാർ വഴിയുള്ള അധികാരവും (അന്ത്യോക്യാ മലങ്കര ബന്ധം) നിലനിന്നിരുന്നു എന്നും പറയുന്നു. എന്നാൽ ചരിത്രപരമായ സാഹചര്യപരമോ ആയ തെളിവുകൾ ഇക്കാര്യത്തിൽ ഇല്ലെന്ന് തന്നെ പറയാം.

# മാർത്തോമാ ശ്ലീഹായുടെ ഇന്ത്യൻ സഭ ഭാഗം രണ്ട്




1. അന്ത്യോക്യൻ സഭയുടെ ചരിത്രം മാർ ശെമയോൻ കേപ്പായിൽ ആരംഭിക്കുന്നു. റോമാ സാമ്രാജ്യത്തിനുള്ളിലായിരുന്ന ഈ സഭയുടെ ചരിത്രത്തിൽ എവിടെയും ഭാരതവും ആയുള്ള ബന്ധം മധ്യകാലം വരെ പ്രതിപാദിച്ചിട്ടില്ല.

2. യാക്കോബായ അഥവാ സുറിയാനി ഓർത്തഡോക്സ് സഭ കാൽസിഡോൺ സൂനഹദോസിനെ ശേഷവും മാർ സേവെറിയോസ് പാത്രിയാർക്കീസിന്റെ പിന്തുടർച്ചയായി AD543ൽ മാർ യാക്കോബ് സുർദാനയാൽ മോർ സെർജിയൂസ് കാൽസിഡോൺ വിരുദ്ധ വിഭാഗത്തിന്റെ അന്ത്യോക്യാ പാത്രിയാർക്കീസായി അഭിഷിക്തനാകുമ്പോഴാണ് ആരംഭിക്കുന്നത്. അന്ത്യോക്യൻ സഭ സുറിയാനി സഭയും ഗ്രീക്ക് സഭയുമായി ഭിന്നിക്കുന്നത് AD 543 (6-ാം നൂറ്റാണ്ടിൽ) മാത്രമാണ്.

ആറാം നൂറ്റാണ്ടിനു മുൻപ് ഒരു സുറിയാനി ആത്മായ പൈതൃകം മാർത്തോമൻ സഭയിൽ നിലനിന്നിരുന്നുവെങ്കിൽ അത് അന്ത്യോക്യൻപാശ്ചാത്യ സുറിയാനി യാക്കോബായ ബന്ധം അല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

3. കോസ്മോസ് ഇൻ ഡിക്ക പോളേറ്റ്സ് (cosmos who travaled to India ) എന്ന സഞ്ചാരി അ. ഉ 520 നും AD 525 നും ഇടയ്ക്കു ദക്ഷിണേന്ത്യയും ശ്രീലങ്കയും സന്ദർശിച്ചിരുന്നു. കുരുമുളകിന്റെ നാട്ടിലെ സുറിയാനി ഭാഷയിൽ ആരാധന നടത്തുന്നവരും പേർഷ്യയിൽ നിന്ന് മെത്രാന്മാരെ സ്വീകരിക്കുന്നവരുമായ ക്രൈസ്തവ ജനവിഭാഗത്തെക്കുറിച്ച് തന്റെ വിവരണത്തിൽ കോസ്മോസ് രേഖപ്പെടുത്തിയിട്ടുണ്ട്. AD 520-525ൽ വ്യാപകവും വികസിതവുമായ സുറിയാനി ക്രമം പേർഷ്യൻ മെത്രാന്മാരുടെ ഇടപെടലോടെ ഇവിടെ നിലനിന്നിരുന്നുവെങ്കിൽ അത് കിഴക്കിന്റെ പൗരസ്ത്യ സുറിയാനി സഭയുടെ പേർഷ്യൻ പ്രവശ്യയിൽ നിന്നും ആയിരിക്കാൻ മാത്രമേ സാധ്യതയുള്ളൂ എന്നത് വ്യക്തമാണ്.

4. ഈ സത്യം ഇവിടെ പറയുന്നതു വഴി പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിന്റെ പൗരാണി കതയോ നൈയാമികതയോ ചോദ്യം ചെയ്യുകയല്ല മറിച്ച് അന്ത്യോക്യാ സിംഹാസനത്തിന്റെ അറിവിലോ നേരിട്ടോ അല്ലാതെയോ ഉള്ള ഭരണത്തിലോ സംസർഗത്തിലോ ആദിമ ഭാരതസഭ ഉൾപ്പെട്ടിരുന്നുവെന്ന് വ്യക്തമാക്കുക മാത്രമാണ് ലക്ഷ്യമാക്കുന്നത്.

## മാർത്തോമൻ സഭ ഏഴാം നൂറ്റാണ്ട് മുതൽ

പേർഷ്യൻ സഭ ഉൾപ്പെട്ടിരുന്ന പൗരസ്ത്യ സുറിയാനി സഭയിൽ ഏഴാം നൂറ്റാണ്ടായപ്പോഴേക്കും സെലൂഷ്യ സിസ്സിഫോൺ കേന്ദ്രമായി കതോലിക്കേറ്റ് ശക്തേമാക്കുകയും പ്രാദേശിക സിനഡും ഭരണക്രമങ്ങളും സെല്യൂഷൻ കേന്ദ്രമായി ബാബിലോൺ പാത്രിയാർക്കീസ് (കതോലിക്കേറ്റ്) അദ്ധ്യക്ഷനായി ക്രമീകൃതമാവുകയും ചെയ്തു ഏഴാം നൂറ്റാണ്ടു മുതൽ ഭാരത സഭ സൊലൂഷ്യ രേഖകളിൽ ഇടം കണ്ടെത്തുന്നുണ്ട്. ഇശോയാബ് മൂന്നാമൻ പാത്രിയാർക്കീസ് (650-660) ഫാസിലെ (പേർഷ്യ) മെത്രാനെ ഇന്ത്യയിൽ മെത്രാന്മാരും പട്ടക്കാരുമില്ലാതായതിന്റെ പേരിൽ ശാസിക്കുന്നു. ഈ ശാസന പേർഷ്യ വഴി സെലൂഷ്യയിലേക്കുള്ള

ഭാരത സഭയുടെ ബന്ധം വരച്ചു കാട്ടുന്ന ഒന്നാണ്. സ്ലീബാ സാക്കോ പാത്രിയാർക്കീസ് (714-728) ഭാരത സഭയ്ക്ക് മെത്രോപ്പോലീത്തൻ സഭ എന്ന സ്ഥാനം അംഗീകരിച്ചു നൽകുന്നു. തിമോത്തി പാത്രിയാർക്കീസ് (778-823) എഴുതിയ രേഖയ്ക്കകത്ത് നേതാവായ ആർക്കീന (ആർക്കദിയോക്കൻ) അഭിസംബോധന ചെയ്തിട്ടുള്ളതാണ്. തിഡഷ്യസ് പാത്രിയാർക്കീസ് (853-58) എല്ലാ പേർഷ്യൻ സൂനഹദോസുകളിലും സംബന്ധിക്കണമെന്ന് നിർബന്ധനയിൽ നിന്ന് ഭാരത സഭയെ ഒഴിവാക്കി ആറു വർഷത്തിലൊരിക്കൽ കൂട്ടായ്മ (communion) കത്തുകളും പിരിവുകളും അയച്ചാൽ മതിയെന്ന് കൽപ്പിച്ചു. ഒമ്പതാം നൂറ്റാണ്ടിലാണ് മാർ സഷോർ മാർ പ്രോത്ത് എന്നെ പൗരസ്ത്യ മെത്രാന്മാർ കേരളത്തിൽ എത്തുന്നത് കന്ദിശങ്ങൾ എന്ന് പ്രസിദ്ധരായ ഇവരുടെ നേതൃത്വത്തിൽ കേരളസഭയിൽ വലിയ ഉണർവ് ഉണ്ടാവുകയും പള്ളികളുടെയും വിശ്വാസികളുടെയും എണ്ണം വർധിക്കുകയും. പേഴ്സൺ മെത്രാപ്പോലീത്തന്മാരുടെ പത്തും പതിമൂന്നും സ്ഥാനങ്ങളിലായി ഇന്ത്യയിലെ മെത്രാപ്പോലീത്തന്മാരെ ചേർത്തു കാണുന്ന രേഖകളുമുണ്ട്.

ഒമ്പതാം നൂറ്റാണ്ട് മുതൽ പോർട്ടുഗീസ് ആഗമനം വരെയുള്ള കാലത്ത് ഇന്ത്യക്കാരും വിദേശികളുമായ പേർഷ്യൻ മെത്രാന്മാർ ഇവിടെ ആത്മീയ മേലധ്യക്ഷത്വം വഹിച്ചിരുന്നു എന്നതിന് തെളിവുകളുംമുണ്ട്. ഇവർ പൗരത്വ സുറിയാനി സഭയിൽ നിന്നുള്ളവരായിരുന്നു. 1301-ൽ മാർ യാക്കോബായ മെത്രാൻ 1490-ൽ മാർത്തോമയും മാറി യോഹന്നാനും ഇങ്ങനെ രേഖപ്പെടുത്തപ്പെട്ട പേരുകൾ ഉണ്ട്. 1490-ൽ എത്തിയ മാർത്തോമ എന്ന മെത്രാൻ 1492-ൽ തിരികെ പോയി മൂന്നു മെത്രാന്മാരോടൊപ്പം വീണ്ടും വന്നു. മാർ യാക്കോബ് മാർ യാബാലാഹാ മാർ ദനഹ എന്നിവരായിരുന്നു ഇവർ. ഇവരിൽ മാർത്തോമയും മാർ യാക്കോബും പോർട്ടുഗിസ് ആഗമനക്കാലത്ത് മലങ്കര സഭയെ നയിച്ചിരുന്ന മെത്രാന്മാരായിരുന്നു.

നാം ഇതുവരെ കണ്ട കേരളസഭ ചരിത്രത്തിൽ മാർത്തോമാശ്ലീഹ മുതൽ പോർട്ടുഗീസ് ആഗമനകാലം വരെയുള്ള കാലഘട്ടത്തിൽ തദ്ദേശീയരും പോർച്ചുക്കാരുമായ മെത്രാന്മാരും വൈദികരും വിശ്വാസികളും മാത്രമാണ് പ്രത്യക്ഷപ്പെടുന്നത് ഭാരത സഭയുടെ അന്തർദേശീയ ബന്ധം ബാബിലോൺ പാത്രിയാർക്കീസ് അഥവാ പൗരസ്ത്യ കാതോലിക എന്ന സ്ഥാന നാമത്തിലുള്ള മേലദ്ധ്യക്ഷൻ നയിച്ചിരുന്ന പൗരസ്ത്യ സുറിയാനി സഭയുമായി മാത്രമായിരുന്നുവെന്നതും വ്യക്തമാണ്. കേരളസഭയുടെ ആഭ്യന്തര കാര്യങ്ങളും ഭരണരീതിയും നമുക്ക് വരും ലക്കത്തിൽ ചർച്ച ചെയ്യാം.





## നോമ്പുകാല ചിന്തകൾ

# ക്രൂശിതനിലേക്ക്...

**ഈശോയുടെ സ്നേഹം നുകരുവാനും ആ സ്നേഹത്തിലായിരിക്കുവാനും ആഗ്രഹിക്കുന്ന നമ്മൾ എപ്പോഴെങ്കിലും ക്രൂശിതനിലേക്ക് യാത്ര ചെയ്തിട്ടുണ്ടോ?...**

എല്ലാം ഉപേക്ഷിച്ചുകൊണ്ട് കുരിശിലേക്ക് നോക്കുന്നവർക്ക് മാത്രം കാണാൻ കഴിയുന്ന ഒരു സൗന്ദര്യമുണ്ട്.. ഒന്നുമില്ലാതാകലിന്റെ സൗന്ദര്യം. സ്നേഹത്തിന്റെയും രക്ഷയുടെയും മഹത്തായ പങ്കുവയ്ക്കലിന്റെയും അടയാളമായ കുരിശിനെ ഒരിക്കലെങ്കിലും ധ്യാനവിഷയമാക്കുവാൻ നമുക്ക് കഴിക്കുന്നുണ്ടോ?

ഈശോയെ അഥവാ ക്രൂശിതനെ സ്നേഹിക്കുക എന്നാൽ അവിടുത്തെ കല്പനകൾ പാലിക്കുക എന്നത് തന്നെയാണ്. എത്രത്തോളം ഈ നോമ്പു കാലം അവിടുത്തെ സ്നേഹത്തിൽ ആയിരിക്കുവാൻ, ക്രൂശിതന്റെ ചാരെയായിരിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ട്.? ഒട്ടും തന്നെ അമാന്തം വരുത്താതെ അവിടുത്തെ സ്നേഹിക്കുന്നതിനും, അവിടുത്തെ കല്പനകൾ പാലിക്കുന്നതിലുമാകട്ടെ നമ്മുടെ നിതാന്ത ശ്രദ്ധ. അങ്ങനെ ക്രൂശിതന്റെ ചാരെ അവിടുത്തെ സ്നേഹം ആവോളം നമുക്ക് ആസ്വദിക്കാം.........



**ഷാനിമോൾ**
St. Joseph Malankara Syrian Catholic Church, Valakuzhy




**ഫാ. ജോർജ് തേക്കടയിൽ**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി
രാഷ്ട്രദീപിക എക്സിക്യുട്ടീവ് ഡയറക്ടർ



# ഏഴരപ്പള്ളികൾ

## മാർത്തോമ്മാ നസ്രാണി സഭകളുടെ പൊതു പൈതൃകം

"യേശു അവരെ സമീപിച്ച്, അരുളി ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിയ്ക്ക് നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവീൻ. ഞാൻ നിങ്ങളോടു കല്പിച്ചവയല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (മത്തായി 28:18-20; മർക്കോസ് 16:15-16). ഉത്ഥിതനായ യേശുക്രിസ്തു തന്റെ അപ്പസ്തോലന്മാർ വഴി സഭയ്ക്ക് മുഴുവനുമായി നല്കിയ ഏറ്റവും പ്രധാനപ്പെട്ട കല്പന "സർവ്വസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക" എന്നതായിരുന്നു. സുവിശേഷീകരണ ദൗത്യം ശിരസ്സാവഹിച്ച് അപ്പസ്തോലന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് സഞ്ചരിച്ച് തങ്ങളുടെ ദൗത്യം നിർവ്വഹിച്ചു. അപ്പസ്തോല സംഘത്തിൽ ഒരുവനായ മാർത്തോമ്മാ ശ്ലീഹാ തന്റെ ദൗത്യനിർവ്വഹണത്തിനായി ആർഷഭാരതത്തിലേയ്ക്ക് കടന്നു വന്നു.

"അസത്യത്തിൽ നിന്നും സത്യത്തിലേയ്ക്കും, ഇരുളിൽ നിന്നും വെളിച്ചത്തിലേയ്ക്കും, മരണത്തിൽ നിന്നും ജീവനിലേയ്ക്കും നയിക്കണമെ" എന്ന് പ്രാർത്ഥിച്ച ഭാരതനാട്ടിൽ തോമാശ്ലീഹാ "വഴിയും സത്യവും ജീവനും, തന്റെ ഗുരുവും ദൈവാവതാരവും ആയ കർത്താവായ യേശുക്രിസ്ത മാത്രമാണെന്ന്

പഠിപ്പിക്കുകയും, വിശ്വസിച്ച വർക്ക് ജ്ഞാനസ്നാനം നല്കുകയും, ക്രിസ്തുവിന്റെ സഭയെ സ്ഥാപിക്കുകയും ചെയ്തു. കേരളനാട്ടിൽ ഏഴരപള്ളികൾ സ്ഥാപിച്ചു. അതിലൊരു പള്ളി (വിശ്വാസസമൂഹം) യാണല്ലോ ചരിത്രപ്രസിദ്ധമായ നിലയ്ക്കൽ അഥവാ ചായൽ എന്ന ദേശം. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഏഴരപള്ളികളെ സംബന്ധിച്ചും, അദ്ദേഹത്തിന്റെ അവസാന നാളുകളിൽ ജീവിക്കുകയും മരിച്ച് കബറടങ്ങുകയും ചെയ്ത മദ്രാസിലെ ചിന്നമല, മൈലാപ്പൂർ ദേശങ്ങളെ സംബന്ധിച്ചുമുള്ള ഒരു ലഘുവിവരണമാണ് ഇവിടെ വിവക്ഷിക്കുന്നത്.

ഏഴരപ്പള്ളികളും മാർത്തോമ്മാ നസ്രാണി സമുദായവും തമ്മിൽ ഇഴപിരിയാത്ത ഒരു ബന്ധമുണ്ട്. പതിനേഴാം നൂറ്റാണ്ടിന്റെ പൂർവാർദ്ധം വരെ ഒരേ സഭയും ഒരേ സമുദായവുമായി കഴിഞ്ഞിരുന്ന മാർത്തോമ്മാ നസ്രാണികൾ, പോർച്ചുഗീസ് മിഷനറിമാരുടെ ഇടപെടലുകളെ തുടർന്ന് ഇരു വിഭാഗങ്ങളായി മാറുകയും, തുടർന്ന് ചരിത്രത്തിന്റെ ഗതിവിഗതികളിൽ നാലു നൂറ്റാണ്ടുകൾ കൊണ്ട് വിവിധ സഭാപാരമ്പര്യങ്ങളുടെ ഭാഗമായി മാറുകയും ചെയ്തു. എന്നിരുന്നാലും മാർത്തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക പൈതൃകത്തിൽ എല്ലാ സഭകളിലുമുള്ള മാർത്തോമ്മാ നസ്രാണികൾ അഭിമാനം കൊള്ളുന്നവരാണ്. കഴിഞ്ഞ നാലു നൂറ്റാണ്ടുകൾ കൊണ്ട് സംഭവിച്ചു പോയ വിഭജനങ്ങളും വേർപിരിയലുകളും നസ്രാണികളുടെ മനസ്സിനെ വളരെയധികം അസ്വസ്ഥരാക്കുന്നുണ്ട്. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴരപ്പള്ളികൾ അഥവാ സഭാകൂട്ടായ്മകൾ, വിഭജനങ്ങളെ അതിജീവിച്ച് ഒരേ സ്വത്വബോധത്തിലേയ്ക്ക് സമുദായത്തെ ഐക്യമെന്ന സ്വപ്നത്തിന്റെ യാഥാർത്ഥ്യത്തിലേയ്ക്ക് നയിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ്.

ഇന്ന് വിവിധ സഭകളുടെ ഉടമസ്ഥതയിലാണ് ഈ ഏഴരപ്പള്ളികളും നിലകൊള്ളുന്നതെങ്കിലും, മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ മുഴുവൻ പൈതൃക സ്വത്താണ് ഇവ എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. അതിനാൽ തന്നെ മാർത്തോമ്മാ നസ്രാണി സമുദായ സഭകളുടെ എല്ലാവരുടെയും സംഗമഭൂമിയാണ് ഈ ഏഴരപ്പള്ളികളും. നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയം, ലോക എക്യുമെനിക്കൽ ചരിത്രത്തിൽ തന്നെ പുതിയൊരു അദ്ധ്യായം എഴുതിചേർത്തിട്ടുണ്ട്; ഭാരതത്തിലെ എല്ലാ അപ്പസ്തോലിക പൈതൃക സഭകളുടെയും മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലുമാണ് നിലയ്ക്കൽ പള്ളിയും നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റും നിലകൊള്ളുന്നത്. വിശ്വാസകാര്യങ്ങളിലും, ആചാരഅനുഷ്ഠാനങ്ങളിലുമൊക്കെ വ്യത്യാസങ്ങളുണ്ടെങ്കിലും, നിഖ്യകോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ഏറ്റുപറയുന്നവരാണ് എല്ലാ അപ്പസ്തോലിക സഭകളും തന്നെ.

കേരളത്തിലങ്ങോളമിങ്ങോളമായിട്ടാണ് ഏഴ് പള്ളികൾ സ്ഥിതി ചെയ്യുന്നത്. അരപ്പള്ളി സ്ഥിതി ചെയ്യുന്നത് തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ തിരുവാങ്കോട് എന്ന സ്ഥലത്തും. ഒരർത്ഥത്തിൽ ഈ ഏഴരപ്പള്ളികളല്ലേ മാർത്തോമ്മാ പൈതൃക സഭകളുടെ എല്ലാ പള്ളികളുടെയും മാതൃ ദൈവാലയങ്ങൾ? മാർത്തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക പൈതൃകത്തെക്കുറിച്ച് അഭിമാനത്തോടെ സംസാരിക്കുന്ന മാർത്തോമ്മാ നസ്രാണി സമുദായം, തങ്ങൾക്ക് ലഭിച്ച് വിശ്വാസ വിളക്ക് തെളിയിക്കപ്പെട്ടു കിട്ടിയത് ഈ ഏഴരപ്പള്ളികളിൽ (സഭാ കൂട്ടായ്മകൾ) നിന്നാണെന്ന ബോധ്യം ഉണ്ടാകേണ്ടവരാണ്. ഈ ഏഴരപ്പള്ളികളുടെയും ഉടമസ്ഥാവകാശം ഉള്ള സഭകളും, ഭദ്രാസനങ്ങളും ഇടവകകളും ഈ ഒരു യാഥാർത്ഥ്യം മനസ്സിലാക്കി, തങ്ങളുടെ ചുറ്റുപാടുമുള്ള എല്ലാ മാർത്തോമ്മാ നസ്രാണി പൈതൃക സഭകളെയും, അവരവരുടെ മാതൃദൈവാലയത്തിലേയ്ക്ക് സ്വാഗതം ചെയ്യുകയും, അവരും ഈ പൈതൃകത്തിന് അവകാശികളാണെന്ന ബോധ്യത്തിലേയ്ക്ക് കൊണ്ടുവരുകയും വേണം.



# ഭാരതത്തിൽ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങൾ

ക്രിസ്തുവർഷം 52ൽ യേശു ക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനായ ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ് ഭാരതത്തിന്റെ തെക്കേ അറ്റത്തുള്ള കേരളത്തിൽ എത്തിയെന്നതാണ് പരമ്പരാഗതമായുള്ള വിശ്വാസം. അന്ന് കേരളം എന്ന് വിളിക്കപ്പെടുന്ന ഇന്നത്തേതു പോലെയുള്ള ഒരു പ്രദേശം ആയിരുന്നില്ല.

പേർഷ്യയിലും മറ്റ് വിവിധ മദ്ധ്യപൗരസ്ത്യ ദേശങ്ങളിലും സുവിശേഷം പ്രഘോഷിച്ചതിനുശേഷമാണ് മാർത്തോമ്മാ ഭാരതത്തിലേയ്ക്ക് വന്നതെന്ന് പറയപ്പെടുന്നു. കച്ചവടത്തിനും മറ്റുമായി മലബാറിലിയേക്ക് (മലങ്കര കേരളം) ധാരാളം യഹൂദരും പേർഷ്യക്കാരും മറ്റും വന്നിരുന്ന കാലമായിരുന്നു അത്. ഭാരതത്തിന് വെളിയിലും ഭാരതത്തിലുമായി രൂപപ്പെട്ട വിവിധ പാരമ്പര്യങ്ങളിൽ മാർത്തോമ്മാശ്ലീഹായുടെ ഭാരത പ്രേഷിത പ്രവർത്തനങ്ങളെ സംബന്ധിച്ച് മനസ്സിലാക്കുവാൻ കഴിയും. പ്രാദേശിക പാരമ്പര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തോമാശ്ലീഹാ സ്ഥാപിച്ച ഏഴരപള്ളികൾ. ഏഴരപ്പള്ളികളെക്കുറിച്ച് മാത്രമെ ഇവിടെ പ്രതിപാദിക്കാൻ ഉദ്ദേശമുള്ളൂ.



# ഏഴരപ്പള്ളികളും മാർത്തോമ്മാ ശ്ലീഹായുടെ കബറിടവും

മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെയും സുവിശേഷപ്രഘോഷണത്തിന്റെയും സജീവമായ തെളിവാണ് അദ്ദേഹം സ്ഥാപിച്ചു എന്നു കരുതുന്ന ഏഴരപ്പള്ളികളും മൈലാപ്പൂരുമുള്ള അദ്ദേഹത്തിന്റെ കബറിടവും. ഏഴരപ്പള്ളി എന്നാൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച് ഏഴ് പ്രധാന സഭാകൂട്ടായ്മകളും ഒരു ചെറിയ സഭാകൂട്ടായ്മയുമെന്നാണ് പ്രധാനമായും അർത്ഥമാക്കേണ്ടത്. പള്ളി എന്നു പറയുമ്പോൾ ഇന്നത്തേതുപോലെ നാം കരുതുന്ന ഒരു പള്ളിക്കെട്ടിടമൊന്നുമാകാൻ സാധ്യതയില്ല. വിശ്വാസസമൂഹത്തിന് ഒന്നിച്ചിരുന്ന് ആരാധിക്കാനൊരിടം എന്നു മാത്രമെ അതിനർത്ഥമാക്കേണ്ടതുള്ളൂ. യഹൂദപാരമ്പര്യമനുസരിച്ച് ദൈവാലയമെന്നാൽ ജറുസലേം ദൈവാലയം മാത്രമെയുള്ളൂ. സാധാരണയായി ദൈവജനം പ്രാർത്ഥിക്കുവാനും പ്രബോധനങ്ങൾ കേൾക്കുവാനും ഒന്നിച്ചുകൂടുന്നത് സിനഗോഗിലായിലുന്നു. ഭാരതീയ പാരമ്പര്യത്തിൽ ക്ഷേത്രങ്ങളിലും അമ്പലങ്ങളിലുമായിരുന്നു ജനം ആരാധനയ്ക്കായി എത്തുന്നത്. ഒരു പക്ഷേ സിനഗോഗിന്റെയും ക്ഷേത്രത്തിന്റെയും മാതൃകയിൽ നിർമ്മിച്ചിരുന്ന ഒരു പ്രാർത്ഥനാലയമായിരുന്നിരിക്കാം അന്നത്തെ കാലത്തെ ക്രൈസ്തവ ദൈവാലയം. സ്വാഭാവികമായും






അവിടെ കുരിശും "അപ്പം മുറിക്കാനുള്ള ബലിപീഠ വുമുണ്ടാകുമല്ലൊ. കൊടുങ്ങല്ലൂർ (മാലിയങ്കരി), പാലയൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, നിരണം (തൃപ്പലേശ്വരം), കുരക്കേണിക്കൊല്ലം (കൊല്ലം), നിലയ്ക്കൽ (ചായൽ) എന്നീ ഏഴു സ്ഥലങ്ങളിലായി സ്ഥാപിക്കപ്പെട്ട ക്രൈസ്തവ സമൂഹങ്ങളും, തമിഴ്നാട് സംസ്ഥാനത്ത് കന്യാകുമാരി ജില്ലയിലുള്ള തിരുവാങ്കോട് എന്ന സ്ഥലത്തുള്ള ക്രൈസ്തവ സമൂഹവും ചേരുന്നതാണ് ഏഴര പള്ളികൾ എന്ന പേരിൽ അറിയപ്പെടുന്നിടങ്ങൾ. ചിലർ മലയാറ്റൂർ മൈലക്കൊമ്പ്, അരുവിത്തറ പള്ളികളെ അരപ്പള്ളിയായി പരിഗണിക്കാറുണ്ട്. ഈ ഏഴരപ്പള്ളികൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും "മാർത്തോമ്മാ ക്രിസ്ത്യാനികൾ" അഥവാ "മാർത്തോമ്മാ നസ്രാണികൾ" എന്ന സംജ്ഞ രൂപപ്പെട്ടു വന്നത്.

മാർത്തോമ്മാ നസ്രാണികളുടെ പൊതുവായ ജീവിത ശൈലിയെ സൂചിപ്പിക്കുന്ന പദമാണ് "മാർത്തോമ്മാ മാർഗ്ഗം". ക്രിസ്തുവിന്റെ അപ്പസ്തോലനും തങ്ങളുടെ വിശ്വാസത്തിന്റെ പിതാവുമായ മാർതോമാ കാണിച്ചു തന്ന ക്രിസ്തുമാർഗ്ഗത്തെ അനുധാവനം ചെയ്ത മാർത്തോമ്മാ നസ്രാണികൾ, തങ്ങൾക്കു ലഭിച്ച ക്രിസ്തീയ ജീവിതശൈലിയ്ക്ക് മാർത്തോമ്മാ മാർഗ്ഗം എന്ന പേര് നല്കി. ക്രിസ്തു തന്റെ വഴിയെക്കുറിച്ച് സംസാരിക്കുമ്പോൾ, ശിഷ്യനായ തോമസ് ചോദിക്കുന്നുണ്ട്; "കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറി ഞ്ഞുകൂടാ; പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?" എന്ന്. ഈ ചോദ്യത്തിന് ഉത്തരം ക്രിസ്തു വളരെ വ്യക്തമായി പറയുന്നുണ്ട്; "വഴിയും, സത്യവും, ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേയ്ക്ക് വരുന്നില്ല (യോഹ. 14:46). സ്വർഗ്ഗീയ ജറുസലേമിലേയ്ക്കുള്ള യഥാർത്ഥ വഴി ബോധ്യപ്പെട്ട മാർത്തോമ്മാ ശ്ലീഹാ, തന്റെ ക്രിസ്തു അനുഭവം, താൻ സുവിശേഷം പ്രസംഗിച്ച് ക്രിസ്തുമാർഗ്ഗത്തിലേയ്ക്ക് കൊണ്ടുവന്ന വിശ്വാസ സമൂഹത്തിന് പകർന്നു നല്കി. ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഈ മാർഗ്ഗത്തെ തങ്ങളുടെ ചങ്കോട് ചേർത്തു പിടിച്ചു. ചുരുക്കി പറഞ്ഞാൽ മാർത്തോമ്മാ മാർഗ്ഗം എന്ന വാക്കിന്, മാർത്തോമ്മാ ശ്ലീഹാ അറിയിച്ചു നല്കിയ ക്രിസ്തീയ ജീവിതശൈലി എന്നതാണ് അർത്ഥം. ഒരുപക്ഷെ അന്ത്യോക്യായിൽ വച്ച്, ക്രിസ്തീയ ജീവിതം സ്വീകരിച്ചവർ "ക്രിസ്ത്യാനികൾ" എന്ന് വിളിക്കപ്പെടുന്നതിന് (അപ്പസ്തോല നടപടി 11:26) മുൻപ് തന്നെ ഭാരതത്തിലെ ക്രിസ്ത്യാനികൾ "മാർത്തോമ്മാ മാർഗ്ഗം സ്വീകരിച്ചു കാണണം. മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്താൽ ക്രിസ്തു മാർഗ്ഗം സ്വീകരിച്ച ക്രൈസ്തവർ "മാർത്തോമ്മാ മാർഗ്ഗവാസികൾ ആയി എന്ന് ചുരുക്കം. അടുത്ത ഒരു കാലഘട്ടം വരെ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചിരുന്നവരെ സാധാരണയായി മാർഗ്ഗം കൂടിയവർ എന്നാണ് വിളിച്ചിരുന്നത് എന്ന കാര്യം ഓർക്കുക. നസ്രായനായ യേശുക്രിസ്തുവിനെ അനുധാവനം ചെയ്തവർ നസ്രാണികൾ ആയി മാറി. അങ്ങനെ മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ ചൈതന്യത്താൽ ക്രിസ്തു മാർഗ്ഗം സ്വീകരിച്ചവർ മാർത്തോമ്മ നസ്രാണികൾ എന്ന് വിളിക്കപ്പെട്ടു.

തുടരും...




# ഹാശാ ആഴ്ച്ചയിലെ അനുഷ്ഠാനങ്ങളെ കുറിച്ച് പരിശുദ്ധ സഭ നമ്മോട് കല്പിക്കുന്നുന്നത്.

വലിയ നോമ്പ് ഇതുവരെയും എടുക്കാൻ സാധിക്കാത്തവർ ഹാശായിലെങ്കിലും നോമ്പ് എടുക്കണം എന്ന് സഭ കൽപ്പിക്കുന്നു.

## ഹാശാ ആഴ്ച

**I.** നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളെ ധ്യാനിക്കുകയും അവനോടുകൂടെ പീഡയനുഭവിക്കുകയും ചെയ്യുന്ന വിശ്വാസികൾ ഈ ആഴ്ചയിൽ വിനോദങ്ങളിൽ ഏർപ്പെടുകയില്ല; അന്യോന്യം കൈകസ്തൂരി കൊടുക്കയോ കൈ മുത്തുകയോ ചെയ്യുകയില്ല. ദൈവമാതാവിനോടും വിശുദ്ധന്മാരോടും കൂടി ചേർന്ന് കുരിശിന്റെ രഹസ്യത്തെപ്പറ്റി ധ്യാനിച്ച് കർത്താവിനെ സ്തുതിക്കുന്ന അവസരമായതിനാൽ ദൈവമാതാവിനോടും വിശുദ്ധന്മാരോടും ഈ ആഴ്ചയിൽ പ്രാർത്ഥനയില്ല.

**II.** ഈ ആഴ്ചയിൽ മത്സ്യം, മാംസം, മുട്ട എന്നിവ വർജ്ജിക്കേണ്ടതാണ്. ദുഃഖവെള്ളിയാഴ്ച പാലും വർജ്ജിക്കണം.

**III.** വിശ്വാസികൾ എല്ലാവരും പള്ളിയിൽ പോയി യാമപ്രാർത്ഥനകളിൽ ഭക്തിയോടെ സംബന്ധിക്കുവാൻ നിഷ്കർഷിക്കണം.

### ഹാശാ ആഴ്ചയിൽ വി. കുർബാനയിൽ അനുഷ്ഠിക്കേണ്ട ക്രമങ്ങൾ

**I.** ഹാശാ ആഴ്ചയിൽ പെസഹാദിവസം ഒഴിച്ചുള്ള ദിവസങ്ങളിൽ ഹാശാരീതിയിൽ വേണം പ്രാർത്ഥനകൾ ചൊല്ലേണ്ടത്.

**II.** കൈ മുത്തുകയോ കൈ കസ്തൂരി (സമാധാനം) കൊടുക്കുകയോ, ശ്ലോമ്മോ (നിങ്ങൾക്കെല്ലാവർക്കും സമാധാനം...) പറയുകയോ ചെയ്തുകൂടാ.

**III.** "ദൈവമേ, നീ പരിശുദ്ധനാകുന്നു" എന്നതിനുപകരം തക്സായിൽ കൊടുത്തിരിക്കുന്ന അതാതു ദിവസത്തിന്റെ കൗമായെ തുടർന്ന് 'കുറിയേലായിസ്സാൻ' എന്ന് മൂന്നുപ്രാവശ്യം ചൊല്ലുന്നു.

**IV.** ഏവൻഗേലിയോൻ വായിക്കുന്നതിനുമുമ്പുള്ള ഹുലോലോ 'ഹാലേലുയ്യാ... ഓരോ ദിവസത്തേക്കും അതാതു ദിവസത്തെ പ്രഭാത പ്രാർത്ഥനയുടെ ഹൂലോലോയാണ്.

**V.** ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പുള്ള ശുശ്രൂഷകന്റെ പ്രസ്താവന ("നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന...") ചൊല്ലേണ്ട ആവശ്യമില്ല. ഹൂലോലോ കഴിയുമ്പോൾ ഹാശാരീതിയിൽ കാർമ്മികൻ താഴെ കാണിച്ചിരിക്കുന്ന പ്രകാരം ഏവൻഗേലിയോൻ വായിക്കുന്നു. കാർമ്മികൻ റൂശ്മാ ചെയ്തു കൊണ്ട് "ല് മൊറിയോ ശുബ്ഹോ അലൈൻ വാലൈകൂൻ റഹ് മാവ് ല്ഗൽമീൻ" (കർത്താവിനു സ്തുതി...)

ജനം : തലവണങ്ങി കുരിശുവരച്ചു കൊണ്ട്, "ആമ്മീൻ.

കാർമ്മികൻ: "ഏവൻഗേലിയോൻ കാദീശോദ്..." (വി. മത്തായി... എഴുതിയ വി. സുവിശേഷത്തിൽ നിന്ന്)

**N.B.** പല സുവിശേഷങ്ങളിൽ നിന്നെടുത്തിട്ടുള്ള വായന ആണെങ്കിൽ ആദ്യത്തെ സുവിശേഷകന്റെ പേര് പറഞ്ഞശേഷം, "ഉ ഹബ്റാവു" ചേർക്കണം.

ജനം : കുറിയേലായിസോൻ.

വായന കഴിഞ്ഞ് കാർമ്മികൻ റൂശ്മാ ചെയ്തു കൊണ്ട്, "ല് മൊറിയൊ സെഗ്ത്തോ " (കർത്താവിനു ആരാധന...)

ജനം : കുറിയേലായിസ്സോൻ.

ഹാശാ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ഏവൻഗേ ലിയോനുശേഷം "നാഥാ തേ സ്തുതി..." എന്ന ഗീതം ചൊല്ലണം.

**VI.** ധൂപക്കുറ്റി വാഴ്ത്തുന്നത് അതാതു ദിവസത്തെ കൗമാ മൂന്ന് പ്രാവശ്യം ചൊല്ലിയാണ്. തുടർന്നു "നാഥാ തേ സ്തുതി..." എന്ന് തുടങ്ങുന്ന ഭാഗം ചൊല്ലി ധൂപം വീശുന്നു.

സാധാരണ ചൊല്ലുന്ന സമാധാനത്തിനുമുമ്പുള്ള പ്രാർത്ഥനയ്ക്കു പകരം ആ ദിവസത്തേയ്ക്കുള്ള പ്രത്യേക പ്രാർത്ഥന ചൊല്ലണം. പ്രാർത്ഥന കഴിയുമ്പോൾ ശുശ്രൂഷകൻ മറ്റു പ്രസ്താവനകളെല്ലാം വിട്ട്, "കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം എന്നു മാത്രം പറയുന്നു.

**VII.** ഖണ്ഡന ശുശ്രൂഷ നടത്തുമ്പോൾ, കൗമായും "നാഥാ തേ സ്തുതി..." ഇത്യാദിയും ചൊല്ലാവുന്നതാണ്.

**VIII.** കുക്കിലിയോനുപകരം കൗമായും, "നാഥാ തേ സ്തുതി... ഇത്യാദിയും ചൊല്ലേണ്ടതാണ്.

**IX.** വി.രഹസ്യങ്ങളുടെ സ്വീകരണം കഴിഞ്ഞ് "സ്തുതി ദൈവത്തിന്നുയരത്തിൽ...' എന്ന ഗീതം ചൊല്ലുകയില്ല.

**X.** പട്ടക്കാരൻ ഹൂത്തോമ്മാ ചൊല്ലിക്കഴിയുമ്പോൾ ആ ദിവസത്തേയ്ക്കുള്ള പ്രത്യേക ഹൂത്താമ്മോയോ, കൗമായോ ചൊല്ലാം (മാതാവു യാചിക്കും..." ഇത്യാദി ചൊല്ലിക്കൂടാ.)

**XI.** പെസഹാദിവസം വി.കുർബാന ഉദയത്തോടുകൂടി അവസാനിക്കത്തക്കവണ്ണം തുടങ്ങേണ്ടതാണ്. വി. കുർബാനയ്ക്കുമുമ്പ് ലിലിയായുടെ (രാത്രി പ്രാർത്ഥന) നമസ്ക്കാരമെങ്കിലും ചൊല്ലണം. സന്ധ്യയ്ക്കാണെങ്കിൽ സന്ധ്യാ പ്രാർത്ഥനയ്ക്കുശേഷം വി. കുർബാന തുടങ്ങണം.

**XII.** വി.കുർബാന കൊടുത്തശേഷം ബാക്കി യുള്ള ഗ്മുർത്തോ പിറ്റേ ദിവസത്തേക്ക് സൂക്ഷി ക്കാതെ കാർമ്മികൻ ഭക്ഷിക്കണം.

**XIII.** പെസഹാ ദിവസം എല്ലാവരും വി. കുർബാന സ്വീകരിക്കത്തക്കവിധം മുൻകൂട്ടി കുമ്പസാരിച്ച് ഒരുങ്ങണം.

**XIV.** പെസഹാ വ്യാഴാഴ്ചയുടെ ഭാഗമായി ബുധനാഴ്ച വൈകിട്ടുമുതൽ വ്യാഴം ഒൻപതാം മണി പ്രാർത്ഥനവരെ ഗോഗുൽത്തായിൽ ചുവപ്പ് വസ്ത്രങ്ങൾ ധരിപ്പിക്കേണ്ടതാണ്.

**XV.** ദുഃഖശനിയാഴ്ച വി.കുർബാന ചൊല്ലുന്നത് ഉച്ചനമസ്ക്കാരം കഴിഞ്ഞാണ്. പതിനൊന്ന് മണിക്ക് ഉച്ചനമസ്ക്കാരം തുടങ്ങാം.

**XVI.** ദുഖശനിയാഴ്ച ഹാശാരീതിയിൽ വേണം വി. കുർബാന ചൊല്ലേണ്ടത്. കബറടക്കം ചെയ്ത് ത്രോണോസിൽ (പ്രധാന ത്രോണോസിൽ) വി.കുർബാന അർപ്പിക്കുവാൻ പാടില്ല. തെക്കുവശത്ത് തോണോസിന്മേലാണ് (Side altar) വി. കുർബാന അർപ്പിക്കേണ്ടത്. ഇരുവശങ്ങളിൽ ത്രോണോസുകൾ ഇല്ലെങ്കിൽ നമസ്ക്കാരമേശ അല്പം തെക്കോട്ട് നീക്കി അതിന്മേൽ തബ്ലീത്താവച്ച് വി. കുർബാന അർപ്പിക്കണം.)

**XVII.** ഹാശാ ആഴ്ചയിൽ മ്നോർത്തോ, അഴിക്കകത്ത് (കെസ്ത്രൂമായിൽ) മദ്ബഹായുടെ വാതിലിന്റെ വടക്കുവശത്തും, ഏവൻഗേലിയോൻ പീഠം വാതിലിന്റെ തെക്കുവശത്തും സ്ഥാപിച്ചിരിക്കണം. മ്നോർത്തോയിലുള്ള ചിത്തോലയും കുരിശിൽ ഇടുന്ന ഊറാറയും കറുത്ത നിറ മായിരിക്കണം.

**XVII.** ഏവൻഗേലിയോൻ, പ്രുമിയോൻ ആദിയായവ ഹാശായുടെ പ്രത്യേക രീതിയിൽ വായിക്കേണ്ടതാണ്. സെദറാ, ബോതേദ് ഹാശോ എന്നിവ ചൊല്ലുമ്പോൾ എല്ലാവരും അവ ശ്രദ്ധിച്ചുകേട്ട് ധ്യാനിക്കുകയും ഇടയ്ക്കിടെ കുമ്പിടുകയും ചെയ്യുന്നു. ബോവൂസായുടെ ഓരോ പാദവും അവ സാനിപ്പിക്കുമ്പോൾ കുമ്പിടേണ്ടതാണ്.

**XIX.** നമസ്ക്കാരം കെസ്ത്രൂമായിൽനിന്നു നടത്തുന്നു; തിരശ്ശീല വലിച്ച് മദ്ബഹായുടെ വാതിൽ തുറക്കുകയില്ല. നമസ്കാരത്തിനു പുരോഹിതൻ പുറംകുപ്പായം ധരിച്ചിരിക്കണം. ഏവൻഗേലിയോൻ വായിക്കുമ്പോൾ ഹമ്നിക്കോ കൂടി ധരിച്ചിരിക്കണം.





**XX.** പെസഹാദിവസം ഉപവാസവും കുമ്പിടീലും ആവശ്യമില്ല.

**XXI.** പെസഹാദിവസവും ദുഃഖശനിയാഴ്ചയും (അറിയിപ്പിന്റെ ശനി) രാത്രി പ്രാർത്ഥനയിൽ 'ഹാലേലുയ്യാ' കഴിഞ്ഞു "നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ.." "മറിയാം പറഞ്ഞ തെന്തെന്നാൽ "സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത്... ഇത്യാദി അതാതിന്റെ സ്ഥാനത്ത് ചേർത്തു ചൊല്ലണം.

**XXII.** പെസഹാ വ്യാഴാഴ്ചയുടെ ഭാഗമായി, ബുധനാഴ്ച വൈകിട്ടുമുതൽ വ്യാഴം ഒൻപതാം മണി പ്രാർത്ഥനവരെ ഗോഗുൽത്തായിൽ ചുവപ്പ് വസ്ത്രങ്ങൾ ധരിപ്പിക്കേണ്ടതാണ്.

തൂക്കാസ പേജ് 21, 22

ഈ വർഷം വചനിപ്പ് തിരുന്നാൾ 2024 മാർച്ച് 25-ാം തീയതി ഹാശായിലെ തിങ്കളാഴ്ചയാണല്ലൊ. സഭയുടെ കാനോനികനിയമം അനുസരിച്ച് ആ ദിവസം പെരുന്നാൾ ക്രമം അനുസരിച്ചുള്ള വി. കുർബ്ബാനയും (വികാരി കുർബ്ബാന) യാമനമസ്കാരങ്ങളും അർപ്പിക്കേണ്ടതാണ്. അതായത് ഞായറാഴ്ച്ച സന്ധ്യ പ്രാർത്ഥന മുതൽ തിങ്കളാഴ്ച്ച ഒമ്പതാം മണി വരെ സ്ലീബാ ഞായറാഴ്ച്ചയുടെ നമസ്കാരമാണ് ചൊല്ലേണ്ടത്. മ്നുർത്തോയിൽ പെസഹാ വ്യഴാഴ്ച്ചയിലെ പോലെ ചുവന്ന വിരിയാണ് ഇടേണ്ടത്. പെരുന്നാൾ ആയതുകൊണ്ട് ഉപവാസം ഇല്ലായെങ്കിലും നോമ്പിന്റെ രീതി അനുസരിച്ചുള്ള ഭക്ഷണമാണ് അനുവദിച്ചിരിക്കുന്നത്.




വന്ദ്യ മല്പാൻ
ഫാ. തോമസ് പണിക്കർ


# സ്വത്വബോധം

നമ്മുടെ ആരാധന പരികർമ്മം ചെയ്യുമ്പോൾ 'ഞാൻ മലങ്കര സുറിയാനി കത്തോലിക്കനാണ്' എന്ന ബോധം വേണം. സ്വത്വബോധമാണ് ഒരു സഭയ്ക്ക് പ്രസക്തി നൽകുക. എന്നെപറ്റിതന്നെയുള്ള സ്വത്വബോധം അഥവാ, ഞാൻ ആരാണെന്നുള്ള അവബോധം എനിക്കുണ്ടായിരിക്കണം. എല്ലാവരും കാണിക്കുന്നതുപോലെ ഞാനും കാണിക്കുകയാണെങ്കിൽ ഞാൻ ഞാനല്ല. മറ്റുള്ളവരിൽ നിന്ന് എന്തൊക്കെ നല്ല കാര്യങ്ങൾ ഞാൻ ഉൾക്കൊണ്ടാലും എനിക്ക് എന്റേതായ ഐഡന്റിറ്റി ഉണ്ട്. ഇത് സമൂഹത്തിനും ഉണ്ട്, ഉണ്ടായിരിക്കണം. സഭകൾക്കും ഉണ്ടായിരിക്കണം പ്രത്യേകിച്ച് പൗരസ്ത്യസഭയ്ക്ക്. സഭയെക്കുറിച്ച് രണ്ടാം വത്തി ക്കാൻ കൗൺസിൽ പറഞ്ഞിരിക്കുന്നത്, സഭ സഭകളുടെ കൂട്ടായ്മയാണെന്നാണ്. ഈ കൂട്ടായ്മയിൽ വളരെ കൃത്യമായ ഒരു പാരമ്പര്യം നമുക്കുണ്ട്. കുരിശു വരയ്ക്കുന്നത് തുടങ്ങി ആരാധനയിലെ ഓരോ കർമ്മം ചെയ്യുമ്പോഴും ഞാൻ മലങ്കര സുറിയാനി കത്തോലിക്കനാണ് എന്ന ബോധം ഉണ്ടാകണം.

സഭകൾ പരസ്പര ബഹുമാനത്തോടെ തന്നെയാണ് വ്യത്യസ്തമായ ആരാധനക്രമങ്ങളെ കാണുന്നത്. വ്യക്തി സഭകളുടെ ആരാധനക്രമങ്ങൾ അനേക വർഷങ്ങളിലൂടെ വളർന്നു വികസിച്ചവയാണ്. അവ ഓരോ സഭയുടെയും പാരമ്പര്യത്തിന്റെയും ദൈവശാസ്ത്ര വീക്ഷണത്തിന്റെയും പ്രതിഫലനമാണ്. ഒരേ വിശ്വാസത്തിന്റെ വ്യത്യസ്തമായ പ്രകാശനം.

മറ്റു സഭകളിലെ ആരാധന ക്രമം അന്ധമായി അനുകരിച്ചാൽ അത് അസ്വഭാവികമായ വളർച്ചയാണ്. മുല്ലപ്പൂ റോസാ ചെടിയിൽ കൂട്ടിവച്ച് കെട്ടുന്നത് പോലെ അരോചകമാണത്. ഓരോ പുഷ്പവും അതാതിന്റെ ചെടിയിലാണ് നിൽക്കേണ്ടത്. ഒന്ന് മറ്റൊന്നിനെക്കാൾ മെച്ചമെന്നു പറയാൻ കഴിയില്ല. കാരണം ഓരോന്നും അതാതിന്റെ ഏറ്റവും മികച്ച ഫലമാണ് നൽകുന്നത്. അതാണ് സ്വാഭാവികമായ വളർച്ച.




കട്ക്കി പൂനെ ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാനായി അഭിഷിക്തനായ

# അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ്

മെത്രാപ്പോലീത്തക്ക്

# പ്രാർത്ഥനാശംസകൾ

**Br Cyriac Kanjirathummmottil**
Archeparchy of Changanacherry,
Syro - Malabar Catholic Church



# ജീവിതത്തിന്റെ അധികമൈലുകൾ

> “കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല.
> 1 യോഹന്നാൻ 4: 20



**മന:**സാക്ഷിയുടെ സ്വരം അവഗണിക്കപ്പെടുന്നു. വാർത്തകളിൽ രക്തത്തിന്റെ നിറം നിറയുന്നു. നമുക്കു ചുറ്റും ആക്രമങ്ങളും കൊലപാതകങ്ങളും പീഡനങ്ങളും വഞ്ചനയുടെ കഥകളും പെരുകുന്നു. നമുക്ക് ഓരോരുത്തർക്കും എത്രത്തോളം അപരന്റെ വേദനകൾ മനസിലാക്കാൻ സാധിക്കുന്നു എന്നത് ഒരു ചോദ്യചിഹ്നമാണ്. എന്നാൽ അതിലും പ്രധാനമായി നാം ഉത്തരം നൽകേണ്ടത് അപരന്റെ വേദനയിൽ ഞാൻ എന്തിനു പങ്കു ചേരണം എന്ന ചോദ്യത്തിനാണ്. അവിടെയാണ് അപരൻ എനിക്ക് ആരാണെന്നും അപരന്റെ ജീവിതത്തിൽ എനിക്കുള്ള സ്ഥാനം എന്തെന്നുമൊക്കെയുള്ള ചിന്തയുടെ പ്രസക്തി. പത്തൊമ്പതാം നൂറ്റാണ്ടുവരെ അഥവാ രണ്ടാം ലോക മഹായുദ്ധത്തിന്റെ കാലഘട്ടം വരെ ഇപ്രകാരം ഉള്ള ചിന്തകൾക്ക് പ്രസക്തി ഉണ്ടായിരുന്നില്ല. എന്നാൽ ഈ കാലഘട്ടങ്ങൾക്കു ശേഷമാണ് മനുഷ്യൻ തന്റെ ബന്ധങ്ങളെ കുറിച്ച് ചിന്തിക്കുവാനും അവനെ കൂടുതൽ ശ്രേഷ്ഠമായ രീതിയിൽ ക്രമീകരിക്കുവാനും തുടങ്ങിയത്. ഇമ്മാനുവൽ മുനീർ എന്ന ചിന്തകന്റെ അഭിപ്രായത്തിൽ ഒരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിൽ നടത്തുന്ന ആശയ വിനിമയങ്ങളെല്ലാം തന്നെ അപരനുമായുള്ള കണ്ടുമുട്ടലുകളാണ്.

ഓരോ വ്യക്തിയുടെയും ആദ്യത്തെ ചലനങ്ങൾ തന്നെ അപരനിലേക്കുള്ളതാണ്. അത്ര പ്രധാനപെട്ടതാണ് അപരന് നമ്മുടെ ജീവിതത്തിൽ ഉള്ള സ്ഥാനം. ക്രിസ്തീയ ജീവിതത്തിൽ മറ്റുള്ളവരിലേക്കുള്ള ഈ അധിക മൈൽ യാത്ര പ്രധാനപ്പെട്ടതാണ്. അപ്രകാരമുള്ള യാത്രകൾക്ക് വെളിച്ചം പകരുന്ന ഏതാനം ചിന്തകളാണ് ഈ ലേഖനം പങ്കുവയ്ക്കുന്നത്.

## മനുഷ്യനാണ് വസ്തുവല്ല

ഒരുപക്ഷേ മറ്റുള്ളവർ നമുക്ക് ഒട്ടും വിലപെട്ടവർ അല്ലെങ്കിൽ നമ്മൾ അവരെ നമ്മുടെ ഉപയോഗത്തിനുള്ള വസ്തുക്കൾ എന്ന തലത്തിലേക്ക് തരം താഴ്ത്തുകയാണ് ചെയ്യുന്നത്' എന്നാണ് ചിന്തകനായ മാർട്ടിൻ ബൂബറിന്റെ അഭിപ്രായം ഇപ്രകാരം മറ്റുള്ളവർ നമുക്ക് വസ്തുക്കൾ മാത്രമായി അവശേഷിക്കുമ്പോൾ അവിടെ വ്യക്തി ബന്ധങ്ങൾ ഉണ്ടാകില്ല. കണ്ടുമുട്ടലുകളും, കൂടികാഴ്ചകളും ഉണ്ടാകില്ല. മറിച്ച് ഉപയോഗപെടുത്തലുകൾ മാത്രമേ ഉണ്ടാകു. അതുകൊണ്ടുതന്നെ അപരന്റെ മുഖം നമുക്ക് മുമ്പിൽ ഒരു കടമയെന്നോണം നിലകൊള്ളേണ്ടതാണ്, അങ്ങനെയല്ലാതെ അവനെ ഒരു വസ്തുവായി മാത്രം നമ്മൾ ഉപയോഗിക്കുമ്പോഴാണ് ഷീൻ പോൾ സാർത്തർ എന്ന തത്വചിന്തകൻ പറയുംപോലെ അപരൻ എന്നത് നരകമായിത്തീരുന്നത്. മനസുണ്ടോ ഒപ്പമായിരിക്കാൻ വ്യക്തിബന്ധങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ് സംലഭ്യത. ഇന്നത്തെ ആധുനിക ലോകത്തിൽ ആർക്കും സമയമില്ല, എല്ലാവരും തിരക്കിലാണ്. അപരന്റെ ജീവിതത്തിൽ, അവന്റെ ആവശ്യങ്ങളിൽ. അവന്റെ പ്രശ്നങ്ങളിൽ, സംലഭ്യരാകാൻ ആരും തയ്യാറല്ല. ഇപ്രകാരം സംലഭ്യമല്ലാതെയുള്ള അവസ്ഥയെന്നത് വ്യക്തി വസ്തു ബന്ധത്തിന്റെ പ്രകടിതഭാവമാണ്. അവിടെ നമ്മൾ ഒരിക്കലും അപരന്റെ വേദന തിരിച്ചറിയുകയോ അവനെ കേൾക്കുകയോ ചെയ്യുന്നില്ല. ഇന്ന് നമുക്ക് ചുറ്റുമുള്ള ലോകം വേഗം മാറുകയും ബഹുഭൂരിപക്ഷം ജനതയും വസ്തുക്കളായി തീരാൻ വിധിക്കപെടുകയും ചെയ്യുന്നു. അങ്ങനെ ഇന്നത്തെ ലോകത്തിൽ അനേകായിരങ്ങളുടെ അസ്തിത്വത്തിന്റെ മുഖം നഷ്ടപെട്ടിരിക്കുന്നു. ഇപ്രകാരമൊരു അവസ്ഥാ വിശേഷത്തിന്റെ പരിഹാരമെന്നോണം ഗബ്രിയേൽ മാർസെൽ എന്ന ചിന്തകൻ അഭിപ്രായപ്പെടുന്നത് ഇപ്രകാരമാണ്. അപരനെ ഒരു വ്യക്തിയായി കണ്ടുകൊണ്ട് അവന്റെ അന്തസും അഭിമാനവും ഉയർത്തിപിടിക്കുമ്പോൾ മാത്രമേ വ്യക്തി ബന്ധങ്ങൾ ജീവനുറ്റവയാകൂ.

## ജീവിതം ഒരു യാദൃശ്ചികതയല്ല

ഓരോ വ്യക്തിയുടെയും ജീവിതത്തിന് മറ്റാരെകൊണ്ടും പകരം വയ്ക്കാനാവാത്ത ഒരു അർത്ഥം ഉണ്ട് എന്നത് ഇമ്മാനുവൽ മുനീർ പങ്കുവയ്ക്കുന്ന പ്രശസ്തമായ ഒരു തത്വചിന്തയാണ്. ഈ ലോകത്തെ ഒരു നാടക വേദിയായി അവതരിപ്പിക്കുന്ന വില്യം ഷേക്സ്പിയറിന്റെ വരികളിലും ഈ ചിന്ത നമുക്ക് കണ്ടെത്താൻ സാധിക്കും. ദൈവം സംവിധാനം ചെയ്യുന്ന നാടകത്തിൽ നമുക്ക് ഒരോരുത്തർക്കും ദൈവം നൽകിയിട്ടുള്ള കഥാപാത്രങ്ങളെ അതിന്റെ പൂർണ്ണാർത്ഥത്തിൽ അവതരിപ്പിച്ച് കടന്നുപോകേണ്ടവരാണ് നാം ഒരേരുത്തരും. നമുക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന



# നമ്മളിലെ ദൈവീകഛായയിൽ ജീവിക്കാം

കഥാപാത്രങ്ങളുടെ അവതരണത്തിൽ സംഭവിക്കുന്ന ഒരോ ചെറിയ വീഴ്ചകളും നമുക്ക് ഒപ്പം ഉള്ള മറ്റ് കഥാപാത്രങ്ങളേയും ബാധിക്കുന്നു എന്നത് ഈ ചിന്തകളോട് ചേർത്ത് നാം മനസിൽ കുറികേണ്ടുന്ന പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. നാം ആയിരിക്കുന്ന സമൂഹങ്ങൾ സമൂഹമായിരിക്കണമെങ്കിൽ നമ്മുടെ സ്വന്തം എന്ന ചിന്ത ആ സമൂഹത്തിൽ ഓരോ വ്യക്തിക്കും ഉണ്ടായിരിക്കേണ്ടത് അത്യന്താപേഷിതമാണ്. എല്ലാവർക്കും കുറവുകളും ബലഹീനതകളും ഉണ്ടെന്നും സമൂഹത്തിലെ ഓരോ അംഗവും തന്റെ സ്വന്തമാണെന്നുള്ള ചിന്തയിലേ ഓരോ സമൂഹവും യഥാർത്ഥത്തിൽ നിലനിൽക്കൂ.

പുണ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ വാക്കുകൾ ഇവിടെ ഏറെ പ്രസക്തമാണ്. പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖം ആണ് ഈശോ, മാമ്മോദീസായിലൂടെ ദൈവപുത്രരായ നാമോരോരുത്തരും ഈശോയെ പോലെ പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമാകാൻ വിളിക്കപെട്ടവരാണ്. നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും സാധിച്ച് തരുന്ന ഒരു വസ്തു എന്ന തലത്തിലേക്ക് ദൈവം പോലും താഴ്ത്തപെടുന്നു എന്നത് ഇന്നത്തെ ലോകത്തിലേ പച്ചയായ യാഥാർത്ഥ്യമാണ്. അവിടെ വസ്തുക്കളെ ഉപയോഗിക്കുന്നു എന്ന തലത്തിൽ നിന്നും വ്യക്തിബന്ധങ്ങളുടെയും കണ്ടുമുട്ടലുകളുടെയും കൂടികാഴ്ച്ചകളുടേയും തലത്തിലേക്ക് ഉയരുക എന്നതാണ് ഓരോ വ്യക്തിയുടെയും മുമ്പിലുള്ള വെല്ലുവിളി. സ്നേഹവും സൗഹൃദവും സാഹോദര്യവും നമ്മുടെ ബന്ധങ്ങൾക്ക് നിറം പകരട്ടെ അസത്യവും അർദ്ധസത്യവും സത്യാനന്തര സത്യങ്ങളുമൊക്കെ അരങ്ങുതകർക്കുന്ന ഈ ലോകത്തിൽ സ്നേഹമായിരിക്കട്ടെ സത്യത്തിനായുള്ള നമ്മുടെ മാനദണ്ഡം അവസാനമായി വി. ചെറുപുഷ്പത്തിന്റെ To Live of Love എന്ന കവിതയിലെ ഏതാനം വരികൾ കുറിച്ച്കൊണ്ട് ഈ ലേഖനം ഉപസംഹരിക്കട്ടെ.

*To live of love, it is to sail afar*
*And bring both peace and joy where'er I be.*
*O Pilot blest! love is my guiding star,*
*In every soul I meet, Thyself I see.*
*Safe sail I on, tthrough wind or rain or ice;*
*Love urges me, love conquers every gale. High on my mast*
*behold is my device;*




എട്ടാം മാസത്തിൽ ഇന്റർനാഷണൽ ബുക്ക് ഓഫ് റെക്കോർഡ് **"Super Talented kid"** അവാർഡ് നേടിയിരിക്കുകയാണ് KAIRA MARIYAM TIJO. വെജിറ്റബിൾസ്, ഫ്രൂട്ട്സ്, ഇംഗ്ലീഷ് അക്ഷരങ്ങൾ, വിവിധ രാജ്യങ്ങളുടെ പതാക, മൃഗങ്ങൾ, അക്കങ്ങൾ, കളർസ്, വാഹനങ്ങൾ തുടങ്ങി 20 വിവിധ ഇന കാറ്റഗറികളിൽ 250 ഓളം വസ്തുക്കൾ തിരിച്ചറിഞ്ഞു കൊണ്ടാണ് ഈ റെക്കോർഡിൽ ഇടം പിടിച്ചിരിക്കുന്നത്. തിരുവല്ല വാളക്കുഴി സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്ക ഇടവകാംഗം ആണ്. പറങ്കാമ്മൂട്ടിൽ റ്റിജോ പി തോമസിന്റെയും ബിറ്റിയുടെയും മകളാണ്.

"കചടതപ" എന്ന ഈ പംക്തിയിലൂടെ കുട്ടികളുടെയും യുവജ ങ്ങളുടെയും സർഗാത്മകമായ കഴിവുകൾ വളർത്തുവാനും, പുതിയ ആശയങ്ങളുടെ പങ്കുവയ്ക്കലിനും, രൂപീകരണത്തിനും ഇടയാകട്ടെ.








**Benntah Tom Bino**
Class:3
St Marys Malankara Catholic Church
Poomkavu, mallasserry



# കവിത

**Bincy Anoop**
St. Thomas Malankara Catholic Church
Mundiyackal

# ശൂന്യമാം മാനസം



എൻ മിഴിക്കുള്ളിൽ മൊഴി പൂക്കളും അശ്രു
നിറഞ്ഞിതായ് നിൽപൂ.

എന്തിനെന്നറിയാതെ ഞാനെന്നെ തിരഞ്ഞു.
പിന്നിട്ട പാതിയിലെല്ലാം തേടിയലഞ്ഞു.
നിറമാർന്ന പുഞ്ചിരിയും മാഞ്ഞു.
വന്ന വഴിയെല്ലാം ശൂന്യമായ്.
എവിടേക്കെന്നില്ലാതലഞ്ഞു ഞാൻ
കാണാൻ കഴിഞ്ഞില്ല എന്നെ
ചിന്നി ചിതറിയ ഓർമ്മതൻ വർണ്ണങ്ങൾ
ചിത്രം വരയ്ക്കുവാൻ വന്നു.
കണ്ടില്ല എന്നെ ഞാൻ തേടി നടന്നിടും
ഇരുൾ മൂടിയ മണ്ണിൽ
ശൂന്യമാം മനസ്സോടെ ചുറ്റും പരതി നടന്നു.
തിരികെ കിട്ടാത്ത എന്നെ..

WRITING

# Smile

From the busy schedule,when we are running with the time, from the running of sun and moon the greatest relief that our mind can experience. Be relaxed and smile to yourself and to the one who is always with you or whom you met. Smile is a powerful tool which can make your mind calm and relaxed in every situation. It heals the illness of mind the messenger from the heaven blessed it when she visits the human. It's is valuable than jewels, which can be given to others as a gift. It will be the greatest gift that we can present to ourselves, to the nature, to the surroudings when we start a day. It will makes us and our followbrings a feel or experience a positive vibration and its the greatest thing that we can give to them for that day It's the blessing of God. He touched and it, blessed it and gave it to man to give to your followbrings when their Suffered by ill. It plays in the hands of Good. It is a deep sea where there is peace, love and internal satisfaction. It can heal even the ill which do not have treatment and without it can cause even a small voitation to death. With this jewel in your face, you can conquer anybody with this healing of peace. It can bring the desirable change in life even death can be overcome by her presence. It's the greatest wealth that a man can earn in his life at any cost. It she is created by a magician by using his magic stick to heals the wounds in the minds of the man It can she knows the magic to



**Della Rose Noby**
Class : X
SXHSS Chemmannar
Idukki Diocese, Kallupalam





# എഫാത്താ

**ജെയ്മോൻ അയ്യനേത്ത്**
സെന്റ് മേരീസ് മലങ്കര സുറിയാനി
കത്തോലിക്കാ പള്ളി, അഞ്ചൽ

## ഞാൻ എന്തിന് ദൈവത്തിൽ വിശ്വസിക്കണം ?

**ദൈവം** എന്നത് ഒരു സങ്കല്പമായി മാത്രം മാറി കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഓരോരുത്തരും ജീവിയ്ക്കുന്നത്. സിനിമ സാമൂഹിക രാഷ്ട്രീയ മാധ്യമ മേഖലകളെല്ലാം പരോക്ഷമായിത് അനുകൂലിക്കുകയും ചെയ്യുന്നുണ്ട്. അടുത്തിടെ ഇറങ്ങിയ മഞ്ഞുമ്മൽ ബോയ്സ് എന്ന മലയാള ചലചിത്രത്തിൽ ഒരു ചോദ്യം ചോദിക്കുന്നുണ്ട് 'ആരാണ് മച്ചാനെ ഈ ദൈവം?' അതിനുത്തരമായി സഹനടൻ പറയുന്നത് 'ഈ മുകളിൽ നിന്ന് ഒക്കെ വരുന്ന ഒരു വെളിച്ചമില്ലേ അതാണ് ഈ ദൈവം!' എന്നാണ്. എന്നാലൊരു യുവ ക്രിസ്ത്യാനിയെന്ന നിലയിൽ; നാം എന്തിന് ദൈവത്തിൽ വിശ്വസിക്കണം? എന്ന ചോദ്യത്തിന് നാം തന്നെ ഉത്തരം കണ്ടെത്തേണ്ടതല്ലേ? ഈ സാഹചര്യത്തിലാണ് നമ്മുടെ മനസ്സുകൾ കലുക്ഷിതമാവുകയും ആഴത്തിലുള്ള ബോധ്യങ്ങളുടെ അഭാവം നമ്മളിൽ ഉടലെടുക്കുകയും ചെയ്യുന്നത്. ഇങ്ങനെ വരുമ്പോൾ നാം ഓർമ്മിക്കേണ്ട രണ്ട് അടിസ്ഥാന കാര്യങ്ങളെ കുറിച്ച് ചിന്തിയ്ക്കാം.

### വിശ്വാസം സ്നേഹത്തിന്റെ ഒരു തുറന്ന് കാണിക്കലാണ്.

ദൈവത്തോട് മാത്രമല്ല, മനുഷ്യരോടാണെങ്കിലും, നമ്മുക്ക് സ്നേഹമുണ്ടെങ്കിൽ മാത്രമേ നമ്മുടെ ഉള്ളിന്റെ ഉള്ളിൽ അവരോട് നമുക്ക് ഒരു പരിഗണനയെങ്കിലും കാണുകയുള്ളു. അതിനാൽ തന്നെ ദൈവത്തോട് അതിരറ്റ സ്നേഹം നമ്മുടെ മനസ്സുകളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ നിലനിൽക്കുന്ന അടുത്ത ഒരു ചോദ്യമാണ് എന്തിനാണ് ദൈവത്തെ സ്നേഹിക്കുന്നത് എന്നത് ഇതിന് ഉത്തരം നൽകുന്നതിന് മുമ്പ് മറുചോദ്യം, എന്തുകൊണ്ട് ദൈവത്തെ സ്നേഹിക്കാതിരിക്കണം? 'ദെവെം തന്നതല്ലാതൊന്നും ഇല്ലാ എന്റെ ജീവിതത്തിൽ...' എന്ന് നമ്മുടെ മാതാപിതാക്കൾ പാടി നടന്നത് നാം കേട്ടിടുണ്ടാകുമല്ലോ... അവർക്ക് ദൈവത്തൊടുണ്ടായിരുന്ന ഒരാത്മബന്ധം നമ്മുടെ ഇടയിൽ നഷ്ടപ്പെട്ട് പോയപ്പോൾ മുതലാണ് ദൈവ വിശ്വസം എന്തിന് എന്ന ഒരു ചോദ്യം പോലും ഉടലെടുക്കുന്നത് ആയതിനാൽ അവിടുത്തെ സ്നേഹിക്കുക ആ സ്നേഹം വിശ്വാസമായി വളരട്ടെ.

# ദൈവത്തിലുള്ള വിശ്വാസമാണ് നമ്മുടെ അസ്തിത്വത്തിന്റെ പൂർണത.

ഉൽപ്പത്തി പുസ്തകത്തിൽ വായിയ്ക്കുന്ന പോലെതന്നെ, ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. ജീവന്റെ ശ്വാസം അവനിലേക്കു നിറക്കുകയും ചെയ്തു. ആയതിനാൽ തന്നെ സൃഷ്ടിയായ നമ്മുടെ അസ്ഥിത്വം പൂർണമാകുന്നത് സൃഷ്ടാവായ ദൈവത്തിലാണ് അവനിലുള്ള വിശ്വാസത്തിലാണ്. വിശുദ്ധ മത്തായിടെ സുവിശേഷത്തിൽ യേശുവും കാനാൻകാരി സ്ത്രീയും കണ്ടുമുട്ടുന്ന സന്ദർഭത്തിൽ യേശു അവളുടെ വിശ്വാസം പരിശോധിക്കാനായി ഇങ്ങനെ ചോദിയ്ക്കുന്നു... 'മക്കളുടെ അപ്പം അരെങ്കിലും നായക്ക് കൊടുക്കുമൊ?' അപ്പോൾ മറുപടിയായി സ്ത്രീ പറയുന്നു 'നായ്ക്കളും യജമാനന്റെ മേശയിൽ നിന്ന് വിഴുന്ന അപ്പം എടുത്ത് ഭക്ഷിക്കാറുണ്ടല്ലോ' അവളുടെ വിശ്വാസത്തിന്റെ വലിപ്പം കണ്ട് യേശു അവളുടെ ആഗ്രഹം നിറവേറ്റുന്നു. ഇതിന്റെ അർത്ഥതലങ്ങളിലേക്ക് നാം ചിന്തിച്ചാൽ വിശുദ്ധ ബൈബിൾ നമ്മുക്ക് തരുന്ന ഒരു താക്കിതല്ലേ ഇത്? എന്തെന്നാൽ നായ്ക്കൾക്ക് സാധാരണ യജമാനൻ നൽകുന്നത് ബാക്കി വന്ന വസ്തുക്കളാകാം, അത് മക്കൾ ഉപയോഗിച്ചതിന്റെ ബാക്കിയോ അതോ ഉപയോഗിക്കാൻ വിസമ്മതിച്ചതോ അകാം.

ദൈവത്തിന് ചിലപ്പോൾ ആത്മാർത്ഥമായി അവന്റെ മക്കളായ നമ്മുടെ ജീവിതങ്ങളെ, നമ്മുടെ അനുഭവങ്ങളെ സ്പർശിക്കണം എന്ന ആഗ്രഹമുണ്ടായേക്കാം. പക്ഷേ, നമ്മുടെ ഒരു സമ്മതമോ ഒരു ആഗ്രഹമോ ഇല്ലാതെ ദൈവത്തിന് നമ്മിൽ പ്രവർത്തിക്കാനാകില്ല. അത് അവൻ അവന്റെ സൃഷ്ടിക്ക് കൊടുത്ത അധികാരമാണ്. അവന്റെ സൃഷ്ടിക്ക് അതിന് വേണ്ടതെന്തും തിരഞ്ഞെടുക്കാം, ഉപേക്ഷിക്കാം. ആയതിനാൽ ദൈവം തൊട്ട ജീവിതങ്ങൾ ആവാൻ നാമെല്ലാവർക്കും വിശ്വാസത്തോടെ അവന് നമ്മുടെ ജീവിതങ്ങളിൽ പ്രവർത്തിക്കാൻ സമ്മതം കൊടുക്കാം. ആ വിശ്വാസം അവനോടുള്ള അനന്തമായ സ്നേഹമാകട്ടെ.

---

തിരുവനന്തപുരം: പ്രശസ്തമായ ഗോൾഡൻ ബുക്ക് അവാർഡിന് റവ.ഡോ.തോമസ് കുഴിനാപ്പുറത്തു എഡിറ്റ് ചെയ്ത **'ദി കണ്ടമ്പററി ഫാമിലി'** എന്ന പുസ്തകം തിരഞ്ഞെടുക്കപ്പെട്ടു. 17 ന് പൂനയിൽ വെച്ച് അവാർഡ് ലഭിച്ചു .




ദൈവജനം, സാൽവി ഫിക്ക് ലോ, കാനോനിക പഠനങ്ങൾ, മാതാ പിതാക്കളും മക്കളും അറിയാൻ, ദൈവശാസ്ത്ര പഠനങ്ങൾ, സ്നേഹത്തിന്റെ സന്തോഷം; ഒരു സമ്പൂർണ്ണ പഠനം, അനുഗ്രഹത്തിന്റെ അക്ഷര വർഷങ്ങൾ എന്നീ പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. 22 ആം വയസ്സിൽ രചിച്ച 'പാളം തെറ്റുന്ന കൗമാരം' എന്ന ലേഖനം 1998 ഇൽ കേരളം സർവകലാശാല പ്രീഡിഗ്രി മലയാള പാഠപുസ്തകമായ 'ഭാഷാതിലകം' ത്തിലേക്കു തിരഞ്ഞെടുത്തിരുന്നു. മുൻപ് "Bharath Sevak Award" ലഭിച്ചിരുന്നു. റോമിലെ പൊന്തി ഫിക്കൽ ഓറിയന്റൽ ഇന്സ്ടിട്യൂട്ടിൽ നിന്നും കാനോൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. തിരുവനന്തപുരം മേജർ അതിരൂപതയുടെ ചാൻസലർ, ജുഡീഷ്യൽ വികാർ, മലങ്കര മാർ സെമിനാരി വിസിറ്റിംഗ് പ്രൊഫസർ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു. ദീപികയുടെ തിരുവനന്തപുരം റസിഡന്റ് മാനേജരായും പ്രവർത്തിച്ചിരുന്നു. നിലവിൽ തിരുവനന്തപുരം മേജർ അതിരൂപതയിൽ അമ്പലക്കര ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിക്കുന്നു

# അഞ്ചിൽ നിന്നും ഒന്നരലക്ഷത്തിലധികം ഓർക്കിഡ് ചെടികളുമായി

# ആൾക്കൂട്ടത്തിൽ തനിയെ ഒരു സംരംഭക

വർണ വൈവിധ്യമുള്ള രൂപ ഭംഗിയും ചെടിയിൽ കൂടുതൽ നാൾ വാടാതെ നിൽക്കുന്ന പ്രത്യേകതയുമുള്ള ഓർക്കിഡ് ചെടികളുടെ പരിപാലനത്തിലെ സവിശേഷകൾ കാരണം വൈദഗ്ദ്യമുള്ള വരുടെ മാത്രം കുത്തകയായിരുന്ന ഓർക്കിഡ് വളർത്തൽ ഇന്ന് നമ്മുടെ നാട്ടിൽ കൂടുതൽ ജനകീയ മാക്കിയതിന്റെ പിന്നിൽ വീട്ടമ്മയായ റീന കെന്നിയുടെ ഉപജീവനത്തിനായുള്ള അദ്ധ്വാനത്തിന്റെയും പ്രതിസ ന്ധികളെ തരണം ചെയ്ത് നേടിയ വിജയത്തിന്റെയും കഥയുണ്ട്. പൂക്കളെ പ്രണയിച്ചും പൂച്ചെടികളെ ജീവിതത്തിനു തണലാക്കിയതിനു പിന്നിൽ കഠിന പരിശ്രമത്തിന്റെയും പരാജയത്തിന്റെയും ഒറ്റപ്പെടലിന്റെയും സമ്മിശ്രഭാവങ്ങളുണ്ട്.



## അഞ്ച് ചെടികളിൽ നിന്നും അത്ഭുതം

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിലെ പായിപ്പാട് പഞ്ചായ ത്തിൽ സ്ഥിതിചെയ്യുന്ന ഏഞ്ചൽ ഗാർഡനിലെ റീന കെന്നിയ്ക്ക് കൃഷി ചെറുപ്പം മുതൽക്കേ സ്വപ്നവും ഇപ്പോൾ ഉപജീവനമാർഗവുമാണ്. യാദൃശ്ചികമായി ആരോ കൊടുത്ത അഞ്ച് ഓർക്കിഡ് തൈകൾ തങ്ങ ളുടെ ഉപജീവന മാർഗമായത് ദൈവ കൃപയല്ലാതെ മറ്റൊന്നു മല്ലെന്ന് 'മണിവിളക്ക്' മാഗസിനോട് പറഞ്ഞു. അഞ്ച് ഓർക്കിഡ് തൈകളിൽ തുടങ്ങി വിദേശത്ത് നിന്നും ചെടികൾ ഇറക്കുമതി ചെയ്യുന്നത് വരെയുള്ള പടിപടിയായുള്ള വളർച്ചയുടെ പടവുകൾ ചവിട്ടികയറിയതിനു പിന്നിലെ പ്രതിസന്ധികളും, അധ്വാ നവും, പ്രാർത്ഥനകളും ഞങ്ങളുമായി പങ്കിടുമ്പോൾ റീന ചേച്ചിയുടെ കണ്ണുകൾ ഈറനണിയുന്നതും അത് മറയ്ക്കാനായി കിട്ടിയ പുരസ്കാ രങ്ങൾ അടുക്കിവെച്ചിരിയ്ക്കുന്ന ഭാഗത്തേയ്ക്ക് നടന്ന് പോയതും ഈ ലേഖകൻ വായനക്കാരുമായി പങ്കിടാൻ ആഗ്രഹിക്കുന്നു. തുടക്ക കാലത്ത് താൻ നേരിട്ട പ്രതിസ ന്ധികളുടെ വേദനയുടെയും വിജയം കൊയ്തപ്പോൾ കിട്ടിയ അംഗീകാ രങ്ങളുടെയും സന്തോഷത്തിന്റെയും പ്രതിഫല നമായിരുന്നു ആ കണ്ണീർ തുള്ളികൾ!

# കർഷകയിൽ നിന്നും സംഭരകയിലേയ്ക്കുള്ള ജീവിതയാത്ര.

സംശയങ്ങൾ ചോദിച്ചു മനസ്സിലാക്കുവാനൊ കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലോ ഇന്നത്തെ പോലെ യൂടൂബും, ഗൂഗിളും മറ്റു സോഷ്യൽമീഡിയ മാധ്യമങ്ങളൊന്നും ഇല്ലാതിരുന്ന കാലം; അഞ്ച് ഓർക്കിഡ് ചെടികൾ പരിപാലിക്കുന്നതിനൊപ്പം ഓർക്കിഡ് ചെടികളെ കുറിച്ചുള്ള പുസ്തകങ്ങൾ വായിക്കുന്നതിലും ശ്രദ്ധിച്ചിരുന്നു. ഓർക്കിഡ് ചെടികളുടെ പരിപാലനത്തിൽ ശ്രദ്ധിയ്ക്കേണ്ടതും വിപണന സാധ്യതകളും പുസ്തകങ്ങൾ വായിച്ചും, പല ചെടി നഴ്സറികൾ സന്ദർശിച്ചും അവിടുത്തെ പ്രവർത്തന രീതികൾ കണ്ടും മനസ്സിലാക്കി വിവിധയിടങ്ങളിൽ നിന്നും വൈവിധ്യമാർന്ന ഇനങ്ങളിലെ ചെടികൾ സഹോദരനൊപ്പം ശേഖരിച്ച് അവയെല്ലാം പരിപാലിച്ച് കൂടുതൽ തൈകൾ വീടിന്റെ ടെറസിൽ ഉത്പാദിപ്പിച്ച് വില്പന ചെയ്യാൻ തുടങ്ങി.

2010 ൽ ടെറസ് കൃഷിയിൽ നിന്നും മാറി അമ്പത് സെന്റ് സ്ഥലത്ത് എഞ്ചൽ ഗാർഡൻ എന്നപേരിൽ നഴ്സറി ആരംഭിച്ചു. തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ നിന്നുമായിരുന്നു തുടക്കകാലത്ത് ചെടികൾ വാങ്ങിയിരുന്നത്. ഓർക്കിഡ് തൈകളുടെ ആവശ്യക്കാർ വർദ്ധിച്ചതോടെ മികച്ചതും പുതുമയുള്ളതുമായ തൈകൾ ഇറക്കുമതി ചെയ്യുക എന്ന ആശയം മനസ്സിലുദിയ്ക്കുന്നത്. 2014 ൽ ഇറക്കുമതി ലൈസൻസുമെടുത്തു. ചൈന, തായലാന്റ്, സിംഗപൂർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഓർക്കിഡ് ചെടികൾ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്ത് തുടങ്ങി. ആദ്യമായി ഇറക്കുമതി ചെയ്ത ചെടികൾ വിപണിയിൽ എത്തിയ്ക്കുന്നതിൽ കാലതാമസം വന്നപ്പോൾ ഇറക്കിയ കാശ് തിരിച്ച് കിട്ടുമോ എന്ന് പോലും സംശയിച്ചിരുന്നെങ്കിലും കർത്താവ് അത്ഭുതകരമായി വഴി നടത്തിയ അനുഭവം സന്തോഷത്തോടെ ഞങ്ങളുമായി പങ്കിട്ടു.



എഞ്ചൽ ഗാർഡൻ സർക്കാർ അംഗീകൃത നഴ്സറിയാകുകയും സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പുഷ്പകൃഷി വ്യാപനത്തിന്റെ ഗുണഭോക്താക്കൾക്ക് എഞ്ചേൽ ഗാർഡനിൽ നിന്നും നടീൽ വസ്തുക്കൾ വിതരണം ചെയ്തു തുടങ്ങിയതോടെ ഹോർട്ടികൾച്ചർ മിഷന്റെ പുഷ്പകൃഷി വ്യാപനം എന്ന ഘടകത്തിന്റെ ചെറിയ ധന സഹായം കൈതാങ്ങായിരുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും എഞ്ചൽ ഗാർഡനിൽ നിന്നും ചെടികളും പൂക്കളും വിതരണം ചെയ്യപ്പെടുന്നുണ്ട്.

സുവിശേഷത്തിലെ അഞ്ച് താലന്തുകൾ ലഭിച്ച ഭൃത്യന്റെ ഉപമയാണ് അഞ്ച് ഓർക്കിഡ് ചെടികൾ ലഭിച്ച റീന കെന്നിയുടെ അനുഭവം കേട്ട എന്റെ മനസ്സിൽ കടന്നു വന്നത്. അഞ്ചപ്പം വർദ്ധിപ്പിച്ച ക്രിസ്തുവിന് ഒന്നാം സ്ഥാനം കൊടുക്കുന്ന ഈ വീട്ടമ്മ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ തിരുവല്ല അതിഭദ്രാസനത്തിലെ മുണ്ടുകുഴി സെന്റ് മേരിസ് പള്ളിയംഗമാണ്. മുണ്ടുകുഴി പള്ളി കമ്മിറ്റി സെക്രട്ടറിയായി സേവനമനുഷ്ഠിയ്ക്കുന്നു. ബഥനി മിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിലെ സി. ഷെറിൻ SIC (തിരുവല്ല പ്രോവിൻസ്) സഹോദരിയാണ്.

ഭർത്താവ് കെന്നി
മകൾ റിയ ജോസ്
9946000568

2015 ൽ മികച്ച വനിതാ കർഷക അവാർഡ് കറുകച്ചാൽ പഞ്ചായത്ത്.

2021 ൽ മികച്ച വ്യവസായ സംരംഭ അവാർഡ് കറുകച്ചാൽ പഞ്ചായത്ത്.

2021 ൽ Best woman entrepreneur Award ഫെഡറർ ബാങ്ക്.

2022 ആദരവ് സോഷ്യൽ ജസ്റ്റിസ് ഫോറം കോട്ടയം.

2023 കേരള സർക്കാരിന്റെ മികച്ച വനിത സംരംഭകയ്ക്കുള്ള സംസ്ഥാന അവാർഡ് കൃഷി മന്ത്രിയിൽ നിന്ന് ലഭിച്ചു.



ബിജു ഗീവർഗീസ്
ചന്ദനപള്ളി



# അതിവേഗം പായുന്ന ലോകത്തിൽ ദൈവസന്നിധിയിൽ അധികനേരം ചിലവഴിച്ചിരുന്ന

# ലാസറച്ചൻ

**ബേഥനി നവജ്യോതി**
**ആശ്രമം ആലുവ**

പത്തനംതിട്ട ജില്ലയിലെ കല്ലിശ്ശേരി എന്ന ഗ്രാമത്തിൽ പാലനിൽക്കുന്നതിൽ ഉമ്മൻ വർഗ്ഗീസ് ശോശമ്മ വർഗ്ഗീസ് ദമ്പതികളുടെ എട്ടുമക്കളിൽ ഒരുവനായി 1932 ജൂലൈ 23-ാം തീയതി ജനിച്ചു. ഉമയാറ്റുകര യാക്കോബായ പള്ളിയിൽ വച്ച് എബ്രഹാം എന്ന പേര് ജ്ഞാനസ്നാന വേളയിൽ നൽകപ്പെട്ടു. കല്ലിശ്ശേരി ഗവ.എൽ.പി സ്കൂൾ, എസ്.ബി.എസ് ഇംഗ്ലീഷ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സന്ന്യാസ വൈദികനാകാനുള്ള ആഗ്രഹത്തോടെ പത്താം ക്ലാസ് വിദ്യാഭ്യാസത്തിനുശേഷം എബ്രഹാം തുകലശ്ശേരി ബഥനി ആശ്രമത്തിൽ ചേർന്നു. തിരുവനന്തപുരം ബഥനി ആശ്രമത്തിൽ നവസന്ന്യാസ പരിശീലനം പൂർത്തിയാക്കി. 1956 ഒക്ടോബർ 16-ാം തിയതി ആദ്യവ്രതവാഗ്ദാനം നടത്തി, ലാസറസ്റ്റ് എന്ന സന്ന്യാസനാമം സ്വീകരിച്ചു. 1961 മെയ് 18-ാം തീയതി തിരുവനന്തപുരം ബഥനി ആശ്രമ ദയറായിൽ വച്ച് നിത്യവ്രത വാഗ്ദാനം നടത്തി. പൂനാ പൊന്തിഫിക്കൽ അനേയത്തിൽ നിന്നും തങ്ങശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കുശേഷം 1984 ഡിസംബർ 2-ാം തീയതി അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കശീശ്ശാ പട്ടം സ്വീകരിച്ചു.

തിരുവല്ല ബഥനി ആശ്രമത്തിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച ബഹു ലാസറസ് അച്ചൻ 1965 ജൂൺ മുതൽ തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിന്റെ ഹോസ്റ്റൽ വാർഡനായും കള്ളിയേൽ, തിരുവനന്തപുരം, പേരൂർക്കട എന്നിവിടങ്ങളിൽ ഇടവക വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അതിനുശേഷം തിരുവല്ലായിൽ തിരിച്ചെത്തിയ അദ്ദേഹം അഞ്ചേരിയിൽ താമസിച്ചുകൊണ്ട് മീനടം വാകത്താനം ഇടവകകളിൽ ശുശ്രൂഷ ചെയ്തു. തുടർന്ന് 1960 മുതൽ 1970 വരെ കറ്റാനം ബഥനി ആശ്രമത്തിന്റെ പ്രൊക്യുറേറ്ററായും പോപ്പ് പയസ്സ് സ്കൂളിൽ സുറിയാനിഭാഷ അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചു. ആ കാലഘട്ടത്തിൽ കൊമല്ലൂർ, വള്ളിക്കുന്ന്, വെട്ടിയാർ എന്നീ ഇടവകകളിൽ വികാരിയായും പ്രവർത്തിച്ചു. 1970 മുതൽ 1974 വരെയുള്ള കാലയളവിൽ ചുനക്കര ബഥനി ആശ്രമം സ്ഥാപിക്കുകയും അതിന്റെ പ്രഥമസുപ്പീരിയറായി അദ്ദേഹം നിയമിതനാവുകയും ചെയ്തു. ഇക്കാലയളവിൽ വള്ളിക്കുന്ന്, മാനാംകുഴി എന്നീ ഇടവകകളുടെ ആദ്ധ്യാത്മിക പിതാവായി സേവനമനുഷ്ഠിച്ചു. പിന്നീട് കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിലേക്കു പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ആ പ്രദേശങ്ങളിൽ ഒരു ആദ്ധ്യാത്മിക നവോത്ഥാനത്തിനു തന്നെ തുടക്കമിടുകയും ചെയ്തു. ഈ കാലയളവിൽ നെടുമങ്ങാട് താമസിച്ചുകൊണ്ട് ആര്യനാട്, കഴക്കുന്ന്, കളിയേൽ, കുറ്റിച്ചൽ, മുണ്ടേല എന്നീ ഇടവകകളിൽ വികാരിയായി നിസ്തുല സേവനം അനുഷ്ഠിച്ചു.

1975 ൽ പുനാ സ്കൊളാസ്റ്റിക്കേറ്റിന്റെ പ്രൊ ക്യുറേറ്ററായും കെ.സി.എ (പിമ്പിരി) യുടെ ആദ്ധ്യാത്മീക ഉപദേഷ്ടാവായും സേവനമനുഷ്ഠിച്ചു. അതിനുശേഷം ആലുവ നൊവീഷ്യേറ്റു മന്ദിരത്തിൽ താമസിച്ചുകൊണ്ട് 1076 മുതൽ 70 വരെ നവശിഷ്യരുടെ ആദ്ധ്യാത്മികപിതാവായും തപോവനത്തിന്റെ പ്രൊ ക്യുറേറ്ററായും പ്രവർത്തിച്ചുകൊണ്ട് കളമശ്ശേരി ഇടവകവികാരിയായും സേവനമനുഷ്ഠിച്ചു. തുടർന്ന് പൂനാ എൻ.വി.എസ്.സിയിൽ സന്ന്യാസ വൈദിക പരിശീലകർക്കായുള്ള ആദ്ധ്യാത്മിക പരിശീലനത്തിൽ അദ്ദേഹം സംബന്ധിക്കുകയുണ്ടായി. തുടർന്ന് 1901 മുതൽ 8 വരെ അദ്ദേഹം സന്ന്യാസാർത്ഥികളുടെ ഗുരുവായും മാലം പള്ളിയുടെ വികാരിയായും സേവനം അനുഷ്ഠിച്ചു. 1983 മുതൽ 1906 വരെയുള്ള കാലഘട്ടത്തിൽ കരിമ്പനാംകുഴി ഇടവകയുടെ വികാരിയായും 1980 വരെയുള്ള കാലഘട്ടത്തിൽ കോട്ടയം ഗിരിദീപം സ്കൂളിന്റെ ബോർഡിംഗ് മാസ്റ്ററായും കളത്തിപ്പടി പള്ളി വികാരിയായും ശുശ്രൂഷ ചെയ്തിരുന്ന വേളയിൽ ഒരു വർഷം അമേരിക്കയിലെ സ്ക്രാന്റൺ രൂപതയിൽ ശുശ്രൂഷയ്ക്കായി പോയി; തിരിച്ചു വന്നതിനു ശേഷം 1911 മുതൽ 1995 വരെ കുമ്പഴ ബഥനി ആശ്രമ സുപ്പീരിയർ ആയിരുന്നു കൊണ്ട് കുമ്പഴ, വടക്കുപുറം, കിഴവള്ളൂർ, തച്ചമം, അമ്പാട്ടുഭാഗം എന്നീ പള്ളികളുടെ പുമതല നിർവ്വഹിക്കുകയും 1996 മുതൽ 1906 വരെയുള്ള കാലഘട്ടത്തിൽ മൈല മൗണ്ട് ബഥനി സ്കൂളിന്റെ ബോർഡിംഗ് മാസ്റ്റർ, ബർസാർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്യുകയും ചെയ്തു. 1996 മുതൽ 2002 വരെയുള്ള കാലയളവിൽ പൂവ്വത്തൂർ, പറളിക്കാട്, കുത്തുപാറ, പുല്ലാട്, പാണ്ടനാട്, കല്ലുങ്കൽ, തിരുവൻ വണ്ടൂർ എന്നീ പള്ളികളുടെ വികാരിയായി സേവനമനുഷ്ഠിച്ചു. 1990 മുതൽ 2017 വരെ ദീർഘകാലം പുഷ്പഗിരി ആശുപത്രിയുടെ ചാപ്ളയിൻ ആയി ത്യാഗപൂർണ്ണമായ സേവനമനുഷ്ഠിച്ചത് പ്രത്യേകം സ്മരണാർഹമാണ്.

2003 മെയ് 5 മുതൽ തിരുവല്ല ബഥനി ആശ്രമദയറായിൽ വിശ്രമജീവിതം നയിച്ചുവന്നിരുന്ന ബഹു. ലാസറച്ചൻ സൗമ്യമായ പെരുമാറ്റം, സമർപ്പണജീവിതം ബഥാന്യർക്ക് എന്നും പ്രചോദനമായിരുന്നു. ബഥാന്യൻ ജീവിതശൈലി തന്റെ വിശ്രമജീവിതത്തിൽ എപ്പോഴും കാത്തുസൂക്ഷിച്ചിരുന്നു. ആരാധനാ ജീവിതത്തോടുള്ള സ്നേഹവും സഭയോടുള്ള കൂറും സഭാമക്കളോടുള്ള കരുതലും അച്ചനെ എന്നും വ്യത്യസ്തനാക്കുന്നു. തന്റെ ശുശ്രൂഷാപാന്ഥാവിൽ ഏറിയ പങ്കും ഇടവക ശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കുവാൻ അച്ചനിലെ തീക്ഷണമതിയായ ഇടയൻ എപ്പോഴും പരിശ്രമിച്ചിരുന്നു. ദീർഘകാലം പുഷ്പഗിരിയിൽ ചാപ്ലയിനായിരുന്ന കാലഘട്ടത്തിൽ മരുന്നിനും, ലേപനത്തിനും കഴിയാത്ത അത്ഭുതം ദൈവത്തിന്റെ ജീവനുള്ള വചനത്തിനാകുമെന്ന പ്രത്യാശ രോഗാതുരരായവർക്ക് പകർന്നു നൽകുവാൻ അച്ചൻ നിരന്തരം പരിശ്രമിച്ചിരുന്നു. വാത്സല്യവും കരുതലും ഇടകലരുന്ന സ്നേഹ ശുശ്രൂഷ ഉത്തമ ബഥാന്യനു ചേർന്നവിധം തന്റെ അടുക്കലേക്കു വരുന്ന സകല മനുഷ്യർക്കും സംലഭ്യമാക്കുവാൻ അച്ചനു കഴിഞ്ഞിരുന്നു. ഒരു വസ്തുപോലും പാഴാകാതെ സൂക്ഷിക്കുവാനും തനിക്കു ലഭിച്ച സിദ്ധികൾ സമൂഹത്തിനായി ഉപയോഗിക്കുവാനും അച്ചൻ എല്ലായ്പ്പോഴും ശ്രദ്ധിച്ചിരുന്നു. ആശ്രമത്തിലേയ്ക്ക് കുർബ്ബാനയ്ക്കാവശ്യമായ വീഞ്ഞുണ്ടാക്കുവാനും പ്രത്യേകിച്ച് ആശ്രമത്തിൽ ലഭ്യമായ കായ്കനികളിൽ നിന്ന് വിഷമരുന്ന് ഉണ്ടാക്കുവാനുള്ള സിദ്ധി ആരോഗ്യമുള്ള കാലത്തോളം



അച്ചൻ സമൂഹത്തിനായി പ്രയോജനപ്പെടുത്തിയിരുന്നു. നിഷ്ഠാപരമായ ജീവിതത്തിൽ ജ്ഞാന വായനയ്ക്കും ചെറുപഠനങ്ങൾക്കും അച്ചൻ സമയം കണ്ടെത്തിയിരുന്നു. ആരോഗ്യം ക്ഷയിച്ചപ്പോൾ പോലും യാമനമസ്ക്കാരവും കൊന്തനമസ്ക്കാരവും മുറയ്ക്കു നടത്തുവാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു. അതിവേഗം പായുന്ന ലോകത്തിനു മുമ്പിൽ ദൈവസന്നിധിയിൽ അധികനേരം ചിലവഴിച്ചിരുന്ന ലാസറച്ചനെ പോലുള്ള പുണ്യജീവിതം വലിയൊരു പാഠപുസ്തവും മാതൃകയുമാണ്.

ശ്വാസസംബന്ധമായ രോഗങ്ങളാൽ പുഷ്പഗിരി മെഡിക്കൽ കോളേജിൽ പ്രവേശിക്കപ്പെട്ട ബഹു ലാസറച്ചൻ തിരുവല്ലാ അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും 2024 ഫെബ്രുവരി 10ാം തീയതി സുബോധത്തോടെ രോഗീലേപനം സ്വീകരിച്ചു. ഭൂമിയിലെ ശാന്തസുന്ദരമായ സന്ന്യാസ പുരോഹിത ജീവിതത്തിനു വിരാമമിട്ട് തന്റെ നിത്യസമ്മാനത്തിനായി 2024 ഫെബ്രുവരി 15ാം തീയതി വൈകുന്നേരം 7.23 നു ലാസറച്ചൻ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു

**"വന്ദ്യപുരോഹിതാ, സമാധാനത്താലെ പോവുക...**
**ഇമ്പങ്ങളുടെ സ്വർഗ്ഗീയ പറുദീസയിൽ മാലാഖമാരോട്**
**കൂടെ അങ്ങ് ചേർക്കപ്പെടുമാറാകട്ടെ..."**



“തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്”.
സങ്കീ. 116:15



# അകാലത്തിൽ പൊലിഞ്ഞ പുഷ്പം

(വന്ദ്യ സി. സിബിയ ഡി.എം)

ചങ്ങനാശ്ശേരി അതിരൂപതയിൽ ചെറുകടവ് ഇടവകയിൽ കാനാട്ട് വീട്ടിൽ പരേതനായ ശ്രീമാൻ ദേവസ്യയുടേയും, ശ്രീമതി ബ്രിജീത്തായുടേയും 6-ാ മത്തെ കുഞ്ഞായി വിരിഞ്ഞ സി. സിബിയാ എന്ന ഈ ചെറുപുഷ്പം 1998 ജൂൺ മാസം 4-ാം തിയതി മേരിമക്കൾ സമൂഹോദ്യാനത്തിലേക്ക് പറിച്ചു നടപ്പെട്ടു. സിസ്റ്ററിന് 4 സഹോദരന്മാരും 3 സഹോദരിമാരുമാണുള്ളത്. ബഹു. ലാൽ കാനാട്ട് സി.എം.ഐ. അച്ചൻ സിസ്റ്ററിന്റെ ഇളയ സഹോദരനാണ്.

സന്യാസ പരിശീലനത്തിന്റെ പടവുകൾ സന്തോഷപൂർവ്വം കയറി 1992 മെയ് മാസം 9-ാം തിയതി ഭാഗ്യ സ്മരണാർഹനായ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് ആദ്യവ്രത വാഗ്ദാനം സ്വീകരിച്ച് മേരിമക്കൾ സമൂഹത്തിലെ അംഗമായി. തന്റെ സന്യാസ ജീവിതത്തിന്റെ പ്രാരംഭദശയിൽ ആദിവാസികളുടെ ഇടയിൽ ശുശ്രൂഷ ചെയ്തും, വിദ്യാഭ്യാസ ശുശ്രൂഷകളിൽ സജീവമായി പ്രവർത്തിച്ചും, വിവിധ ഇടങ്ങളിൽ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും സസ്സന്തോഷം സിസ്റ്റർ തന്റെ കർമ്മ മണ്ഡലങ്ങളിൽ പ്രശോഭിച്ചു. 1998 മെയ് 7-ാം തിയതി നിത്യവ്രത വാഗ്ദാനത്തിലൂടെ തന്നെ പൂർണ്ണമായി ആത്മനാഥനായ യേശുവിന് സമർപ്പിച്ചു. മേരിമക്കൾ സമൂഹത്തിലെ സെന്റ് ജോസഫ്സ് പ്രോവിൻസ് മാർത്താണ്ഡത്തിന്റെ അംഗമായി. പ്രിയ സിസ്റ്റർ ഏതാനും വർഷങ്ങൾ പ്രൊവിൻസിലെ മൊബൈൽ റ്റീമിലെ ഒരു സജീവ പ്രവർത്തകയായി വർത്തിച്ചു. തുടർന്ന് 2006 ഒക്ടോബർ മാസം മുതൽ ജർമ്മനിയിലുള്ള ഡോട്ട്മുണ്ട് കമ്മ്യൂണിറ്റിയിലായിരുന്ന് കാരിത്താസിന്റെ കീഴിലുള്ള സെന്റ് ജോസഫ്സ് ഓൾഡേജ് ഹോമിൽ നീണ്ട 17 വർഷങ്ങൾ സിസ്റ്റർ ശുശ്രൂഷ ചെയ്തു. വളരെ താൽപര്യത്തോടും, സന്തോഷത്തോടും, ത്യാഗത്തോടും, അർപ്പണ മനോഭാവത്തോടും വയോധിക ജനങ്ങളെ ശുശ്രൂഷിച്ച് അവരിൽ യേശുവിന്റെ മുഖം ദർശിച്ച് അവരുടെ ഇടയിൽ ക്രിസ്തുവിന്റെ പരിമളമായി തീർന്നു ഈ സുന്ദര പുഷ്പം. കഴിഞ്ഞ 6 വർഷമായി ജർമ്മനിയിലുള്ള ഡോട്ട്മുണ്ട് മഠത്തിലുള്ള സുപ്പീരിയറായി തന്റെ സ്നേഹസേവനം കാഴ്ചവച്ചു. കമ്മ്യൂണിറ്റിയിലെ തന്റെ സഹോദരിമാരുടെ ഏറ്റം നിസ്സാരമായ ആഗ്രഹങ്ങൾ പോലും അവരുടെ ഉള്ളറിഞ്ഞ് ചെയ്തു കൊടുക്കുന്നതിനുള്ള ഒരു പ്രത്യേക കഴിവും അത് എന്ത്



ത്യാഗം സഹിച്ചും നേടി ക്കൊടുക്കുന്നതിനുള്ള പരിശ്രമവും പ്രിയ സഹോദരിമാർ ഏറെ നന്ദിയോടെ ഓർക്കുന്നു. ഭവനത്തിലുള്ളവർക്കും, ഭവനത്തിലേക്ക് കടന്നുവരുന്ന അതിഥികൾക്കും സ്വന്തം കരങ്ങൾക്കൊണ്ട് വിശിഷ്ട വിഭവങ്ങൾ ഉണ്ടാക്കികൊടുത്ത് അവരെ തൃപ്തിപ്പെടുത്തുക സിസ്റ്ററിന് ഏറ്റം ആനന്ദദായകമായിരുന്നു. മാതാപിതാക്കൾക്കും, സഹോദരങ്ങൾക്കും, സമൂഹാംഗങ്ങൾക്കും, തന്റെ നന്മകൾ ഏറ്റുവാങ്ങിയ പ്രവർത്തന മണ്ഡലങ്ങളിലെ അനേകർക്കും സിസ്റ്റർ സിബിയായുടെ നിറസാന്നിദ്ധ്യവും, നിറഞ്ഞ ചിരിയും, തിളക്കമാർന്ന കണ്ണുകളും, നന്മ നിറഞ്ഞ ജീവിതവും, നല്ല മാതൃകകളും എന്നും അനുകരണീയമായിരുന്നു.

31 വർഷത്തെ സന്യാസ ജീവിതം പൂർത്തിയാക്കി വളരെ ആകാസ്മികമായ വിധത്തിൽ 2024 ഫെബ്രുവരി 13 ന് തന്റെ 53-ാമത്തെ വയസ്സിൽ സിസ്റ്റർ തന്റെ ഇഹലോകവാസം വെടിഞ്ഞു. അവധിക്കായി നാട്ടിൽ വന്നപ്പോൾ കാലിൽ വേരിക്കോസ് വെയിനിന്റെ അസ്വസ്തതകൾ കണ്ടതിനെ തുടർന്ന് അതിന്റെ ഓപ്പറേഷനായി ഒരുങ്ങിക്കൊണ്ടിരുന്നു. അന്നേ ദിവസം പോലും തന്റെ സന്യാസ നിഷ്ഠകളെല്ലാം പനച്ചമൂട് മഠത്തിലെ സഹോദരിമാരോടൊത്ത് സന്തോഷത്തോടെ പൂർത്തിയാക്കി രാത്രി വിശ്രമത്തിനായി പോയി. പെട്ടെന്നുണ്ടായ കലശലായ വയറുവേദനയെ തുടർന്ന് പ്രിയ സഹോദരിയെ സഹസഹോദരിമാർ പനച്ചമൂട് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവന്റെയും മരണത്തിന്റെയും നാഥനായ യേശുവിന്റെ സവിധത്തിലേക്ക് ഈ സുന്ദര പുഷ്പം ക്ഷണനേരത്തിൽ ഇറുത്തെടുക്കപ്പെട്ടു. ഇന്ന് സ്വർഗ്ഗീയോദ്യാനത്തിൽ പരിമളം പരത്തുന്നു.

ജീവിതം പോലെ തന്നെ മരണവും ആർക്കും ഒരു കഷ്ടപ്പാടും തന്നെപ്രതി നൽകാതെ പുഞ്ചിരിയോടെ വിരാജിച്ച ഈ സ്നേഹപുഷ്പം ഇഹത്തിൽ തന്റെ കർത്തവ്യങ്ങളെല്ലാം ഭംഗിയായി അതിവേഗം പൂർത്തിയാക്കി പുഞ്ചിരിയോടെ പരലോകം പൂകി.

പ്രിയ സിസ്റ്ററിനെ ഓർക്കുമ്പോൾ മേരിമക്കൾ എന്ന പേര് സത്യസന്ധമായി ജീവിക്കുവാൻ കഴിഞ്ഞ



ഒരു പ്രിയ സോദരി. ജീവിതകാലം മുഴുവൻ ജപമാല മന്ത്രങ്ങൾ ഉരുവിട്ട് കയ്യിൽ സന്തത സഹചാരിയെപ്പോലെ ജപമാല സൂക്ഷിച്ചു. തന്റെ പേഴ്സണൽ ഡയറിയിലെ ഏതാനും വരികൾ ചുവടെ ചേർക്കുന്നു.

"അമ്മേ മാതാവേ നിന്നെ ഞാൻ ഒരുപാടു സ്നേഹിക്കുന്നു. ഞാൻ ഒത്തിരി ഇഷ്ടപ്പെടുന്നു. നിന്നെ ഓർക്കാതെ മറന്നു ജീവിച്ചതിൽ മാപ്പുചോദിക്കുന്നു. എന്റെ ജീവിതം നിന്നെ ഭരമേൽപിക്കുന്നു. നിന്നെ അറിയുവാനും മാധ്യസ്ഥം യാചിക്കുവാനും എന്നെ പഠിപ്പിച്ചതിനായി നന്ദി പറയുന്നു. അ ഇപ്പോൾ ഒരുപാട് കൊന്ത ചൊല്ലുവാൻ എനിക്കു കഴിയുന്നുണ്ട്. ഒരു മാസം 300 ജപമാല ചൊല്ലിയാൽ ഒരു വർഷം 3600 ജപമാല ചൊല്ലാം അതിനുവേണ്ടിയായിരിക്കും എന്റെ പരിശ്രമം" ഈ ഉദ്യമത്തിൽ പ്രിയ സഹോദരി ഉറച്ച് നിന്ന് ജപമാല മണികളിലൂടെ അനേകം ആത്മാക്കളെ നേടി.

സഭയോടും സഭാധികാരികളോടും അഭിവന്ദ്യ പിതാക്കന്മാരോടും ബഹുമാനപ്പെട്ട വൈദികരോടും, സിസ്റ്റേഴ്സിനോടും ആദരവും, നിഷ്കളങ്കമായ സ്നേഹവും, ഊഷ്മളമായ കരുതലും കാണിച്ചിരുന്ന പ്രിയ സഹോദരി ഒരു മാതൃഹൃദയത്തിനുടമയായിരുന്നു. തന്റെ പ്രാർത്ഥന ആവശ്യമുള്ളവരെയെല്ലാം തന്റെ ജപമാല പ്രാർത്ഥനയിൽ സിസ്റ്റർ ഉൾച്ചേർത്തിരുന്നു. പരിശുദ്ധ ദൈവ മാതാവിനോട് ശിശുതുല്യമായ ഒരടുപ്പം സൂക്ഷിച്ചിരുന്ന സിസ്റ്റർ മരിയഭക്തിക്ക് ഒരു സജീവമാതൃകയായിരുന്നു. ദൈവം ദാനമായി നൽകിയ തന്റെ മഹനീയ വിളിക്ക് ഏറ്റം വിശ്വസ്തമായ പ്രത്യുത്തരം നൽകി.

പ്രിയപ്പെട്ട സി. സിബിയാ തന്റെ അചഞ്ചലമായ ദൈവമാതൃ ഭക്തിയിൽ വളർന്ന് അനുകരണീയമായ ഒരു ജീവിതമാതൃക ഏവർക്കും നൽകി. ഇഹത്തിൽ ദൈവം തന്നെ ഭരമേൽപിച്ച ജോലികൾ അതിവേഗം പൂർത്തിയാക്കി തനിക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട സമയത്ത് സ്വർഗ്ഗരാജ്യം പുൽകി.

ഇന്ന് ദൈവസിംഹാസനത്തെ അലങ്കരിക്കുന്ന സ്നേഹസോദരീ അങ്ങ് സന്തോഷത്തോടെ വസിക്കുക. ഞങ്ങളുടെ എളിയ പ്രാർത്ഥനകൾ. അങ്ങയുടെ വലിയ ജീവിത സുകൃതങ്ങൾക്ക് മുൻപിൽ നമ്രശിരസ്കരായി മരിക്കാത്ത ഓർമ്മകളു മായി പ്രിയ സോദരികൾ... അങ്ങു പരിമളം പരത്തുക, വിടർന്നു വിരാജിക്കുക, ആ നിത്യ സ്വർഗ്ഗ ഗേഹേ.

**'മൺമയനായ ആദാമിന്റെ മക്കൾക്കു പുനരുത്ഥാനം വാഗ്ദാനം ചെയ്ത മിശിഹാ, നിന്നിലുള്ള പ്രത്യാശയോടുകൂടെ മരിച്ച നിന്റെ ദാസിയെ കരുണാപൂർവ്വം ജീവൻ നൽകി ഉയിർപ്പിക്കണമേ..**


**സി. എയ്ഞ്ചൽ തെരേസ് ഡി.എം.**
ഡി.എം. കോൺവെന്റ്
സെന്റ് ജോസഫ്സ് പ്രോവിൻസ്
മാർത്താണ്ഡം.




2024 മാർച്ച് 25

# ഓശാന ഞായർ

## വലിയ നോമ്പിലെ ഏഴാം ഞായർ

യോഹ 12 : 12 - 19

കനകം മൂലം കാമിനി മൂലം കലഹം പലവിധം ഉലകിൽ സുലഭം എന്നു പാടിയ കവി, ഇവ രണ്ടിനേക്കാൾ മനുഷ്യ മനസ്സുകളെ ആകർഷിക്കുന്ന അധികാരത്തിന്റെ വശ്യശക്തി യെക്കുറിച്ച് മൗനം പാലിച്ചത മനപൂർവ്വം ആയിരിക്കാം. അധികാരം കൈപ്പിടിയിലൊതുക്കാനും അതു കൈവിട്ട് പോകാതിരി ക്കാനും വേണ്ടി കുരുതി കൊ ടുക്കപ്പെട്ട മനുഷ്യ ജീവന് എണ്ണമില്ല. ഈശോയുടെ തിരുപിറവിയുടെ വാർത്ത കേട്ടിട്ട് ഹേറോദേസ് രാജാവ് കൊന്നൊടുക്കിയ നിര പരാധികളായ പൈതങ്ങളുടെ എണ്ണം ആർക്കറിയാം? വർദ്ധിച്ചു വരുന്ന ഹെബ്രായരുടെ ശക്തി തന്റെ സിംഹാസനത്തിന് ഭീഷ ണിയായെങ്കിലോ എന്നു സംശ യിച്ച് നൈൽ നദിയിൽ എറിയ പ്പെട്ട പുരുഷ പ്രജകളുടെ കണക്ക് ആർക്കറിയാം? ഭൂമുഖത്ത് കാലാ കാലങ്ങളായി നടന്നിട്ടുള്ള യുദ്ധ ങ്ങളിൽ മരിച്ചുവീണ രണ വീരന്മാ രുടെയെല്ലാം ജീവൻ ആർക്കൊ ക്കെയോ അധികാരം നേടാൻ വേണ്ടി ആയിരുന്നില്ലേ? ഏതു നേരത്തു വേണമെങ്കിലും ഈ മനോഹര ഭൂമിയെ ശൂന്യമാക്കാൻ പോന്ന മാരകായുധങ്ങൾ കുന്നു കൂട്ടി വച്ചിരിക്കുന്നത് "മനുഷ്യ രാശിയുടെ സമാധാനം' എന്ന ഓമനപേരിലാണെങ്കിലും സത്യം അതല്ലെന്ന് ആർക്കാ ണറിയാത്തത്. ബുദ്ധിയും വിവേ കവും വളരെ അധികം വളർന്നിട്ടും മനുഷ്യൻ ഇന്നും അപരിഷ് കൃതരായ കാട്ടാളന്മാരുടെ ആക്ര മണ സ്വഭാവം കാത്തു സൂക്ഷി ക്കുന്നതെന്തുകൊണ്ടാവാം? ഇതിനുത്തരം മനുഷ്യ സൃഷ്ടി യുടെ വിവരണത്തിലുണ്ട്. "ദൈവം വീണ്ടും അരുളി ചെയ്തു നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യ ത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക് കടലിലെ മത്സ്യങ്ങ ളുടെയും ആകാശത്തിലെ പറവ കളുടെയും നാൽക്കാലികളു ടെയും ഭൂമി മുഴുവന്റെയും ഭൂമി യിൽ ഇഴയുന്ന സർവ്വ ജീവിക ളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ." (ഉല്പത്തി 1:26) ആധിപത്യം നേടിയെടുക്കാനുള്ള ദാഹം ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന ദൈവീക തയാണ്. പ്രകൃതി ശക്തികളെ കീഴടക്കാൻ ദൈവം നൽ കിയി രിക്കുന്ന വരം മനുഷ്യൻ തന്റെ സഹോദരരെ കീഴ്പ്പെടുത്താ നായി ദുരുപയോഗം ചെയ്തു എന്നതിലാണ് മനുഷ്യന്റെ തെറ്റ്. കീഴടക്കാനുള്ള മേഖലകൾ വിവരിക്കുന്നിടത്ത് മറ്റു മനു ഷ്യരുടെ മേൽ ആധി പത്യം നേടിയെടുക്കാൻ നിർദ്ദേശിച്ചിട്ടില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധാർ ഹമാണ്. മറ്റു മനുഷ്യരുടെ മേൽ ആധിപത്യമല്ല ആദരവും സ്നേ ഹവും സേവനവുമാണ് നാം പുലർത്തേണ്ടത്. അതാണ് ദൈവ രാജ്യം. ഇക്കാര്യം മനുഷ്യ മനസു കളിൽ ഊന്നി ഉറപ്പിക്കാനാണ്



ദൈവ പുത്രൻ ശ്രമിച്ചത്. സ്നേഹം, സേവനം, കരുതൽ, കാവൽ, ആദരവ് എന്നിവമൂലം മറ്റു മനുഷ്യരുടെ മനസ്സിൽ സ്ഥാനമുറപ്പിക്കുമ്പോഴെ ദൈവഹിതം സഫലമാകൂ. രാജത്വത്തെക്കുറിച്ചും അധികാരത്തെക്കുറിച്ചും മനുഷ്യ മനസ്സുകളിലുള്ള ചിത്രം തിരുത്തിക്കുറിക്കുവാനാണ് ദൈവപുത്രൻ വിനീതനായി കഴുതമേൽ കയറി പട്ടണ പ്രവേശനം നടത്തിയത്. 118ാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ മനുഷ്യരിലും രഥങ്ങളിലും ആയുധങ്ങളിലും ആശ്രയം കണ്ടെത്താതെ, കർത്താവിൽ ആശ്രയം കണ്ടെത്തുകയും 'കർത്താവേ ഞങ്ങളെ രക്ഷിക്കണമേ' (ഹോശാന) എന്നപേക്ഷിച്ചുകൊണ്ട് മരച്ചില്ലകളേന്തി പ്രദക്ഷിണമായി ബലിപീഠത്തിങ്കലേക്ക് നീങ്ങുന്ന ഒരു മനുഷ്യസമൂഹത്തിന്റെ സാദൃശ്യമാണ് ഓശാനപ്പെരുന്നാളിൽ അരങ്ങേറിയത്. 'എന്റെ രാജ്യം ഐഹികമല്ല' എന്ന് സ്പഷ്ടമായി പ്രഖ്യാപിച്ചു കൊണ്ട് അധികാര രാഷ്ട്രീയമല്ല തന്റെ സമാധാനത്തിന്റെ മാർഗ്ഗമെന്ന് സകലരേയും ബോദ്ധ്യപ്പെടുത്താനാണ് എളിമയുടെയും സേവനത്തിന്റെയും പ്രതീകമായ കഴുതപ്പുറത്തിരുന്നുകൊണ്ട് സ്വർഗ്ഗീയ രാജാവ് എഴുന്നള്ളിയത്. മനുഷ്യൻ കീഴടക്കേണ്ടതും ആധിപത്യം നിലനിർത്തേണ്ടതും മറ്റു മനുഷ്യരേയല്ല തന്റെ തന്നെ ഉള്ളിലുള്ള അഹങ്കാരം, വ്യർത്ഥാഭിമാനം, ദുരാസക്തികൾ, അത്യാർത്തി, കോപം, വിദ്വേഷം, പക, മാത്സര്യം തുടങ്ങിയ ദുസ്വഭാവങ്ങളേയാണെന്ന് ഈശോ സ്വന്തം ജീവിത മാതൃകയിലൂടെ നമ്മേ പഠിപ്പിക്കുന്നു.

**2024 മാർച്ച് 28**

## പെസഹാവ്യാഴം

**ലൂക്കാ 22 : 14 - 23**

ഇസ്രായേലിന്റെ പെസഹാ ആഘോഷം ആരംഭിക്കുന്നത് ഓരോ ഭവനത്തിലും ഒരു ഭക്ഷണ മേശക്കുചുറ്റും ഒത്തുചേരുന്ന കുടുംബാംഗങ്ങളുടെ കൂട്ടായ്മയിലാണ്. ഒരുക്കത്തിലും പങ്കുചേരലിലും പ്രകടമായിരുന്ന അസാധാരണത്വം മൂലം എന്താണിതിന്റെ അർത്ഥം എന്ന് പുതിയ തലമുറ ചോദിച്ചു പോകും. അപ്പോൾ പ്രഥമസ്ഥാനീയനായ പിതാവോ മുത്തച്ഛനോ ഉണ്ടെങ്കിൽ അദ്ദേഹമോ ദേശാടനക്കാരനായിരുന്ന തന്റെ പൂർവ്വ പിതാവായ അബ്രഹാമിൽ ആരംഭിക്കുന്ന കുടുംബ ചരിത്രം ഭക്തിയുടെയും കൃതജ്ഞതയുടെയും ആഹ്ലാദത്തിന്റെയും അഭിമാനത്തിന്റെയും പരിവേഷത്തോടെ വിവരിച്ചു കേൾപ്പിക്കുന്നത് പെസഹാ വിരുന്നിന്റെ അവിഭാജ്യഘടകമാണ്. കാലമെത്ര കഴിഞ്ഞാലും പ്രവാസ ജീവിതത്തിന്റെ കഷ്ടതകളും മരുഭൂവാസത്തിന്റെ ഞെരുക്കവും കടന്നുപോയാലും, സമൃദ്ധിയും സമ്പത്തും ആസ്വദിച്ചു കൊണ്ട് കനാൽ നാട്ടിൽ സ്ഥിരവാസം



ആരംഭിച്ചപ്പോഴും പെസഹാ പെരുനാൾ ഭൂതകാലത്തിന്റെ നിസഹായതയിൽ ദൈവം കാരുണ്യപൂർവ്വം ഇടപെട്ട് നൽകിയ വിമോചനത്തിന്റെ ഓർമ്മപ്പെടുത്തൽ മാത്രമല്ല വർത്തമാന കാലത്തിന്റെ ആശ്വാസവും ഭാവിയെക്കുറിച്ചുള്ള പ്രത്യാശയും ആയി പെസഹാ ആഘോഷം ഇസ്രായേൽ ജനത്തെ ശക്തിപ്പെടുത്തി. സംഹാരദൂതൻ പോലും തങ്ങളെ സ്പർശിക്കാതെ കടന്നു പോകത്തക്കവണ്ണം ദൈവത്തിന്റെ സംരക്ഷണമുള്ളവരാണ് തങ്ങളെന്ന ഓർമ്മയാണ് പെസഹാ പെരുന്നാൾ ഇസ്രായേലിന് ധൈര്യം പകർന്നത്. പണ്ടൊരിക്കൽ സംഭവിച്ചതിന്റെ വെറും അനുസ്മരണം മാത്രമായിട്ടല്ല ഇന്നും എന്നും ഏതൊരാൾക്കും ആശ്രയം വയ്ക്കാവുന്ന അഭയ ശിലയായിട്ടാണ് നാമിതിനെ കാണേണ്ടത്. ദൈവം മാറ്റങ്ങൾക്ക് അതീതനാണന്നാണല്ലോ നാം വിശ്വസിക്കുന്നത്. യേശുവിന്റെ കാൽവറിയിലെ ബലിയുടെ തനി ആവർത്തനമാണ് വിശുദ്ധ കുർബ്ബാന എന്നല്ല നാം പറയേണ്ടത്. ആവർത്തിക്കപ്പെടാൻ കഴിയാത്ത ആ മഹത്തായ ബലിയുടെ ഫലം ഇന്നും എന്നും എല്ലാ തലമുറയിൽപ്പെട്ടവർക്കും അനുഭവവേദ്യമാക്കിത്തീർക്കുന്ന നിദാന്ത സ്മരണയാണ് നാം അർപ്പിക്കുന്ന ദിവ്യബലി. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്ന് ലൂക്കാ രേഖപ്പെടുത്തുമ്പോൾ 1 കോരി 11-ാം അദ്ധ്യായത്തിൽ ഇതേ നിർദ്ദേശം മൂന്നു തവണ ആവർത്തിച്ചിരിക്കുന്നതായി കാണാം. കാൽവറിയിൽ വീണലിഞ്ഞ ക്രിസ്തുവാകുന്ന മുന്തിരി വിത്തിൽ നിന്നും മുളച്ചു വളർന്ന് ലോകമാകെ പടർന്ന് ചരി ത്രത്തിലേക്ക് തലനീട്ടി ഫലം പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്നു എന്നു കരുതാം. ആകാശത്തിൽ മഴവില്ല് പ്രത്യക്ഷപ്പെടുമ്പോഴൊക്കെ ദൈവം നോഹയുമായി ചെയ്ത ഉടമ്പടി അനുസ്മരിക്കുകയും സർവ്വനാശം സംഭവിക്കാതെ ലോകം സംരക്ഷിക്കപ്പെടുമെന്ന് ഉല്പത്തി 9:9-17 ൽ നാം വായിക്കുന്നു. യഹൂദരുടെ പെസഹാ ആചരണവും രക്ഷാകര മായ അനുസ്മരണത്തിന്റെ ഉദാഹരണമാണ് (പുറ. 12:14) ബൈബിൾ മൊത്തത്തിലെടുത്താലും അതിലെ ഓരോ വിവരണങ്ങളും ദൈവാ നുഭവത്തിന്റെ സജീവ സ്മരണകളാണ്. യേശുദാസിന്റെ ഗാനം ഒരു മൈക്രോചിപ്പിലേക്ക് രൂപമാറ്റം ചെയ്ത് സംഭരിച്ചിട്ട് വീണ്ടും വീണ്ടും പുനരാവിഷ്കരിക്കാനും ആ ഗാനത്തിന്റെ മാധുര്യം ഒട്ടും ചോർന്നുപോകാതെ ആസ്വദിക്കാനും നാം മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടല്ലോ. ഏതൊരു സൂപ്പർ കമ്പ്യൂട്ടറിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ ദൈവം രൂപ കല്പന ചെയ്തിട്ടുള്ള മനുഷ്യ മനസ്സിൽ ദൈവപുത്രൻ തന്റെ മനുഷ്യരക്ഷണീയ പ്രവർത്തികൾ മൂല്യം ചോർന്നു പോകാതെ സൂക്ഷിക്കാനും പുനരാവിഷ്ക്കരിക്കാനും വഴി കണ്ടെത്തിയിരിക്കുന്നു. അതാണ് ഈശോയുടെ ദിവ്യബലി. അതാണ് ദൈവരാജ്യം പൂർണ്ണമാകുന്നതുവരെ നാം ആഘോഷിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. സംഹാരദൂതൻ നമ്മെ സ്പർശിക്കാതെ കടന്നു പോകുന്നതിനും ജീവദായകനായ ദൈവപുത്രന്റെ സജീവ സാന്നിദ്ധ്യം എന്നും നമ്മോടു കൂടെ ഉണ്ടാകുവാനും നമ്മുടെ പെസഹാ ആഘോഷം ഇടയാക്കട്ടെ.



2024 മാർച്ച് 29

# ദു:ഖവെള്ളി

കമ്യൂണിസത്തിന്റെ അടിസ്ഥാന തത്വം (Dialectical Materialism) വൈരുധ്യാത്മക ഭൗതീക വാദമാണെങ്കിൽ ക്രിസ്തീയതയെ വൈരുധ്യാത്മക ആത്മീയവാദമെന്നു വിളിക്കാം (Paradoxical experience of spirituality) ശിശുവായിരിക്കുമ്പോൾ തന്നെ യേശുവിനെക്കുറിച്ച് പറയപ്പെട്ടത് 'ഇവൻ വിവാദവിഷയമായ അടയാളം (a sign of contradiction) ആയിരിക്കും" എന്നാണല്ലോ ക്രിസ്തുവിനേക്കുറിച്ചു പരാമർശിക്കുമ്പോഴൊക്കെ പരസ്പര വിരുദ്ധമെന്നു തോന്നാവുന്ന അനുഭവങ്ങളുടെ വലിയൊരു നിരതന്നെ കാണാം. ക്രിസ്തുവിൽ അവയെല്ലാം സമരസപ്പെട്ടു പോകുന്നുമുണ്ട്. മരണവും ജീവനും, കുരിശും കീരിടവും, സഹനവും മഹത്വീകരണവും, ദാരിദ്ര്യവും സംതൃപ്തിയും, കരച്ചിലും പുഞ്ചിരിയും, എളിമയും ഔന്നത്യവും തുലോം വ്യത്യസ്ഥവും വിരുദ്ധവുമെന്നു തോന്നാവുന്നവയേ പരസ്പര പൂരകങ്ങളാക്കിത്തീർക്കുന്ന വിദഗ്ദ്ധ ശില്പിയാണീശോ. കുരിശിനേ ഉത്ഥാനത്തിൽ നിന്നോ സഹനത്തെ മഹത്വീകരണത്തിൽ നിന്നോ വേർപെടുത്തി ചിന്തിക്കാനേ സാധ്യമല്ലാതായിരിക്കുന്നു. ഈശോയുടെ അനേകം വൈരുദ്ധ്യാത്മക വചനങ്ങൾ ശ്രദ്ധിക്കുക "ഒരു വിത്ത് നിലത്തു വീണ് അഴുകി മരിക്കുന്നില്ലെങ്കിൽ അത് ജീവിച്ചിരിക്കുകയില്ല. "തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. "മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആയി തീരും". "മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കാനാണ്; ശുശ്രൂഷിക്കപ്പെടാനല്ല". "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ."



"എന്നെ പ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും." ഏറ്റം വിചിത്രമായ കാര്യമെന്താണെന്നു ചോദിച്ചാൽ മഹത്വവും ബഹുമാനവും തേടി നടക്കുന്നവരല്ല അതു നേടിയെടുക്കുന്നത്. നന്മ ചെയ്യാനും സുവിശേഷം അനുസരിച്ച് ജീവിക്കാനും അത് പ്രചരിപ്പി ക്കാനും നാം തയ്യാറാകുന്ന നിമിഷം ഈശോയേപ്പോലെ നമുക്കും സഹനവും കുരിശും ഏൽക്കേണ്ടിവരും. ഈശോ ലോകത്തിലവതരിച്ചതു തന്നെ രോഗവും ദുഃഖവും വേദനയും അകറ്റി മനുഷ്യരെ രക്ഷിക്കാനാണല്ലോ. അതിനാൽ സഹനം അതിൽ തന്നെ വലിയ പുണ്യമായി നാം കരുതുന്നില്ല. എന്നിരിക്കിലും സഹനത്തിന് യാതൊരു നന്മയും ഇല്ലെന്ന് നാം പറയുകയില്ല. ഈ ലോകത്തിന്റെ പരിമിതികൾ കണക്കിലെടുക്കുമ്പോൾ, ഏതൊരാൾക്കും തന്റെ ആത്മാർത്ഥതയും സ്നേഹവും ആത്മ സമർപ്പണവും വ്യക്തമാക്കാൻ ഇത് നല്ലൊരുപാധി വേറേ ഇല്ല. ഏതൊന്നിനെയാണോ നാം വിലമതിക്കുന്നത് അത് സ്വന്തമാക്കാനും കാത്തുസൂക്ഷിക്കാനും എന്തു വില കൊടുക്കാനും, എന്തു ത്യാഗം സഹിക്കാനും നാം തയ്യാറാകുമല്ലോ. നമ്മുടെ ദൈവസ്നേഹവും സഭാസ്നേഹവും കുടുംബസ്നേഹവും ദേശസ്നേഹവും എത്രത്തോളമുണ്ട് എന്നളക്കാനുള്ള സ്നേഹ മാപിനിയിൽ നിറച്ചിരിക്കുന്നത് മെർക്കുറിയല്ല ത്യാഗത്തിന്റെയും സഹനത്തിന്റെയും രസമാണ്. ഈശോ വെളിപ്പെടുത്തിയ പെസഹാരഹസ്യത്തിന്റെ ആഴങ്ങൾ ഗ്രഹിക്കുവാൻ ഒരു പുരുഷായുസ് തികയാതെ വന്നേക്കാം. എങ്കിലും അതറിയാനും അനുഭവത്തിൽ കൊണ്ടുവരാനും നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ് വേണ്ടത്. കാരണം ക്രിസ്തീയതയുടെ അടയാളം ശൂന്യവൽക്കരണത്തിന്റെയും സഹനത്തിന്റെയും മരണത്തിന്റെയും വേദിയായ കാൽവറിയിലെ കുരിശുമരമാണ്. യഹൂദർ പ്രതീക്ഷിച്ചിരുന്നത് യൂദായുടെ സിംഹത്തെയാണ്. പക്ഷേ ഈശോ വന്നത് ദൈവത്തിന്റെ കുഞ്ഞാടായിട്ടാണ്. രക്ഷകൻ കടിച്ചുകീറുന്ന സിംഹമല്ല ശാന്തത കൈവിടാത്ത കുഞ്ഞാട്. എത്ര യെത്ര ദുഃഖവെള്ളിയാഴ്ചകളും കുരിശിന്റെ വഴികളും ആവർത്തിക്കപ്പെട്ടാലും ഈശോ പഠിപ്പിച്ച സഹനത്തിന്റെയും പരിത്യാഗത്തിന്റെയും പാഠങ്ങൾ നമ്മുടെ മനസ്സിൽ പതിയാൻ പ്രയാസമാണ്. എത്ര എളുപ്പം നമ്മുടെ ഭക്തി പ്രകടനങ്ങൾ ശക്തി പ്രകടനങ്ങളായി മാറിപ്പോകുന്നു എന്നു നോക്കുക. ഈശോ നമ്മെ വിളിച്ചിരിക്കുന്നത് വലിയ ഭാവം നടിക്കാനല്ല നേരേ മറിച്ച് ദൈവത്തിന്റെ തിരുമനസ്സിന് നമ്മെ അടിയറ വയ്ക്കാനും അവിടുന്ന് ജീവിച്ചു കാണിച്ചതുപോലെ സ്നേഹശുശ്രൂഷ ചെയ്യാനുമാണ്.

2024 മാർച്ച് 31

# ഉയർപ്പ് പെരുന്നാൾ

യോഹ. 20 : 1 -10



'വാക്കുകളാൽ കരിംപൂതപ്പേന്തുന്നു വാസ്തവ മനോഭാവം പലപ്പോഴും യോഹ. 20:1-10 സത്യം മനസിലാക്കാനും അറിഞ്ഞ കാര്യങ്ങൾ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും നാം പ്രധാനമായും ആശ്രയിക്കുന്നത് വാക്കുകളെയാണ്. എങ്കിലും അത് കുറ്റമറ്റ ഒരു സംവിധാനമാണെന്ന് പറയാൻ വയ്യ. ധാരണകളെക്കാൾ എത്രയോ അധികമാണ് തെറ്റിദ്ധാരണകൾ. കണ്ണുകൊണ്ട് കണ്ട കാര്യങ്ങൾ വിവരിക്കുന്നവരെ ദൃക്സാക്ഷികൾ എന്നു വിളിക്കുന്നു. അതും പൂർണ്ണമായി വിശ്വസിക്കാവുന്നതാകണമെന്നില്ല. കാരണം കാഴ്ചയെ സ്വാധീനിക്കുന്ന മറ്റനേകം ഘടകങ്ങൾ ഉണ്ടല്ലോ. കാര്യങ്ങൾ ഗ്രഹിക്കാൻ സഹായകമായ അഞ്ച് ഇന്ദ്രിയങ്ങൾ നമുക്ക് നൽകപ്പെട്ടിട്ടുണ്ടല്ലോ. ഇവ അഞ്ചും ചേർന്നാൽ പോലും നമ്മുടെ അറിവ് പൂർണ്ണമാകണമെന്നില്ല. ഈ തിരിച്ചറിവാണ് നമുക്ക് ആദ്യമേ വേണ്ടത്. അപ്പോഴേ നാം കൂടുതൽ ആഴത്തിലേക്കിറങ്ങി ചിന്തിക്കാനും അന്വേഷിക്കാനും ശ്രമിക്കുകയുള്ളു. ഔതീക ജ്ഞാനത്തേക്കാൾ

എത്രയോ വിദൂരമാണെന്ന് നോക്കുക. അല്പ ജ്ഞാനം ആപത്താണെന്ന് പറയാറുണ്ടല്ലോ. മനുഷ്യബന്ധങ്ങളിൽ വിള്ളലുകളും വിരോധങ്ങളും ഉണ്ടാക്കുന്നത് പലപ്പോഴും വാസ്തവസ്ഥിതി അറിയാനും അറിയിക്കാനുമുള്ള നമ്മുടെ പരിമിതികളിൽ നിന്നാണ്. പ്രത്യേകിച്ച് കുടുംബ ജീവി തത്തിൽ. ക്രൈസ്തവർക്കിടയിലെ അനേകം വിഭാഗിയതയും ഇങ്ങനെ ഉണ്ടാകുന്നതാണ്. അടുത്തതായി ഈശോയുടെ കബറിടത്തിൽ എത്തിച്ചേരുന്നത് പ്രിയ ശിഷ്യനായ യോഹന്നാനാണ്. വാതിൽക്കൽ നിന്ന് ഉള്ളിലേക്ക് എത്തിനോക്കുമ്പോൾ കാണുന്നത് മൃതശരീരം പൊതിഞ്ഞിരിക്കുന്ന വസ്ത്രമാണ്. തിരുശരീരം കവർച്ച ചെയ്യപ്പെട്ടതാകാമെന്ന സംശയം അസ്ഥാനത്താണെന്നു മനസ്സിലായി. മൃതശരീരം പൊതിഞ്ഞിരിക്കുന്ന വസ്ത്രം ഉപേക്ഷിച്ചിട്ട് ശരീരം മാത്രം മോഷ്ടിച്ചു കൊണ്ടുപോകാൻ ആരും തന്നെ തുനിയുകയില്ലല്ലോ. ശിഷ്യന്മാരിൽ പ്രധാനിയായിരുന്ന പത്രോസ് കബറിങ്കൽ എത്തിച്ചേർന്നതോടുകൂടി അവർ രണ്ടുപേരും കബറിന് ഉള്ളിൽ പ്രവേശിച്ച് കുറച്ചു കൂടി അടുത്തുചെന്ന് സൂക്ഷ്മമായി പരിശോധിച്ചപ്പോൾ അവർക്ക് ഒരു കാര്യം വളരെ സ്പഷ്ടമായി മനസ്സിലായി. ഈശോയുടെ ശരീരം ആരും കവർന്നെടുത്തതല്ല. അത് സ്വയം അപ്രത്യക്ഷമായതാണ്. കാരണം ശിരസ്സിൽ ചുറ്റിയിരുന്ന വസ്ത്രം ഒരു തലപ്പാവു പോലെ ശിരസ്സിന്റെ സ്ഥാനത്തും ശരീരം പൊതിഞ്ഞിരിക്കുന്ന തുണി എങ്ങനെയാണോ ചുറ്റിയിരുന്നത് ആ ചുറ്റഴിയാതെ ഒരു ഉറപോലെ അതിന്റെ സ്ഥാനത്തും സ്ഥിതി ചെയ്തിരുന്നു. ഉള്ളടക്കം ആവിയായി പോയതുപോലെയാണ് കാണപ്പെട്ടത്. അസാധാരണമായതെന്തോ സംഭവിച്ചിട്ടുണ്ട് എന്ന് അവർക്കു ബോധ്യപ്പെട്ടു. ആ ബോധ്യത്തോടുകൂടെ അവർ സ്വഭവനത്തിലേക്ക് മടങ്ങിപ്പോയി. പലപ്പോഴും നമ്മുടെ വിശ്വാസവും ഇത്രത്തോളമൊക്കയേ എത്താറുള്ളു. പലതും കണ്ടും, കേട്ടും ബോധ്യപ്പെട്ടും വീട്ടിലേക്കു മടങ്ങി. ഉത്ഥാന രഹസ്യം അറിഞ്ഞ ഒരാൾ യോഹന്നാൻ 14:26 ൽ പറഞ്ഞിരിക്കുന്നതുപോലെ പരിശുദ്ധാത്മാവിന്റെ സഹായത്തോടു കൂടിയ ആത്മീയ ദർശനം ലഭിക്കുന്നതുവരെ നാം നിഷ്ക്രിയരായിരിക്കും. അതുവരെ മാത്രം...








**Adv shini Mary Sanu**
(Kerala Highcourt)

# മൗലീക കർത്തവ്യങ്ങൾ അഥവാ Fundamental Duties

**ന**മ്മുടെ ഭരണഘടന നമുക്ക് ചില അവകാശങ്ങൾ ഉറപ്പു വരുത്തുന്നുണ്ട്. അതോടൊപ്പം നമുക്ക് നമ്മുടെ രാജ്യത്തോടും സമൂഹത്തിനോടും ചില കർത്തവ്യങ്ങൾ കൂടിയുണ്ട്. അവ മൗലിക കർത്തവ്യങ്ങൾ എന്ന് അറിയപ്പെടുന്നു. ഭരണ ഘടനയുടെ IV-ാം ഭാഗത്തിൽ 51-ാം അനുച്ഛേദത്തിൽ ഒരു ഭാരതീയ പൗരന്റെ 11 മൗലിക കർത്തവ്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. 1976 ലെ 42-ാം ഭരണഘടന ഭേദഗതിയിലൂടെയാണ് മൗലിക കർത്തവ്യങ്ങൾ എഴുതി ചേർക്കപ്പെട്ടത്. അന്ന് 10 മൗലികകർത്തവ്യങ്ങൾ ആണ് ഭരണഘടനയുടെ ഭാഗമായി നിലവിൽ വന്നത്. പിന്നീട് 2002 ലെ 86ാം ഭരണഘടന ഭേദഗതിയിലൂടെ പതിനൊന്നാമതൊരു മൗലിക കർത്തവ്യം കൂടി നിലവിൽ വന്നു.

രാഷ്ട്രത്തോട് സമൂഹത്തോടും ഒരു ഭാരതീയ പൗരൻ നിർവഹിക്കേണ്ട കടമയാണ് മൗലിക കർത്തവ്യങ്ങൾ. ഭാരതീയ പൗരന്മാർ മൗലികാവകാശങ്ങൾക്ക് അർഹരായിരിക്കുന്ന അവസര ത്തിൽ തന്നെ മൗലികമായ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് ബാധ്യതയുള്ളവരാണ്.

51A (A) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക.

51A (B) സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശനങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക.

51A (C) രാജ്യത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിടിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

51A (D) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.

51A (E) മതപരവും ഭാഷാപരവുമായ പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സഹോദരി മനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവ് വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

51A (F) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും ചെയ്യുക.

51A (G) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാലുള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക.

51A (H) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനുമുള്ള മനോഭാവം വികസിപ്പിക്കുക.

51A (i) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശബദം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക.

51A (J) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നത തലങ്ങളിലേക്ക് നിരന്തരം ഉയർത്തക്കവണ്ണം വ്യക്തിപരവും കൂട്ടായ്മയുമായ പ്രവർത്തനത്തിന്റെ എല്ലാ മാനദണ്ഡങ്ങളും ഉത്കൃഷ്ടതയ്ക്ക് വേണ്ടി അധ്വാനിക്കുക.

51A (K) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യ ബാലകനോ, അതാതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഉറപ്പുവരുത്തുക.




THE MAJOR ARCHBISHOP-CATHOLICOS AND BISHOPS OF THE MALANKARA SYRIAC CATHOLIC CHURCH DURING THE HOLY EPISCOPAL SYNOD ON 20-02-2024



# തിരഞ്ഞെടുപ്പ് ഒരു തിരിച്ചറിവ്

**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
സെന്റ് ജോസഫ് മലങ്കര കത്തോലിക്ക
സുറിയാനി ചർച്ച് ഇളമണ്ണൂർ

**ലോകസഭ** ഇലക്ഷൻ കടന്നു വരുമ്പോൾ തിരഞ്ഞെടുക്കപ്പെടേണ്ടവർ ആരാണെന്ന് നാം സ്വയം വില ഇരുത്തേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ അധികാരത്തിൻ കീഴിൽ. ഇവിടെ രാജാവോ? രാജ്ഞിയോ? രാഷ്ട്രപതിയോ? ഏകാധിപതിയോ? അവർ നല്ലതോ ചീത്തയോ ആയിക്കൊള്ളട്ടെ അവിടെ ദൈവഭക്തർ ഉയർന്ന സ്ഥാനങ്ങളിൽ ഇരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. എന്നാൽ പലപ്പോഴും, സർക്കാർ നേതാക്കളെ നയിക്കുന്നത് സ്വാർത്ഥ അഭിലാഷങ്ങളും വിഡ്ഢിത്തമായ വിവാദങ്ങളും ആണ്. ഋതുകാലങ്ങൾ മാറി വരുന്നത് പോലെ. ഇലക്ഷൻ എന്ന പ്രതിഭാസം ഭാരതത്തിൽ ആകെ അലയടിച്ചു കൊണ്ടിരിക്കുകയാണ്. കൈകൂപ്പിയും കാലുപിടിച്ചും കണ്ണു നനച്ചും ഇരന്ന് ചോദിക്കുന്ന നമ്മളുടെ സമ്മതിദാന അവകാശം നമ്മൾ കൊടുക്കുമ്പോൾ ഇന്ന് ഏറെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഇവിടെ രാജ്ഞിയോ? രാജാവോ? ഏകാധിപതിയോ? അല്ല അവർ ആരുമായിക്കോട്ടെ നിങ്ങളുടെ വിലപ്പെട്ട വോട്ടവകാശത്തിന് അവർ യോഗ്യരാണോ എന്ന് വിലയിരുത്തുക. തീർച്ചയായും യോഗ്യതയുള്ളവർ മാത്രം അവിടെ വിജയിക്കട്ടെ.

**തിരഞ്ഞെടുക്കപ്പെട്ട നേതാക്കളെ കുറിച്ച് തിരുവചനം എന്താണ് പറയുന്നത്?**

തിരഞ്ഞെടുക്കപ്പെട്ട നേതാക്കളെ കുറിച്ച് ദൈവവചനത്തിന് ധാരാളം കാര്യങ്ങൾ പറയാനുണ്ടെന്ന് നാം മനസ്സിലാക്കണം അവർ പാലിക്കേണ്ടയും ഉപേക്ഷിക്കേണ്ടതുമായ ചില കാര്യങ്ങൾ കൂടിയുണ്ട്.

(1) **എളിമ:** എളിമ ഉള്ളവർ ആവുക (നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക; പ്രഭാഷകൻ 3 : 18) ദൈവത്തെ ഭയപ്പെടുകയും എല്ലാവരെയും ബഹുമാനിക്കുകയും ചെയ്യുക.

(2) **അഹങ്കാരം:** അഹങ്കാരം ഇല്ലാത്തവരാവുക (അഹങ്കാരിയുടെ കഷ്ടതകൾക്കു പ്രതിവിധിയില്ല; എന്തെന്നാൽ, ദുഷ്ടത അവനിൽ വേരുറച്ചു വളരുന്നു. പ്രഭാഷകൻ 3 : 28) എല്ലാ കാര്യങ്ങളും താഴ്മയോടെ ചെയ്യുക.

(3) **ദാനധർമ്മം:** (ദാനധർമ്മം: തിന്മക്കു പകരം നൻമ ചെയ്യുന്നവൻ സ്വന്തം ഭാവി ഉറപ്പിക്കുന്നു; വീഴ്ച ഉണ്ടാകുമ്പോൾ അവനു സഹായം ലഭിക്കും (പ്രഭാഷകൻ 3 : 31) കഷ്ടപ്പെടുന്നവനെ മനസ്സിലാക്കുക സഹായിക്കുക.

(4) **ലജ്ജശീലം:** തക്കസമയം വിവേചിച്ചറിയുകയും തിൻമയ്ക്കെതിരേ ജാഗരൂകത പുലർത്തുകയും ചെയ്യുക. സ്വയം അപമാനം വരുത്തിവയ്ക്കരുത്.നിനക്കുതന്നെ ദ്രോഹം ചെയ്യുന്നവിധം പക്ഷപാതം കാണിക്കരുത്.നിന്റെ പതനത്തിനു കാരണമാകുംവിധം അന്യർക്കു വഴങ്ങുകയുമരുത്. ഉചിതമായ സന്ദർഭങ്ങളിൽ സംസാരിക്കാതെ പിൻവാങ്ങരുത് ജ്ഞാനം നീ മറച്ചുവയ്ക്കരുത്.സത്യവിരുദ്ധമായി ഒരിക്കലും വാദിക്കരുത്. സ്വന്തം അജ്ഞതയെക്കുറിച്ചു ബോധവാനായിരിക്കണം. തെറ്റു സമ്മതിക്കാൻ ലജ്ജിക്കേണ്ടതില്ല. ഒഴുക്കിനെതിരേ നീന്തരുത്. മരിക്കേണ്ടിവന്നാലും സത്യം വെടിയരുത്; ദൈവമായ കർത്താവ് നിനക്കുവേണ്ടി പൊരുതിക്കൊള്ളും. എന്ന് ഉറച്ചു വിശ്വസിക്കുക വിവേകം വിട്ടു സംസാരിക്കരുത്; പ്രവൃത്തിയിൽ അശ്രദ്ധയും ആലസ്യവും പാടില്ല വാങ്ങാൻ കൈ നീട്ടുകയോ കൊടുക്കുമ്പോൾ പിൻവലിക്കുകയോ അരുത്. സമ്പത്തിൽ ഗർവ് അരുത് ഇവിടെ ജ്ഞാനിയായ ന്യായാധിപൻ ജനത്തിനു ശിക്ഷണം നൽകുന്നു; അറിവുള്ളവൻ ചിട്ടയോടെ ഭരിക്കുന്നു;

# വികസനം

വികസനം കേരളത്തിൽ മാത്രമല്ല ഭാരതത്തിന്റെ ഓരോ മുക്കിലും മൂലയിലയും വികസനം എത്തട്ടെ.....

കേരളത്തിന്റെ മലയോര കടലോര മേഖലകളിൽ വികസനം എത്തട്ടെ. പെൻഷൻ വിതരണം മുടക്കം ഇല്ലാതെ തുടരട്ടെ. തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ മുഷ്ടിചുരട്ടി ധാർഷ്ട്യം കാണിക്കുന്ന രാഷ്ട്രീയ പ്രവർത്തകരെ അല്ല ഞങ്ങൾക്ക് വേണ്ടത്. മാന്യമായി പെരുമാറാനും സംസാരിക്കാനും നിങ്ങൾക്കും കഴിയട്ടെ. ഒരു നല്ല രാഷ്ട്രത്തെ വാർത്തെടുക്കുവാനും സമൂഹത്തിൽ നന്മ ചെയ്യുവാനും ഓരോ രാഷ്ട്രീയ പ്രവർത്തകനും കഴിയട്ടെ. വോട്ട് കിട്ടാൻ വേണ്ടി മാത്രം ഒളിഞ്ഞുവരുന്ന ഒളിയമ്പുകൾ ആയി നിങ്ങൾ മാറരുത്. വികസനം നേർവഴിക്ക് നടക്കട്ടെ അങ്ങനെയെങ്കിൽ ഒരു മധുവും ഇവിടെ കൊല്ലപ്പെടുകയില്ല നാളെയുടെ ഭാരതത്തെ വാർത്തെടുക്കുന്നത് എൻറെയും നിങ്ങളുടെയും അവകാശമാണ്...

# ആരോഗ്യം വിദ്യാഭ്യാസം

**ആരോഗ്യം:** ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ജനനായകൻ മാർക്ക് കഴിയട്ടെ....

കേരളത്തിലെ ആരോഗ്യ മേഖല നമ്മുടെ രാജ്യത്തിന് തന്നെ വളരെയേറെ അഭിമാനകരമായ നേട്ടങ്ങളാണ് കാഴ്ച വയ്ക്കുന്നത് എന്ന് പറയുമ്പോഴും **എന്തുകൊണ്ട് നമ്മുടെ സാമൂഹിക രാഷ്ട്രീയ നേതാക്കൾ വിദേശ രാജ്യങ്ങളിൽ ചികിത്സയ്ക്കായി പോകുന്നു?**

**നമ്മുടെ ആരോഗ്യ മേഖലയ്ക്ക് എന്തെങ്കിലും കുറവുണ്ടോ?**

**കുറവുണ്ടെങ്കിൽ ആ കുറവ് നികത്തുകയല്ല വേണ്ടത്?**

അങ്ങനെയൊരു കുറവുണ്ടെങ്കിൽ അത് എത്രയും വേഗം നികത്തുക തന്നെ ചെയ്യട്ടെ...

**വിദ്യാഭ്യാസം:** ജ്ഞാനം താഴ്ന്നവനെ ഉയർത്തി പ്രഭുക്കന്മാരുടെ ഒപ്പം ഇരുത്തുന്നു. ചെറുപ്പം മുതലേ കുഞ്ഞുങ്ങൾക്ക് നല്ല ഒരു വിദ്യാഭ്യാസം നൽകുക എന്നത് ഓരോ മാതാപിതാക്കളുടെയും കടമ തന്നെയാണ്. ഭാരതത്തിൽ നമ്മുടെ ഈ കൊച്ചു കേരളമാണ് വിദ്യാഭ്യാസ മേഖലയിൽ ഒന്നാം സ്ഥാനത്തുള്ളത്. എന്നിരുന്നാൽ തന്നെയും **എന്തുകൊണ്ടാണ് നമ്മൾ വിദേശ വിദ്യാഭ്യാസം തിരഞ്ഞെടുക്കുന്നത്?**

**നമ്മുടെ വിദ്യാഭ്യാസത്തിന് എന്തെങ്കിലും പോരായ്മകൾ ഉണ്ടോ?...**

**ഉണ്ടെങ്കിൽ അത് ഒന്ന് നികത്തപ്പെടേണ്ടവ അല്ലേ?...**

ശരിയും തെറ്റും ചൂണ്ടി കാണിക്കുമ്പോഴും നമ്മുടെ ഓരോരുത്തരുടെയും വോട്ട് ഇന്നത്തെ ന്യൂനതകളെ പരിഹരിച്ച് നാളെ എന്ന സ്വപ്നത്തെ യാഥാർത്ഥ്യമാക്കുവാൻ കഴിയുന്നവർക്ക് ആയിരിക്കട്ടെ...

പിതാവായ ദൈവം മോശയെ തിരഞ്ഞെടുത്തത് പോലെ അബ്രഹാമിനെ ഇസഹാക്കിനെ യാക്കോബിനെയും വേർതിരിച്ചതുപോലെ നമ്മുടെ രാജ്യത്തിനായി ഒരു നല്ല ഭരണാധികാരിയെ ദൈവം തെരഞ്ഞെടുക്കട്ടെ എന്ന പ്രതീക്ഷയോടെ. നമുക്ക് പ്രാർത്ഥിക്കാം.



# വന്യമൃഗങ്ങളുടെ മനുഷ്യവേട്ടക്ക് നേരെ കണ്ണടയ്ക്കുന്ന സർക്കാർ



**ഫാ. ഫിലിപ്പ് കവിയിൽ**
ഗ്ലോബൽ ഡയറക്ടർ
കത്തോലിക്ക കോൺഗ്രസ്

ഇന്ത്യൻ ഭരണഘടന ഈ രാജ്യത്തെ ഏതൊരു പൗരനും മൗലിക അവകാശമായി ഉറപ്പു നൽകുന്ന ജീവനും സ്വത്തിനുമുള്ള സംരക്ഷണം, തുടർച്ചയായി ലംഘിക്കപ്പെടുന്ന തരത്തിലുള്ള വാർത്തകളാണ് സമീപകാലത്ത് നമ്മൾ കേരളത്തിൽ അങ്ങോളമിങ്ങോളം കാണുകയും കേൾക്കുകയും ചെയ്യുന്നത്. വയനാട്ടിലും ഇടുക്കിയിലും മറ്റ് മലയോര ഗ്രാമങ്ങളിലും വന്യജീവി ആക്രമണങ്ങളിലൂടെ അപഹരിക്കപ്പെട്ട മനുഷ്യജീവനുകൾക്കു ഗവൺമെന്റ് ഉത്തരം പറഞ്ഞേ മതിയാവൂ. ഇപ്പോൾ വയനാട് ജില്ലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇടുക്കിയുടെ ഗ്രാമാന്തരങ്ങളിൽ തുടർക്കഥയാകുന്നതുമായ ആനക്കലിയിൽ തകർന്നു പോകുന്ന മനുഷ്യജീവിതങ്ങൾ നമ്മെ പഠിപ്പിക്കുന്നത് നാളെ നമ്മുടെ ഉമ്മറപ്പടിയിലും ഇതു സംഭവിക്കാം എന്നാണ്. സാധാരണക്കാരന്റെ വോട്ട് വാങ്ങി ഭരണത്തിലേറിയ സർക്കാർ മലയോര ജനതയുടെ സുരക്ഷക്ക് വീഴ്ച വരുത്തുന്നത് അക്ഷന്തവ്യമായ അപരാധമാണ്. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യതയുള്ള സർക്കാർ സംവിധാനങ്ങൾക്ക് അതിന് സാധിക്കാതെ വരുമ്പോൾ ജീവൻ മുറുകെപ്പിടിച്ച് പ്രാണരക്ഷാർത്ഥം ജീവിക്കുന്ന മണ്ണ് ഉപേക്ഷിച്ച് പോകേണ്ട അവസ്ഥയിലാണ് മലയോര ജനങ്ങൾ.

സാധാരണക്കാരായ ജനങ്ങൾ വനം കൈയ്യേറിയതിനാലാണ് വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങുന്നതെന്ന ചിലരുടെയെങ്കിലും ധാരണ ശരിയല്ല. കുടിയേറ്റകാലത്ത് ആ നാട്ടിൽ അധിവസിച്ചിരുന്ന വ്യക്തികളിൽ നിന്നും പണം കൊടുത്താണ് ആളുകൾ വസ്തുക്കൾ വാങ്ങിയിട്ടുള്ളത്. എവിടെയെങ്കിലും അനധികൃതമായ അധിനിവേശം നടന്നിട്ടുണ്ടെങ്കിൽ അത് കണ്ടുപിടിക്കാൻ സർക്കാരുകൾ ബാധ്യസ്ഥരാണ്. അതിനെ ആരും എതിർക്കുന്നില്ല. കുടിയേറ്റ ജനതയെ മുഴുവൻ അധിക്ഷേപിക്കുന്ന വിധത്തിൽ ദുരാരോപണങ്ങൾ ദുഷ്ട മനസ്സോടെ തൊടുത്തു വിടുന്നത് നന്നല്ല.

ഈ ലോകത്ത് മനുഷ്യനെക്കാൾ അവകാശം വന്യമൃഗങ്ങൾക്ക് ഉണ്ടെന്നുള്ള ചില മൃഗസ്നേഹികളുടെ ധാരണ ആരുടെയൊക്കെയോ അച്ചാരം വാങ്ങിയതിന്റെ നന്ദി മാത്രമായിട്ടേ കാണാൻ സാധിക്കുകയുള്ളൂ. ഒരു മനുഷ്യജീവനും മൃഗജീവനും നേർക്കുനേർ വന്നാൽ ആരുടെ ജീവനാണ് പ്രാധാന്യം കൊടുക്കേണ്ടത്? മനുഷ്യ ജീവന്റെ മൂല്യം മനസ്സിലാക്കാതെ ബാലിശമായ ആരോപണം ഉന്നയിക്കുന്ന കപട മൃഗസ്നേഹികളെ കാട്ടിലേക്ക് അയക്കുകയാണ് വേണ്ടത്. വന്യമായ മനസ്സുള്ള ഇത്തരം 'കാട്ടുമൃഗങ്ങൾ' കാട്ടിലാണു വസിക്കേണ്ടത്. വന്യജീവികൾ വനാതിർത്തികൾക്കുള്ളിൽ നിൽക്കണം. അവർക്ക് വേണ്ട ആവാസവ്യവസ്ഥ വനത്തിലാണുള്ളത്. ജനവാസ മേഖല ജനങ്ങളുടെ ഭയരഹിതവും സുരക്ഷിതവുമായ ജീവിതത്തിനുള്ളതാണെന്ന തിരിച്ചറിവ് സർക്കാർ ഉദ്യോഗസ്ഥർക്കും സംവിധാനങ്ങൾക്കും ഉണ്ടായേ തീരൂ.

സാധാരണക്കാരുടെ ആവശ്യങ്ങളും ദുരവസ്ഥയും പൊതു സമൂഹത്തിലെത്തിയ്ക്കുവാൻ ജനപ്രതിനിധികളിൽ ചിലർ പോലും തയ്യാറാകുന്നില്ല എന്നത് ദുഖകരമാണ്. മനുഷ്യന് സംരക്ഷണം നൽകേണ്ട, തിരഞ്ഞെടുക്കപ്പെട്ട സർക്കാർ മൃഗപക്ഷത്ത് ചേർന്ന് നിൽക്കുന്നത്, മൃഗസ്നേഹം കൊണ്ടല്ല മറിച്ച് സംഘടിത ശക്തികളിൽ നിന്ന് കൈപ്പറ്റിയ തുകയ്ക്കുള്ള പ്രത്യുപകാരം കാണിക്കലാണ് എന്ന് ചിന്തിച്ചാൽ തെറ്റ് പറയാൻ കഴിയില്ല. കപട മൃഗസ്നേഹികളും കപട പരിസ്ഥിതിവാദികളും കൂടി ഇന്നാട്ടിലെ സാധാരണക്കാരന്റെ ജീവിതം അസാധ്യമാക്കുന്ന വിധത്തിൽ മൃഗ പക്ഷത്ത് നിൽക്കുമ്പോൾ സർക്കാരുകൾ അതിനു കുടപിടിക്കുന്നത് സാധാരണ ജനത്തിന് ഒരിക്കലും അംഗീകരിക്കാൻ ആവില്ല.

വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങളിൽ അനേകം മനുഷ്യർ കൊല്ലപ്പെട്ടിട്ടും ലാഘവബുദ്ധിയോടെ നോക്കി നിൽക്കുന്ന സർക്കാർ സംവിധാനങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കേണ്ടത് ആവശ്യമാണ്. മലയോര ജില്ലകളിലെ മനുഷ്യരുടെ ജീവിത പ്രശ്നങ്ങളിൽ ഇടപെടാതെ സുഖലോലുപതയുടെയും സുരക്ഷിതത്വത്തിന്റെയും ദന്തഗോപുരങ്ങളിലും ശീതളയാനങ്ങളിലും ഉന്മാദിച്ച് കഴിയാമെന്ന അധികാരി വർഗ്ഗങ്ങളുടെ വ്യാമോഹങ്ങളെ സമൂഹമധ്യത്തിൽ തുറന്നു കാണിക്കണം. ജനവാസ കേന്ദ്രങ്ങളിൽ സുരക്ഷിത ജീവിതത്തിന് ആവശ്യമായ സത്വര നടപടികൾക്ക് പ്രേരിപ്പിക്കുവാനും ഈ വിഷയങ്ങൾ പൊതുസമൂഹത്തിന്റെ പൊതുമനസാക്ഷിയെ ഉണർത്തിക്കാവനും, മനുഷ്യ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയാത്ത സർക്കാരിന്റെ കണ്ണുതുറപ്പിക്കുവാനും ഇതിനോടകം തന്നെ കത്തോലിക്കാ കോൺഗ്രസ് പോലെയുള്ള സാമുദായിക സംഘടനകളും മറ്റു കാർഷിക സംഘടനകളും ഉപവാസ സമരങ്ങളും, യാത്രകളും പോലെ പലതരത്തിലുള്ള ഇടപെടലുകൾ നടത്തിയെങ്കിലും കർഷകരുടെയും സാധാരണക്കാരുടെയും വിഷയങ്ങൾ ഈ നാട്ടിൽ ഗൗരവതരമായി പരിഗണിക്കപ്പെടുന്നില്ല. നട്ടെല്ലുയർത്തി നിന്ന് നിർഭയം അവകാശങ്ങൾക്കായി സ്വരമുയർത്തുവാൻ നമ്മുടെ സമുദായ സംഘടനയുടെ തണലിൽ സഭാ നേതൃത്വത്തിന്റെ ആശിർവാദത്തോടെ നാം അണിചേരേണ്ടതുണ്ട്.



ഭീരു ക്കളായി നിസ്സംഗതയോടെ മാറി നിന്നാൽ സാധാരണക്കാരായ നമുക്കു മുമ്പിൽ മരണമോ പലായനമോ മാത്രമേ അവശേഷിക്കൂ എന്ന് വൈകിയ വേളയിലെങ്കിലും തിരിച്ചറിയാം.

കേരളീയരുടെ അനുദിന ജീവിതത്തെ ദുരിതത്തിലാക്കുന്ന ആനുകാലിക വിഷയങ്ങൾ ഏറ്റെടുത്ത് കത്തോലിക്ക കോൺഗ്രസ് എന്ന സമുദായ സംഘടന 2023 ഡിസംബർ 11 മുതൽ 23 വരെ കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്തേക്ക് അതിജീവന യാത്ര നടത്തുകയുണ്ടായി. കേരളത്തിലെ സാധാരണക്കാരായ കർഷകരുടെയും ക്രൈസ്തവ സമുദായ അംഗങ്ങളുടെയും അതിജീവനത്തെ അസാധ്യമാക്കുന്ന വിധത്തിലുള്ള അതി രൂക്ഷമായ മൂന്ന് ജനകീയ പ്രശ്നങ്ങളാണ് ഈ യാത്രയിലൂടെ കേരളീയപൊതുസമൂഹത്തെയും കേരള സർക്കാരിനെയും ബോധ്യപ്പെടുത്തുവാൻ കത്തോലിക്ക കോൺഗ്രസ് പരിശ്രമിച്ചത്.



1 വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുക.

2. വിള നാശത്തിലൂടെയും നാണ്യവിളകളുടെ വില ഇടിവിലൂടെയും കേരളത്തിലെ കർഷകർ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം ഉണ്ടാക്കുക,

3. കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടൻ നടപ്പിലാക്കുക.

സാധാരണക്കാരന് വേണ്ടി സർക്കാരിന് മുമ്പിൽ ഉന്നയിച്ച ഈ ന്യായമായ ആവശ്യങ്ങൾ ബധിര കർണ്ണങ്ങളിലാണ് പതിച്ചത് എന്ന് നിഷ്ക്രിയവും നിരുത്തരവാദകരവുമായ സർക്കാർ സംവിധാനങ്ങളുടെ പ്രതികരണങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

ആമസോൺ വനത്തിനു തീ പിടിച്ചപ്പോൾ അത് കെടുത്തണം എന്ന് ആവശ്യപ്പെട്ട അന്താരാഷ്ട്ര സമൂഹത്തോട് അന്നത്തെ ബ്രസീൽ പ്രസിഡന്റ് ചോദിച്ചത് ഇങ്ങനെ ആയിരുന്നു. 'ആമസോണിനെ നിങ്ങൾ ഭൂമിയുടെ ശ്വാസകോശം എന്ന് വിളിക്കുന്നു. എന്നാൽ അതിനു ചുറ്റുമുള്ള മനുഷ്യർ എങ്ങനെയാണ് ജീവിക്കുന്നത് എന്ന് നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ?

നിങ്ങൾക്ക് വ്യവസായ ശാലകൾ ഉണ്ടാക്കാം, നിങ്ങളുടെ മക്കൾക്ക് പഠിക്കാൻ നല്ല സ്കൂളുകൾ ഉണ്ടാക്കാം, നിങ്ങളുടെ യുവാക്കൾക്ക് ആനന്ദിക്കാൻ സ്റ്റാർ ഹോട്ടലുകൾ പണിയാം, നിങ്ങളുടെ ആഡംബര കാറുകൾക്ക് ചീറി പായാൻ എട്ട് വരി പാതകൾ പണിയാം, ഹൈ സ്പീഡ് ട്രെയിനുകൾ കൊണ്ടുവരാം. എന്നാൽ ഞങ്ങളുടെ ജനത നിങ്ങൾക്ക് വേണ്ടി വനങ്ങൾ സംരക്ഷിക്കണം, റോഡുകൾ പണിയാൻ പാടില്ല, കെട്ടിടങ്ങൾ കെട്ടാൻ പാടില്ല, സ്കൂളുകൾ പണിയാൻ പാടില്ല, യാതൊരു വികസനവും ഇല്ലാതെ ദരിദ്രരായി അപരിഷ്കൃതരായി ജീവിക്കണം, നിങ്ങളുടെ ജീവിതം സുരക്ഷിതമാക്കാൻ, നിങ്ങളുടെ ഭാവി ശോഭ

നമാക്കാൻ ഞങ്ങൾ സഹിക്കണം, ത്യജിക്കണം,. ഇതെന്ത് ന്യായം?

ഇതേ ചോദ്യമാണ് ഇന്ന് ഞങ്ങൾ മലയോര ജനത കേരളത്തിലെ സ്വയം പ്രഖ്യാപിത കപട പരിസ്ഥിതി വാദികളോടും ഞങ്ങളെ വിറ്റ് ജീവിക്കുന്ന സർക്കാരിനോടും ചോദിക്കുന്നത്... ഞങ്ങളുടെ ചിലവിലുള്ള നിങ്ങളുടെ പരിസ്ഥിതി പ്രേമവും സുഖജീവിതവും ഇനി നടക്കില്ലാ......!

**കത്തോലിക്കാ കോൺഗ്രസ് ഗവൺമെന്റിനു മുമ്പിൽ അവതരിപ്പിക്കുന്ന ആവശ്യങ്ങൾ:**

1. കാടും നാടും കൃത്യമായി വേർതിരിക്കുക.
2. വനാതിർത്തികളിൽ ഫെൻസിംഗ് ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക.
3. വനപാലകരുടെ നിഷ്ക്രിയത്വം അവസാനിപ്പിക്കുക.
4. യൂക്കാലി, സെന്ന, മഞ്ഞക്കൊന്ന, തേക്ക്, അക്വേഷ്യ തുടങ്ങിയ കൃത്രിമ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനങ്ങൾ സൃഷ്ടിക്കുക.
5. ആവശ്യമെങ്കിൽ പ്ലാവുകൾ വനങ്ങൾക്കുള്ളിൽ വച്ചു പിടിപ്പിക്കുക.
6. വനത്തിനുള്ളിൽ മുളങ്കാടുകൾ വച്ചു പിടിപ്പിക്കുക.
7. വനത്തിലൂടെയുള്ള ട്രക്കിങ് അവസാനിപ്പിക്കുക.
8. മനുഷ്യജീവന് പ്രാധാന്യം നൽകുക.
9. ജീവൻ നഷ്ടപ്പെട്ടവർക്കും വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും ജീവനോപാധികളും, കൃഷിയും വീടും നഷ്ടപ്പെടുന്നവർക്കും ഉചിതമായ നഷ്ട പരിഹാരവും കാലതാമസമില്ലാതെ നൽകുക.
10. വന്യജീവി ആക്രമണത്തിലൂടെ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഒരുകോടി രൂപ നഷ്ടപരിഹാരം നൽകുക .
11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വന നിയമങ്ങളിൽ കൂടുതൽ അധികാരം നൽകുക .
12. വനത്തിനടുത്ത് താമസിക്കുന്നവർക്ക് സ്വയം പ്രതിരോധത്തിനുള്ള അനുവാദം നൽകുക.
13. വനവിസ്ത്രിതിക്ക് അനുസരിച്ച് വന്യ മൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുക.
14. ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥർ മനുഷ്യ സംരക്ഷണത്തിനായി അക്രമകാരികളായ വന്യ ജീവികളെ ഇല്ലാതാക്കാനുള്ള അധികാരം ഉപയോഗിക്കുക.
15. 1972 ലെ വന നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുക.
16. വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യതയും ഭക്ഷണവും ഉറപ്പുവരുത്തുക.
17. വിവിധ കേന്ദ്രഅന്തർദേശീയ ഏജൻസികൾ നൽകിയ പണം വനം വകുപ്പ് വിനിയോഗിച്ചതുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്തുക.
18. അക്രമകാരികളും മനുഷ്യജീവന് ഭീഷണിയുമായ വന്യമൃഗങ്ങളെ ജനവാസ കേന്ദ്രങ്ങളിലേക്ക് കടന്നാൽ വെടിവെച്ച് കൊല്ലുക.

**ഇടുക്കിയിൽ 2 മാസത്തിനിടെ കാട്ടാന കൊന്നത് 5 പേരെയാണ്.**

1. ജനുവരി എട്ടിന് മൂന്നാർ പന്നിയാർ എസ്റ്റേറ്റിലെ പരിമളം
2. ജനുവരി 23ന് മൂന്നാർ തെൻമലയിലെ പാൽരാജ്
3. ജനുവരി 26ന് മൂന്നാർ ചിന്നക്കനാൽ സ്വദേശിയായ സൗന്ദർ രാജൻ
4. ഫെബ്രുവരി 26ന് മൂന്നാർ കന്നിമലയിലെ സുരേഷ് കുമാർ
5. മാർച്ച് നാലിന് കോതമംഗലം സ്വദേശിനിയായ ഇന്ദിര

**വയനാട്ടിൽ കൊല്ലപ്പെട്ടത് 3 പേരാണ്**

1. ജനുവരി 31 ന് മാനന്തവാടി തോൽപ്പെട്ടി നരിക്കല്ല് സ്വദേശിയായ ലക്ഷ്മണൻ
2. ഫെബ്രുവരി 10 ന് മാനന്തവാടി പടമല സ്വദേശിയായ അജീഷ്
3. ഫെബ്രുവരി 16ന് പനമരം പാക്കം സ്വദേശിയായ പോൾ, കുറുവാ ദ്വീപിലെ ജീവനക്കാരനായിരുന്നു പോൾ





# Youthful Echoes

**എം.സി.വൈ.എം** ന്റെ പുതിയ സാരഥികൾ സത്യപ്രതിജ്ഞ ചെയ്തിരിയ്ക്കുന്ന ഈ വേളയിൽ സഭാതല ഡയറക്ടറച്ചനോടും, പുതിയ പ്രസിഡന്റിനോടും 'മണിവിളക്ക്' നടത്തിയ ഇന്റർവ്യൂവിന്റെ പ്രസക്ത ഭാഗങ്ങൾ.

### യുവജനപ്രസ്ഥാനത്തിന്റെ (എം.സി. വൈ.എം.) സഭാതല ഡയറക്ടർ എന്ന ദൗത്യം അച്ചൻ എങ്ങനെ കാണുന്നു?



**മലങ്കര** സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾക്ക് വേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്ന മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സഭാതല ഡയറക്ടർ എന്ന നിലയിൽ ഈ സഭയിലെ യുവജനങ്ങളുടെ വിശ്വാസ പരിശീലനത്തിന് നേതൃത്വം നൽകുക എന്നുള്ളതാണ് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യം. ക്രിസ്തുവിന്റെ മനോഭാവ ത്തിലേയ്ക്കും സഭാത്മക അവബോധത്തിലേയ്ക്കും സഭയിലെ യുവ ജനങ്ങളെ പരിശീലിപ്പിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായ നിയോഗം. അതോ ടൊപ്പം സഭയോടും സമൂഹത്തോടും പ്രതിബദ്ധതയുള്ള ഉത്തരവാദിത്വമുള്ള പൗര ന്മാരായി വാർത്തെടുക്കുവാനും സാധ്യമാകുന്ന കർമ്മപരിപാടികൾ സഭാതല ത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നുള്ളതും യുവജന സഭയെ ശാക്തീകരിക്കുക എന്നുള്ളതും യുവജന ശുശ്രൂഷയുടെ ഭാഗമാണ്. കാലഘട്ടത്തിന്റെ വെല്ലു വിളികളെയും സാധ്യതകളെയും തിരിച്ചറിഞ്ഞ് മലങ്കര കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനശൈലി കാലാനുസൃതമാക്കുക എന്നതും അനിവാര്യമാണ്.

### യുവജനപ്രസ്ഥാനത്തിന്റെ ഇക്കാലത്തെ പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു?

മലങ്കര യൂത്ത് മൂവ്മെന്റിൽ ഞാൻ ഔദ്യോഗികമായി ശുശ്രൂഷ നേതൃത്വം ഏറ്റെടുക്കുന്നത് 2019 ൽ പാറശാല ഭദ്രാസനത്തിലെ ഭദ്രാസന തല ഡയറക്ടർ ആയിട്ടാണ്. 2023 ലാണ് സഭാതലത്തിൽ ഡയറക്ടറായിട്ട് ഞാൻ ചുമതല ഏറ്റെടുക്കുന്നത്. ഈയൊരു അഞ്ച് വർഷക്കാലം വളരെ നിർണായകമായ ഒരു കാല ഘട്ടമായിരുന്നു. കാരണം, ഞാൻ ശുശ്രൂഷ ആരംഭിക്കുന്നത് കോവിഡിന് മുൻപുള്ള ഒരു കാലഘട്ടത്തിൽ ആയിരുന്നു. കോവിഡിന് മുൻപുള്ള ഒരു കാലഘട്ടവും, കോവിഡു കാലഘട്ടവും കടന്ന് കോവിഡിനു ശേഷമുള്ള ഈ സമയത്ത് വളരെ വ്യത്യസ്തമായ സാഹചര്യത്തിലൂടെയാണ് ഈ ശുശ്രൂഷ കടന്നു പോകുന്നത്. ഇവിടെ വളരെ വ്യക്തമായ ഒരു കാര്യം കോവിഡ് കാലഘട്ടം ലോകത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയ കാലമാണ്. അതിൽ ഏറ്റവും കൂടുതൽ മാറ്റം വന്നിട്ടുള്ളത് യുവജനങ്ങളുടെ ജീവിതത്തിലാണ്. അവരുടെ ജീവിത സാഹചര്യങ്ങളിലും സമീപനങ്ങളിലും ഒരുപാട് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തെ ഇന്ന് നാം ജീവിക്കുന്ന സാഹചര്യത്തിൽ നിന്ന് വിലയിരുത്തുമ്പോൾ കോവിഡാനന്തര കാലഘട്ടത്തിൽ യുവജനങ്ങളുടെ ജീവിതത്തിൽ ഉണ്ടായ കാതലായ മാറ്റം ഒരു യാഥാർത്ഥ്യമായി നാം അംഗീകരിക്കണം. മുൻകാലങ്ങളിലെ ശൈലികളും രീതികളും എത്രമാത്രം പ്രസക്തമാണെന്ന് നമ്മൾ ഇനിയും ആത്മശോധന ചെയ്യണം. പെട്ടെന്ന് രൂപീകരിക്കാവുന്ന ഒരു യുവജന പ്രവർത്തന ശൈലിയല്ല കോവിഡിനെ തുടർന്ന് നമ്മുടെ മുൻപിൽ വന്നിരിക്കുന്നത്. കാരണം യുവജനങ്ങളുടെ മുമ്പിലെസാഹചര്യങ്ങളും, സാധ്യതകളും, സങ്കീർണവും വിശാലവുമാണ്. അതുകൊണ്ടുതന്നെ കുറേക്കൂടി ചർച്ചകളിലൂടെയും, അനുഭവങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെ കടന്നു പോയാൽ മാത്രമേ ഇനിയുള്ള കാലഘട്ടത്തിൽ ഈ യുവജന ശുശ്രൂഷ കാര്യമാത്ര പ്രസക്തമാക്കാൻ കൃത്യമായ ഒരു രൂപരേഖ നാം തയ്യാറാക്കണം. ഈ പ്രക്രിയയിൽ മാതാപിതാക്കളും സഭയുടെ വിവിധ തലങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരും യുവജനങ്ങളും സഭ മുഴുവനായും പങ്കുചേരണം. എല്ലാവരെയും ഉൾച്ചേർക്കുന്ന ഒരു പ്രവർത്തന ശൈലിയിലേയ്ക്ക് നാം മാറണം എന്നുള്ളതാണ് എന്റെ അഭിപ്രായം.



ഫാ. ജോപ്രീഷ് ജോർജ്ജ്
മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല ഡയറക്ടർ

### സഭാതല ഡയറക്ടർ എന്നനിലയിൽ പുതുതലമുറയ്ക്ക് നല്കുവാനുള്ള നിർദ്ദേശങ്ങൾ?

ഈ കാലഘട്ടത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന യുവജനങ്ങളെ സംബന്ധിച്ചിടത്തോളം അതൊരു അനുഗ്രഹമാണ്. അതെ സമയത്ത്, അതൊരു വെല്ലുവിളിയുമാണ്. മുൻ തലമുറയിലെ യുവജനങ്ങളെക്കാളും വളരെ സങ്കീർണമായ ജീവിതസാഹചര്യങ്ങൾ യുവജനങ്ങൾ അഭിമുഖീകരിക്കുന്നുണ്ട് എന്നത് വ്യക്തമാണ്. യുവജന ശുശ്രൂഷയിൽ ചേർന്ന് നിൽക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ യുവജനങ്ങളുമായി സംവദിക്കുമ്പോൾ ഞാൻ പറയാൻ ആഗ്രഹിക്കുന്ന ഒരു കാര്യം, ജീവിതത്തിൽ ശാശ്വതമായതും താൽക്കാലികമായതുമായ യാഥാർത്ഥ്യങ്ങൾ വേർതിരിച്ച് മനസ്സിലാക്കുവാനും ഉൾക്കൊള്ളാനും അംഗീകരിക്കുവാനും സ്വീകരിക്കുവാനുമുള്ള വിവേകം യുവജനങ്ങൾക്ക് ഉണ്ടാവണം. ഒരുപക്ഷേ, ഈ കാലഘട്ടത്തിൽ വൈകാരികമായി മാത്രം

ജീവിതയാഥാർത്ഥ്യങ്ങളെ കാണുകയും സ്വീകരിക്കുകയും ചെയ്യുന്ന പ്രവണത യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ച് വരുന്നു. കാര്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളാനും കുറേക്കൂടി ദീർഘവീക്ഷണത്തോടുകൂടി മനസ്സിലാക്കുവാനും ശ്രമിച്ചാൽ ജീവിതത്തിൽ വിജയം നേടുവാൻ യുവജനങ്ങൾക്ക് സാധിക്കും എന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്ന കാര്യം, ഈ യൊരു ഹൃദയ വിശാലതയും അതിന് അനുയോജ്യമായ സംവാദത്തിന്റെ ശൈലിയും യുവജ നങ്ങൾ സ്വീകരിക്കണം. യുവജനങ്ങളും മുതിർന്നവരും തമ്മിൽ ആരോഗ്യപരമായ സംവാദം ഇടവകകളിലും കുടുംബങ്ങളിലും അനിവാര്യമാണ്.



മോനു ജോസഫ് നാഴിപ്പാറയ്ക്കൽ. തിരുവല്ല അതിഭദ്രാസനത്തിലെ തിരുവല്ല മേഖലയിൽ കോട്ടൂർ ചെറുപുഷ്പം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ ഇടവകാംഗം ആണ്. 2016 ൽ ഞാൻ സിവിൽ എഞ്ചിനീയറിങ് പാസ്സ് ഔട്ടാകുകയും ശേഷം വർക്ക് ചെയത് വരികയും ആയിരുന്നു. 2022 മുതൽ കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിൽ, തിരുവല്ല താലൂക്കിന് കീഴിൽ എന്റർപ്രൈസ് ഡെവലപ്പ്മെന്റ് ഓഫീസർ ആയി ജോലി ചെയ്യുകയും ചെയ്യുന്നു.

**മോനു ജോസഫ്**

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്
സഭാതല പ്രസിഡന്റ്

**MCYM യുവജന പ്രസ്ഥാനത്തിന്റെ അമരക്കാരനായുള്ളേ ദൗത്യത്തെ എപ്രകാരം കാണുന്നു... യുവജനങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നതെന്ത്?**

പരിശുദ്ധ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനം, മലങ്കര കാത്തലിക്ക് യൂത്ത് മൂവ്മെന്റ് (MCYM) ന്റെ സഭ തല പ്രസിഡന്റ് (Global President) ആയി തിരഞ്ഞെടുക്കപ്പെട്ടതിൽ വലിയ സന്തോഷവും അഭിമാനവും ഉള്ളിൽ ചേർക്കുന്നതോടൊപ്പം, ദൈവകൃപയാൽ ഇനി അങ്ങോട്ടുള്ള നടത്തിപ്പിനായിട്ട് ഏവരുടെയും പ്രാർത്ഥനയും വിനയ വിനീതമായി ചോദിക്കുകയും ചെയ്യട്ടെ. ഒരു ദൈവീക തിരഞ്ഞെടുപ്പായി ഇതിനെ കാണുകയും ഉൾക്കൊള്ളുകയും സ്വീകരിക്കുകയും ചെയ്യുന്നു. മലങ്കരയിലെ പരിശുദ്ധ സുറിയാനി കത്തോലിക്കാ സഭയുടെ കേരളത്തിൽ രൂപം കൊണ്ട പ്രഥമ യുവജന രൂപമാണല്ലോ MCYM എന്നുള്ളത്. അത് കൊണ്ട് തന്നെ ഇതിനെ നമ്മുടെ ആദ്യ കാതോലിക്കോസ് മോറാൻ മോർ ബസേലിയോസ് സിറിൽ ബാവാ തിരുമേനി വിശേഷിപ്പിച്ച കണക്കെ 'യുവജനസഭ' എന്ന് വിളിക്കുവാൻ ഏറെ ആഗ്രഹിക്കുന്നു. ഏവരും യുവജന സഭയുടെ ഭാഗമായി നിൽക്കുമ്പോൾ, അതിന് നൽകാൻ ആത്മീയവും ഭൗതീകവും സാമൂഹികവും സംസ്ക്കാരികവും രാഷ്ട്രീയപരവുമായ ഒരുപാട് സംഭാവനകൾ സമൂഹത്തിനും സഭയ്ക്കും തന്നെ നൽകുവാനായിട്ട് നമ്മുക്ക് സാധിക്കും. അപ്പോൾ തീർച്ചയായിട്ടും നമ്മുടെ യുവജന ശുശ്രൂഷയുടെ

പ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ് ഇതെല്ലാം. എങ്കിലും നമ്മുടെ പ്രസ്ഥാനത്തിന്റെ ഫൌണ്ടേഷൻ എന്ന് പറയുന്നത് അദ്ധ്യാത്മികത തന്നെയാണ്. അത് നമ്മെ നയിക്കുകയും പരിപോഷിപ്പക്കുകയും മുന്നോട്ട് പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ മറ്റു ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതോടൊപ്പം തന്നെ മലങ്കരയിലെ ഒരു യുവാവിന്റെ ഒരു യുവതിയുടെ അധ്യാത്മിക വിശ്വാസ ജീവിതങ്ങളുടെയും, സഭാത്മക ബോധത്തിന്റെയും ഒക്കെ ഒരു തലം, ആ തലത്തിൽ അവരെയൊക്കെ ദൈവനടത്തിപ്പിനാൽ ഉയർത്തികൊണ്ടു വരുവാനും നിരന്തരം പരിപോഷിപ്പിക്കപ്പെടുന്നതിനും വേണ്ടിയുള്ള ലക്ഷ്യങ്ങൾ, അവസരങ്ങൾ, സായാഹ്നങ്ങൾ എന്നിവ 'നമ്മുടെ യുവജനതയ്ക്ക്' നൽകാൻ സാധിക്കുമെന്ന ഉറപ്പോടും... അതിന് തീർച്ചയായും സഭ തല സമിതിക്ക് സാധിക്കും എന്ന് ഉറച്ച് വിശ്വസിക്കുന്നു. അതിന്റെ ഒരു ഏകോപനമാണ് ഭദ്രാസന തലം, മേഖല തലം, ഇടവക തലം വരെ കൃത്യമായി വിപുലീകരിക്കുവാൻ ഉള്ള ഉത്തരവാദിത്വം സഭതല സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതും. അതിനാലെ, ഈ സമിതിയുടെ അധ്യക്ഷൻ എന്ന നിലയ്ക്ക് ഈ ഉത്തരവാദിത്വത്തെ നിരന്തരം ചലിപ്പിക്കുവാൻ സദാ പ്രാർത്ഥനയോടും ഊർജ്ജസ്വലതയോടും തന്നെ ആ കടമയിൽ പങ്കുകാരൻ ആകാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്.

### MCYM ന്റെ ശ്രുശ്രൂഷയുടെ ഭാഗമായി പ്രിയ യുവജനങ്ങളിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്നു?

നമ്മുക്കറിയാം ദിവസങ്ങൾ കഴിയും തോറും സാഹചര്യങ്ങൾ മാറി കൊണ്ടിരിക്കുന്നു. നമ്മുടെ സാമൂഹിക രാഷ്ട്രീയ അന്തരീക്ഷ ത്തിൽ വളരെ വളരെ വ്യതിയാനങ്ങൾ ഉണ്ടായി കൊണ്ടിരിക്കുന്നുണ്ട്. അതിവേഗത്തിലുള്ളതായ മാറ്റങ്ങൾ നമ്മുടെ കണ്മുന്നിൽ വന്നുപോയി കൊണ്ടിരിക്കുന്നു. അത് ഒരു സാങ്കേതിക വിദ്യയുടെ ആയിക്കൊള്ളട്ടെ, സാമ്പത്തിക ഘടനയുടെ ആകട്ടെ, തൊഴിൽ മേഖലയുടെ ആകട്ടെ, അതിലെ അവസരങ്ങളുടെ ആകട്ടെ അതിലെ അവസരങ്ങളുടെ ആകട്ടെ അതിലെല്ലാം ശക്തമായ മാറ്റങ്ങൾ വന്നു പോകുന്നു. ഇതൊക്കെ ഒരു യുവാവിനെ ഒരു യുവതിയെ സംബന്ധിച്ച് അവരുടെ ജീവിതത്തിന്റെ രൂപീകരണത്തിലൊക്കെ ഒരുപാട് സ്വാധീനം ഉള്ള ഘടകങ്ങളാണ്. ആ ഘടകങ്ങളെ അഡ്രെസ്സ് ചെയ്യാതിരിക്കാൻ സാധിക്കുകയില്ല. നമ്മുക്കറിയാം മൈഗ്രേഷൻ വളരെയധികം കൂടി കൊണ്ടിരിക്കയാണ്. ഞാൻ വരുന്ന തിരുവല്ല ഉൾപ്പെടുന്ന മധ്യ തിരുവിതാംകൂർ ഭാഗത്തു മൈഗ്രേഷൻ ഏതാണ്ട് വലിയ രീതിയിൽ മുന്നേറി കൊണ്ടിരിക്കുന്നു. അപ്പോൾ നമ്മുടെ രാജ്യം വിട്ട്, ദേശം വിട്ട് യുവജനത പോകുമ്പോൾ ആ യൂത്ത് റിസോഴ്സ് നഷ്ടമാകുമ്പോൾ, ഒരുവിധത്തിൽ അതിനൊരു ഗുണകരമായ തലം ഉണ്ടെങ്കിൽ പോലും നാട്ടിലെ കാര്യങ്ങളിൽ യുവജനതയുടെ സഭയിലെ പങ്കാളിത്വത്തിൽ ഭംഗം വരികയും ആ തോത് കുറഞ്ഞു കൊണ്ടിരിക്കുകയും ആണ്. അതുകൊണ്ട് ഇടവകതലം വരെ ഇവിടെ നിലനിൽക്കുന്ന യുവജനങ്ങളെ സഭാത്മക ബോധത്തിലേക്ക് നമ്മുടെ MCYM ന്റെ പ്രവർത്തനങ്ങളോടൊപ്പം ദൈവീക സ്നേഹത്തിലും ഊഷ്മളമായ വരവേൽപ്പോടും ദൈവത്തെ അറിഞ്ഞു ചേർത്തടുപ്പിക്കുവാൻ അവിടുന്ന് കൃപ നൽകുവാൻ ഈ യുവജന സഭയിലൂടെ സാധിക്കുമെന്ന വിശ്വാസത്തോടും ഒപ്പം അവർക്ക് നല്ല നാളെകളിൽ സഭയ്ക്കും സമൂഹത്തിനും നൽകാൻ ഉള്ള സംഭാവനകളെ കുറിച്ച് ബോധവാൻമാരാക്കി യൂണിറ്റ് തലം മുതൽ ശക്തിപ്പെടുത്തുവാനും ആഗ്രഹിക്കുന്നു. കൂടാതെ, MCYM സഭാതലം എന്ന് പറയുമ്പോൾ കേരളത്തിന് പുറത്തും, ഇന്ത്യയിലെ മിഷൻ ഭദ്രാസനങ്ങളും, മിഷൻ മേഖലകളും ഉണ്ടല്ലോ... അവിടെങ്ങളിൽ യുവതയ്ക്ക് തീർച്ചയായും ഒരുപാട് ഇമ്പാക്ട് നൽകാൻ ഇതിലൂടെ സാധിക്കും. അതായത്, MCYM ന്റെ ജീവനാഡിയായ യുണിറ്റ് തലം മുതൽ ഇവയെല്ലാം ചലിപ്പിച്ചു നിർത്താൻ ചെറുതല്ലാത്ത ഇടപെടൽ MCYM ന്റെ ഭാഗമായി ഉണ്ടാകണം എന്നുള്ളതും മനസ്സിൽ പാകപ്പെടുത്തിയതിൽ ഒന്നും. നമ്മുക്കറിയാം യൂണിറ്റാണ് ഒരു ഇടവക... അതാണ് ഇതിന്റെ ബിൽഡിങ് ബ്ലോക്ക്സ്... അതിനാൽ, അത് നിഷ്ക്രിയമായി

കഴിഞ്ഞാൽ അതിന്റെ മേൽത്തട്ടിലേക്ക് എല്ലാം തന്നെ അതിന്റെ വികലത അറിയാൻ സാധിക്കും. അപ്പൊ സഭാതല സമിതിക്ക് ഉള്ള റിസോഴ്സുകളെല്ലാം ഭദ്രാസന തലത്തിലും അവിടുത്തെ മേഖലകളിലും യൂണിറ്റുകളിലും ആണ് കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. അത്കൊണ്ട് തന്നെ യൂണിറ്റ് തലത്തിലേക്ക് നമ്മുടെ ശ്രുശ്രൂഷ അല്പംകൂടി ശക്തിപ്പെടുത്തുവാൻ, ഇപ്പോൾ വളരെ മാതൃകാപരമായി പോകുന്നു എങ്കിൽ തന്നെയും MCYM നു കൂടുതൽ കരുത്തേകുവാൻ അങ്ങനെ സാധിക്കണം. അത് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഒരു തലത്തിൽ തന്നെ നമ്മുക്ക് ശക്തിപ്പെടുത്താൻ സാധിക്കും. 56 വർഷം ഇപ്പോൾ പൂർത്തിയായിരിക്കുന്നു MCYM ന്റെ രൂപീകരണത്തിന് ചരിത്രം ഫെബ്രുവരി 28 ൽ ഇടനൽകിയതിന് ശേഷം. അപ്പോൾ ഈ 56 വർഷങ്ങൾ എങ്ങനെ ആയിരുന്നു നമ്മുടെ പ്രവർത്തന വഴികൾ എന്നത് ആലോചിക്കുമ്പോൾ, മുന്നോട്ടുള്ള കാര്യങ്ങളെ പ്ലാൻ ചെയ്യാൻ നമ്മുക്ക് അതിലൂടെ സാധിക്കണം. പ്രത്യേകമായിട്ടും കേരള സഭയെ സംബന്ധിച്ച്, കേരള സഭാ കൂട്ടായ്മയിലേക്ക് നമ്മുക്ക് ഒരുപാട് സംഭാവനകൾ നൽകാൻ ഉണ്ട്. കേരള കത്തോലിക്കാ സഭയിലെ SMYM (സിറോ മലബാർ യൂത്ത് മൂവ്മെന്റ്), LCYM (ലത്തീൻ കാത്തലിക്ക് യൂത്ത് മൂവ്മെന്റ്) എന്നിവയോടും, മറ്റു ഇതര സഭകളോടും കൂട്ടായി നന്മയാൽ സമരസപ്പെട്ടു ഒരുപാട് സംഭാവനകൾ നൽകാൻ ഉള്ള സാധ്യതയും ഉണ്ട്. ആ വലിയ കൂട്ടായ്മ ഇവിടെ കാണാൻ നമ്മുക്ക് സാധിക്കും. അത് പോലെ തന്നെ ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിലേക്കും ആ ശ്രുശ്രൂഷ തലം വ്യാപിപ്പിക്കാൻ സാധിക്കുമെന്നും സാഹചര്യം പോലെ അത് നിവർത്തിക്കപ്പെടും എന്നാണ് പ്രതീക്ഷ. എങ്കിലും സഭാതല സമിതിയുടെ പുതിയ അംഗങ്ങൾ എല്ലാവരും വളരെ എക്സ്പീരിയൻസ് ആയിട്ടുള്ള വിവിധ ഭദ്രാസനങ്ങളിൽ മേഖലകളിൽ ശ്രുശ്രൂഷ ചെയ്യുന്നവരാണ്, അനുഭവസമ്പന്നരാണ്. അവരുടെയൊക്കെ നേതൃത്വം, ആശയങ്ങൾ എന്നിവ തീർച്ചയായും ഈ 2 വർഷത്തെ ഞങ്ങളുടെ ശ്രുശ്രൂഷയെ ശക്തിപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട ഡയറക്ടർ പ്രഭീഷ് അച്ചനും യുവജന കമ്മീഷൻ ചെയർമാൻ മോർ പോളിക്കാർപ്പോസ് പിതാവും ഉൾപ്പെടെ... അത്യഭിവന്ദ്യ ബാവാ തിരുമേനിയും മറ്റു പിതാക്കന്മാരും വൈദീകരും വളരെ താൽപര്യത്തോട് കൂടി സഭാതല സമിതിയോടൊപ്പം ഉണ്ട്. അത് ഞങ്ങളെ കൂടുതൽ ഊർജ്ജസ്വലരാക്കുന്നു. കഴിഞ്ഞ സമിതി, ഏഞ്ചൽ മേരി ചേച്ചിയുടെ നേതൃത്വത്തിലുള്ള സമിതി അംഗങ്ങൾക്കും പ്രത്യേകമായ നന്ദി ഞങ്ങൾ അറിയിക്കുന്നു. നിങ്ങൾ കൊണ്ട് വന്ന ഈ നൗകയെ അതിന്റെ പകിട്ട് ഒട്ടും കുറയാതെ, കാര്യങ്ങൾ നിർവ്വഹിക്കാൻ ഉള്ള ഉത്തരവാദിത്തവും ഞങ്ങൾക്ക് സ്വാഭാവികമായി തന്നെ കടന്ന് വരുന്നു. ഇത്രയുമാണ് വലിയൊരു സന്തോഷം. വീണ്ടും യുവജന സഭയുടെ ഒരു നേതൃത്വം ലഭിച്ചതിൽ ഏറെ എളിമയോട് കൂടി സന്തോഷം പങ്കിടുന്നു. ഏവരുടെയും സഹകരണം ആഗ്രഹിക്കുന്നു നമ്മുക്ക് മുന്നോട്ടു പോകാം...




MCYM
യുവജന പ്രസ്ഥാനത്തിന്റെ
പുതിയ നേതൃത്വത്തിന്
പ്രാർത്ഥനാശംസകൾ



**ജോബി ബേബി**

**കുവൈത്തിൽ മിനിസ്ട്രിഓഫ് ഹെൽത്തിന്റെ കീഴിൽ രജിസ്റ്റേർഡ് നഴ്സായി ജോലി നോക്കുന്നു ലേഖകൻ.** Email- jobybaby1989@gmail.com



# യുവാക്കളുടെ മാനസീകാരോഗ്യം പ്രധാനം

**2024 ജനുവരി ആദ്യം കേരളത്തിലെ യുവജനകമ്മിഷൻ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ യുവാക്കൾക്കിടയിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങളാണ് ഈ ലേഖനത്തിനാധാരം**

കൊവിഡിനുശേഷം ലോകത്ത് ആത്മഹത്യാനിരക്ക് വർദ്ധിച്ച് വന്ന സാഹചര്യത്തിലാണ് കേരളയുവജന കമ്മിഷൻ കേരളത്തിലെ യുവാക്കളുടെ മാനസികാരോഗ്യം പഠിക്കുന്നതിന് തീരുമാനിച്ചത്. യുവാക്കളിലെ ആത്മഹത്യ തടയുക എന്നതായിരുന്നു പഠനത്തിന്റെ പ്രധാന ലക്ഷ്യം.2018 മുതൽ ആത്മഹത്യ ചെയ്ത യുവാക്കളുടെ വിവരങ്ങളാണ് അതിനായി ശേഖരിച്ചത്. തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓരോ ജില്ലയിലെയും നൂറുപേരുടെ വിവരങ്ങളാണ് ആത്മഹത്യാ കാരണ പഠനത്തിനായി ഉപയോഗിച്ചത്. യുവതയുടെ മാനസികാരോഗ്യം ശക്തിപ്പെടുത്തി ആത്മഹത്യയെ ചെറുക്കാനായി 2023 നവംബർ 20നാണ് സമഗ്ര പഠനം തുടങ്ങിയത്. 18 മുതൽ 45 വരെ വയസ്സുള്ളവരിൽ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കി. എല്ലാ ജില്ലകളിലുമായി 800 ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധസംഘം ശാസ്ത്രീയ പഠനം നടത്തി. 195 എം.എസ്.ഡബ്ളിയു വിദ്യാർത്ഥികൾ, സൈക്കോളജിസ്റ്റുകൾ ഉൾപ്പെടെ വിദഗ്ദ്ധരുടെ മേൽ നോട്ടത്തിലാണ് പഠനങ്ങൾ നടന്നത്.

## പഠനത്തിലെ കണ്ടെത്തലുകൾ

**കേ**രളത്തിൽ ആത്മഹത്യ ചെയ്യുന്നവരിൽ 80 ശതമാനത്തോളം (79.6) പേരും പുരുഷൻമാരാണെന്ന് യുവജന കമ്മിഷൻ പഠനം.ആത്മഹത്യ ചെയ്യുന്നവരിൽ 20.4 ശതമാനമാണ് സ്ത്രീകൾ. പുരുഷന്മാർ ആത്മഹത്യ ചെയ്യുന്നതിനുള്ള പ്രധാന കാരണം തൊഴിൽസാമ്പത്തിക പ്രശ്നങ്ങളാണെന്നും പഠന റിപ്പോർട്ടിൽ പറയുന്നു. പുരുഷന്മാരിൽ 31 നും 35 നും ഇടയിലും സ്ത്രീകളിൽ 18 നും 20 നും ഇടയിൽ പ്രായമുള്ളവരാണ് ആത്മഹത്യ ചെയ്യുന്നതിലധികവും.18 മുതൽ 45 വരെ പ്രായപരിധിയിൽ 2018 നും 2022 നും ഇടയിൽ നടന്ന ആത്മഹത്യകളാണ് പഠനവിധേയമാക്കിയത്.അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന യുവാക്കൾക്കിടയിൽ ആത്മഹത്യാനിരക്ക് 60 ശതമാനമാണ്. തൊഴിൽമേഖലയിലെ പ്രശ്നങ്ങളും സാമൂഹിക, രാഷ്ട്രീയ ഇടപെടലുകളിലെ അഭാവവും ഇതിനു കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നു. വ്യക്തികേന്ദ്രീകൃതമായ ജീവിതശൈലി മാനസിക പിരിമുറുക്കങ്ങളിലേക്ക് നയിക്കുന്നതാണ് മറ്റൊരു കാരണം. ആത്മഹത്യ ചെയ്യുന്നവരിൽ 69.8 ശതമാനം പേരും പഞ്ചായത്തുകളിലും 19.1 ശതമാനം പേർ മുനിസിപ്പാലിറ്റികളിലും 11.1 ശതമാനം കോർപ്പറേഷനിലും ഉൾപ്പെട്ടവരാണെന്നാണ് മറ്റൊരു കണ്ടെത്തൽ. സാമൂഹികബന്ധങ്ങളിലെ അഭാവവും സൗഹൃദക്കൂട്ടായ്മകളില്ലാതാകുന്നതും

ഗ്രാമങ്ങളിലെ ആത്മഹത്യ കൂടാനുള്ള കാരണങ്ങളായി പറയുന്നു. ഇന്ത്യയിൽ വിവാഹിതരിലാണ് ആത്മഹത്യകൾ കൂടുതലായി കണ്ടുവരുന്നതെന്നാണ് പഠനങ്ങൾ പറയുന്നത്. എന്നാൽ കേരളത്തിൽ അവിവാഹിതരായ യുവാക്കൾക്കിടയിലാണ് (54.6%) ആത്മഹത്യാനിരക്ക് കൂടുതൽ. മദ്യത്തിന് പുറമെ മറ്റു ലഹരി വസ്തുക്കൾ ഉപയോഗിച്ചിരുന്നവരാണ് ആത്മഹത്യ ചെയ്തവരിൽ 61 ശതമാനവും. ലഹരി ആത്മഹത്യാപ്രവണത കൂടാനിടയാക്കുന്നതായും പഠനത്തിൽ തെളിയുന്നു.

## പരിഹാര മാർഗ്ഗങ്ങൾ

ആത്മഹത്യാ നിവാരണത്തിന്റെ ആധുനിക മാതൃക (ലോകാരോഗ്യ സംഘടന 2021 ൽ പ്രസിദ്ധീകരിച്ച ലിവ് ലൈഫ് (LIVE LIFE) നിർദ്ദേശങ്ങൾ.

ആത്മഹത്യ ഒട്ടനവധി മനസുകളിലേക്ക് സാംക്രമിക്കുന്ന സാമൂഹ്യപ്രശ്നമാണ്. ആത്മഹത്യാനന്തരം കുടുംബങ്ങളിലും, പരിസരവാസികളിലും, വിദ്യാഭാസ സ്ഥാപനത്തിലും, ജോലിസ്ഥലത്തുമൊക്കെ ഉണങ്ങാത്ത മുറിവായി അത് നിലനിൽക്കുന്നു. ചിലപ്പോൾ മറ്റുള്ളവരിലത് ദീർഘകാലം നീണ്ടു നിൽക്കുന്ന വിഷാദത്തിനും (Prolonged Grief, Depression, Post Traumatic Stress disorder), തുടർ ആത്മഹത്യകൾക്കും വരെ കാരണവും ആകാറുണ്ട്. തത്ഫലമായാണ് ഒരു ജീവൻ നഷ്ടമാകുന്നതിനപ്പുറം ആത്മഹത്യ ഒരു പൊതുജനാരോഗ്യ പ്രശ്നമായി പരിണമിക്കുന്നത്. നമ്മുടെ രാജ്യത്ത് വർദ്ധിച്ചുവരുന്ന ആത്മഹത്യ 15-39 വയസ്സിനിടയിലുള്ളവരുടേതാണ്. ഇരുട്ടിൽ വഴിയടഞ്ഞ് നിൽക്കുന്നവർക്കൊരു കൈത്താങ്ങായി കൂടെ നിൽക്കേണ്ട ധാർമിക കടമ നമുക്ക് ഓരോരുത്തർക്കും ഉണ്ട്. വ്യത്യസ്ത തലങ്ങളിൽ നിന്ന് കൊണ്ടുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്. തീർച്ചയായും, മെന്റൽ ഹെൽത്ത് കെയർ ആക്ടിലൂടെ ആത്മഹത്യയെ ഡിക്രിമിനലൈസു ചെയ്തതും, ദേശീയ മാനസിക ആരോഗ്യ പദ്ധതിയുടെ ഭാഗമായി ജില്ലാ തലത്തിൽ പ്രത്യേകം സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുൾപ്പടെ പല പദ്ധതികളും പരോക്ഷമായി ആത്മഹത്യാ നിവാരണത്തിനും മാനസികാരോഗ്യത്തെയും പ്രോത്സാഹിപ്പിക്കുന്നതാണെങ്കിലും ഒരു കേന്ദ്രീകൃതമായ ആത്മഹത്യാ നിവാരണ യജ്ഞത്തിന്റെ അഭാവം ലോകാരോഗ്യ സംഘടന എടുത്തു പറയുന്നുണ്ട്.

തികച്ചും വ്യവസ്ഥാപിതവും, ശാസ്ത്രീയവുമായരീതികൾ പ്രയോഗവത്കരിക്കുന്നതിലൂടെ ആത്മഹത്യയെ തടയാൻ സാധിക്കും. ചിലപ്പോഴെങ്കിലും, ആത്മഹത്യയുടെ കാരണങ്ങൾ (ജനിതകവും, മാനസികവും, സാമൂഹികവും, സാംസ്കാരികവും, പാരിസ്ഥിതികവുമായ തുടങ്ങിയവ) ആത്മഹത്യ നിവാരണത്തിന് പലപ്പോഴും ഒരു വെല്ലുവിളിയായിത്തീരുന്നുണ്ട്. കേവലം ഒരു കാരണത്തെ മാത്രം ലക്ഷ്യം വെച്ച് കൊണ്ട് മാത്രം ആത്മഹത്യക്ക് തടയിടാൻ സാധിക്കില്ലെന്ന് ചുരുക്കം. സർവ്വ തലത്തിലും ഇടപെടുന്ന, വിവിധ സാമൂഹ്യസ്ഥാപനങ്ങളെയും കേന്ദ്രീകരിക്കുന്ന (വിദ്യാഭാസ സ്ഥാപനങ്ങൾ, ആസ്പത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, പൊലീസ് സ്റ്റേഷനുകൾ, വിവിധ ജോലി സ്ഥലങ്ങൾ etc.) സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ പല രാജ്യങ്ങളിലും വിജയകരമായി നടപ്പാക്കിയ നാഷണൽ സൂയിസൈഡ് പ്രിവൻഷൻ സ്ട്രാറ്റജി ഏറ്റവും നല്ല ഉദാഹരണമാണ്. ഇതിനകം നാല്പ്പതിലധികം രാജ്യങ്ങളിൽ വിജയകരമായി പ്രായോഗത്തിൽ വന്ന പദ്ധതി ഇന്ത്യയടക്കമുള്ള വികസ്വര രാജ്യങ്ങൾ ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.



# ആത്മഹത്യയിലേക്കുള്ള വഴികൾ പരിമിതപ്പെടുത്തൽ

ആത്മഹത്യാ ശ്രമത്തിലേക്ക് സാധ്യമായ എല്ലാ പഴുതുകളും അടക്കുക എന്നത് സാർവ്വത്രികമായതും ഗവേഷണങ്ങളാൽ സ്ഥിതീകരിച്ചതുമായ ഒരു മാർഗമാണ്. ഉഗ്രവിഷലിപ്തമായ കീടനാശിനികളുടെ നിരോധനം,മിതലഭ്യത, തോക്ക് പോലെയുള്ള ആയുധങ്ങളുടെ നിയന്ത്രണം, തുറസായ മട്ടുപ്പാവുകളിൽ തടസം സൃഷ്ഠിക്കുന്ന വേലികളുടെ സ്ഥാപനം തുടങ്ങിയവ ഇതിലുൾപ്പെടുന്ന ചില വഴികൾ ആണ്.ഇത് ഒരോ പ്രദേശത്തേയും അടിസ്ഥാനപ്പെടുത്തി വ്യത്യാസപ്പെട്ടിരിക്കും. ഭൂരിഭാഗം ആത്മഹത്യകളും സംഭവിക്കുന്നത് ജീവിതത്തിനും മരണത്തിനും ഇടയിലെ കഠിനമായ മാനസിക പിരിമുറുക്കത്തിന്റെ ഘട്ടത്തിലാണ്. ആത്മഹത്യാ മാർഗങ്ങൾ പരിമിതപ്പെടുത്തുന്നത് കൊണ്ട് കടുത്ത മാനസിക സമ്മർദ്ദത്തിന്റെ സമയത്ത് വിനാശകരമായ പ്രവൃത്തികൾ ഇല്ലാതെ തരണം ചെയ്യാൻ സാധിക്കുന്നു. വാർത്താ മാധ്യമങ്ങളുടെ സ്വാധീനം ആത്മഹത്യയുടെ കാര്യത്തിൽ വാർത്തകൾ പ്രസിദ്ധപ്പെടുത്തുന്ന രീതികളും, അതിലെ ഉള്ളടക്കവും വായനക്കാരനെ സ്വാധീനിക്കുന്നുണ്ട്. അത് കൊണ്ട് തന്നെ ഒരു ആത്മഹത്യയെ തുടർന്നുള്ള വാർത്തകളും ലേഖനങ്ങളും അത് പ്രസിദ്ധപ്പെടുത്തുന്നതിലെ വിശദ വിവരങ്ങളും (ആളുടെ പേര്, ചിത്രം, ആത്മഹത്യ ചെയ്ത രീതി etc.) പ്രാധാന്യത്തോട് കൂടി അവതരിപ്പിക്കുന്നത് വായനക്കാരന് മനോക്ലേശം നൽകാനുള്ള സാധ്യത ഏറെയാണ്. പ്രത്യേകിച്ചും സമൂഹത്തിലെ പ്രസിദ്ധരായ വ്യക്തികളുടെ വാാർത്തകൾ. ആത്മഹത്യകൾക്ക് സാംക്രമിക പ്രവണതയുണ്ടെന്നുള്ളത് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇന്ത്യയിലുൾപ്പടെ പല രാജ്യങ്ങളായി പ്രസ്തുത കാര്യം സംബന്ധിച്ച ഗവേഷണങ്ങളുടെ ഫലം പറയുന്നത് ഇത്തരം വാർത്തകൾ മറ്റൊരു ആത്മഹത്യാ പ്രവണതയിലേക്ക് (Copycat Suicide) നയിക്കുകയും അങ്ങനെ ഇത് കാരണമായി ആത്മഹത്യ പടർന്നു പിടിക്കുന്ന (Suicide Contagion) ഒരു സാമൂഹിക പ്രശ്നമായി വളരാൻ സാഹചര്യമൊരുക്കുകയും ചെയ്യുന്നുണ്ട് എന്നാണ്. ഇതിന്റെ വെളിച്ചത്തിലാണ് ലോകാരോഗ്യസംഘടനയും (WHO), അന്താരാഷ്ട്ര ആത്മഹത്യാ നിവാരണ സംഘവും (IASP) ചേർന്ന് ആത്മഹത്യാ സംബന്ധിയായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിന് നയരേഖ തയ്യാറാക്കിയിട്ടുള്ളത്. പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയും ഇതിനുള്ള മാർഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും, നിർഭാഗ്യവശാൽ, ഇന്ത്യയിലെ വിരലിലെണ്ണാവുന്ന മാധ്യമങ്ങളെ മാറ്റി നിർത്തിയാൽ മറ്റുള്ളവയൊന്നും പ്രസ്തുത നയരേഖയെ മുഖവിലക്കെടുന്നില്ല. കൃത്യമായ മേൽനോട്ടം ഈ വിഷയത്തിൽ ആവിശ്യമാണ്.ആധുനിക കാലത്ത് ഭൂരിഭാഗം ജനങ്ങളും സാമൂഹ്യ മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നവരാണ്. ആത്മഹത്യ സംബന്ധിയായ നിരാശയുണർത്തുന്ന കുറിപ്പുകൾ, ദൃശ്യ ശ്രാവ്യ സന്ദേശങ്ങൾ നമുക്ക് ലഭിക്കുമ്പോൾ അത് ഷെയർ ചെയ്യുന്നത് നാമറിയാതെ തന്നെ മറ്റുള്ളവർക്ക് ദുരന്തം വിതക്കാൻ കാരണമായേക്കാം. ഇത്തരം സ്റ്റാറ്റസുകൾ നമ്മുടെ സുഹൃത്തുക്കൾ മുഖേന നമുക്ക് ലഭിക്കുമ്പോൾ അവൻ മാനസിക സമ്മർദ്ദത്തിലും, ജീവിത പ്രതിസന്ധിയിലും തകർന്ന് നിൽക്കുകയാണോ എന്നറിയാനുള്ള പക്വമായ ഇടപെടൽ നടത്താനാണ് ഈ സന്ദർഭം വിനിയോഗിക്കേണ്ടത്. കൗമാര പ്രായത്തിലെ പരിശീലനങ്ങൾ വിദ്യാലയങ്ങളിൽ നിലവിലുള്ള പാഠ്യപദ്ധതിയോടൊപ്പം മാനസികാരോഗ്യം പരിപോഷിപ്പിക്കുന്ന വിവിധ വിഷയത്തിൽ പരിശീലനം അനിവാര്യമാണ്. വിശേഷിച്ചും, മിക്ക മാനസിക രോഗങ്ങളുടെയും, ലഹരി ഉപയോഗത്തിന്റേയും ആരംഭം ഈ പ്രായത്തിലാണെന്നിരിക്കെ. കേവലം ആത്മഹത്യാ നിവാരണം മാത്രം ലക്ഷ്യമാക്കാതെ ലൈഫ് സ്കിൽ ട്രയിനിംഗ്, പോസിറ്റീവ് മെന്റൽ ഹെൽത്ത് & വെൽ ബീയിങ്, ആന്റി ബുള്ളിയിങ് പ്രോഗ്രാം തുടങ്ങിയ ഒരു വിദ്യാർഥി ജീവിതത്തിന്റെ വിവിധ മേഖലകളെ സ്പർശിക്കുന്ന വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം പരിശീലനങ്ങൾ ഒരേ സമയം ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുകയും അക്കാദമികമായി മികച്ച നിലവാരത്തിലെത്താൻ സഹായിക്കുകയും ചെയ്യും. ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ച ഹെൽപ്പിങ് അഡോളസെൻസ് ത്രൈവ് (Helping Adolescents Thrive) ഇതിലേക്ക് ഉത്തമമായ ഒരു വഴികാട്ടിയാണ്.

പരിശീലനങ്ങൾ വിദ്യാർത്ഥികളിലേക്ക് മാത്രമായി ചുരുക്കാതെ, അദ്ധ്യാപകർ, വിദ്യാലയത്തിലെ മറ്റ് ജീവനക്കാർ, മാതാപിതാക്കൾ എന്നിവരേയും സജ്ജമാക്കേണ്ടതുണ്ട്. ഇതിലൂടെ അവർക്ക് മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടിയെ തിരിച്ചറിയാനും, ആത്മഹത്യയെപ്പറ്റി തുറന്ന് സംസാരിക്കാനും, വിദ്യാർത്ഥികളെ ബോധവത്കരിക്കാനും, പ്രഥമ ശുശ്രൂഷ നൽകാനും ആത്മവിശ്വാസം കൈവരിക്കുന്നു. ഇതിനെല്ലാം പുറമേ വിദ്യാർത്ഥികൾക്ക് അഭിമുഖീകരിക്കാൻ പാകത്തിൽ വെൽ ബീയിംഗ് സെന്ററിന്റെ സേവനവും വിദ്യാലയങ്ങളിൽ ലഭ്യമാക്കേണ്ടതാണ്. മേല്പറഞ്ഞ എല്ലാറ്റിനും ചുക്കാൻ പിടിക്കാൻ പരിശീലനം സിദ്ധിച്ച കൗൺസിലറുടെ സേവനം എല്ലാ സ്കൂളുകളിലും ലഭ്യമാക്കുകയും, കൃത്യമായ മേൽനോട്ടത്തിലൂടെ ഉദ്ദിഷ്ഠ ഫലം ഉറപ്പാക്കുകയും വേണം. കൗമാര പ്രായത്തിലെ പരിശീലനങ്ങൾ വിദ്യാലയങ്ങളിൽ നിലവിലുള്ള പാഠ്യപദ്ധതിയോടൊപ്പം മാനസികാരോഗ്യം പരിപോഷിപ്പിക്കുന്ന വിവിധ വിഷയത്തിൽ പരിശീലനം അനിവാര്യമാണ്. വിശേഷിച്ചും, മിക്ക മാനസിക രോഗങ്ങളുടെയും, ലഹരി ഉപയോഗത്തിന്റേയും ആരംഭം ഈ പ്രായത്തിലാണെന്നിരിക്കെ. കേവലം ആത്മഹത്യാ നിവാരണം മാത്രം ലക്ഷ്യമാക്കാതെ ലൈഫ് സ്കിൽ ട്രയിനിംഗ്, പോസിറ്റീവ് മെന്റൽ ഹെൽത്ത് & വെൽബീയിങ്, ആന്റി ബുള്ളിയിങ് പ്രോഗ്രാം തുടങ്ങിയ ഒരു വിദ്യാർഥി ജീവിതത്തിന്റെ വിവിധ മേഖലകളെ സ്പർശിക്കുന്ന വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം പരിശീലനങ്ങൾ ഒരേ സമയം ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുകയും അക്കാദമികമായി മികച്ച നിലവാരത്തിലെത്താൻ സഹായിക്കുകയും ചെയ്യും. ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ച ഹെൽപ്പിങ് അഡോളസെൻസ് ത്രൈവ് (Helping Adolescents Thrive) ഇതിലേക്ക് ഉത്തമമായ ഒരു വഴികാട്ടിയാണ്. പരിശീലനങ്ങൾ വിദ്യാർത്ഥികളിലേക്ക് മാത്രമായി ചുരുക്കാതെ, അദ്ധ്യാപകർ, വിദ്യാലയത്തിലെ മറ്റ് ജീവനക്കാർ, മാതാപിതാക്കൾ എന്നിവരേയും സജ്ജമാക്കേണ്ടതുണ്ട്. ഇതിലൂടെ അവർക്ക് മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടിയെ തിരിച്ചറിയാനും, ആത്മഹത്യയെപ്പറ്റി തുറന്ന് സംസാരിക്കാനും, വിദ്യാർത്ഥികളെ ബോധവത്കരിക്കാനും, പ്രഥമ ശുശ്രൂഷ നൽകാനും ആത്മവിശ്വാസം കൈവരിക്കുന്നു. ഇതിനെല്ലാം പുറമേ വിദ്യാർത്ഥികൾക്ക് അഭിമുഖീകരിക്കാൻ പാകത്തിൽ വെൽ ബീയിംഗ് സെന്ററിന്റെ സേവനവും വിദ്യാലയങ്ങളിൽ ലഭ്യമാക്കേണ്ടതാണ്. മേല്പറഞ്ഞ എല്ലാറ്റിനും ചുക്കാൻ പിടിക്കാൻ പരിശീലനം സിദ്ധിച്ച കൗൺസിലറുടെ സേവനം എല്ലാ സ്കൂളുകളിലും ലഭ്യമാക്കുകയും, കൃത്യമായ മേൽനോട്ടത്തിലൂടെ ഉദ്ദിഷ്ഠ ഫലം ഉറപ്പാക്കുകയും വേണം. നേരത്തേ തിരിച്ചറിഞ്ഞ് ശുശ്രൂഷിക്കുന്ന ഘട്ടം ആത്മഹത്യാ നിവാരണത്തിൽ നേരത്തേ തിരിച്ചറിയാൻ കഴിയുക എന്നത് നിർണ്ണായകമാണ്. മാനസികമായ് തളർന്ന് ജീവിതത്തിൽ നിന്ന് നടന്നകലുന്നതിൽ വ്യാപൃതരായവരെ ശരിയായ സമയത്ത് തിരിച്ചറിഞ്ഞ് പരിചരിക്കുകയും ആവർത്തിച്ചുള്ള തുടർ ഇടപെടലുകൾ നടത്തുകയും ചെയ്യുകയെന്നത് ഇക്കാലത്തും ഒരു വെല്ലുവിളിയായി നിലനില്ക്കുന്നു. സമൂഹത്തിൽ നിരന്തരം ജനങ്ങളുമായി ഇടപഴകുന്ന ഡോക്ടേഴ്സ്,നഴ്സസ്, അദ്ധ്യാപകർ, മത പുരോഹിതർ, പൊലീസ്, ആശാവർക്കേഴ്സ് തുടങ്ങിയവർക്ക് ആത്മഹത്യാ പ്രവണതകൾ നേരത്തേ തിരിച്ചറിയാനും പ്രാഥമിക മാർഗനിർദ്ദേശങ്ങൾ നൽകാനും സാധിക്കുന്ന സൂയിസൈഡ് പ്രിവൻഷൻ ട്രെയിനിങ് (Gatekeeper Training) ലഭ്യമാക്കുകയാണ് ആദ്യപടി. മുഴുവൻ സർവകലാശാലകളിലും, ജോലിസ്ഥലങ്ങളുമൊക്കെ കേന്ദ്രീകരിച്ച് മേൽപ്പറഞ്ഞ പരിശീലനം നടപ്പിൽ വരുത്തണം എന്നാണ് വിദഗ്ധാഭിപ്രായം. എന്തെന്നാൽ നമ്മൾ സന്തോഷവും ദുഃഖവും പങ്കു വെക്കുന്നത് ഏറ്റവുമടുത്ത സ്നേഹിതരുമായാണ് എന്ന അനുമാനത്തിലാണിത്. അത്യാഹിത വിഭാഗം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് കൂടുതൽ പേരും ചികിത്സ തേടിയെത്തുന്നത്. അതിനാൽ പ്രസ്തുത കേന്ദ്രങ്ങളിൽ ആത്മഹത്യ പ്രവണതയുള്ള ആളുകളെ തിരിച്ചറിയാനും, ബ്രീഫ് ഇന്റർവെൻഷൻ (Brief Intervention) നൽകാനും, തുടർ ചികിത്സ നടത്താനുമുള്ള സംവിധാനം ലഭ്യമാക്കണം.



ആത്മഹത്യയുടെ കാരണങ്ങളിൽ മാനസികരോഗങ്ങൾ ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. വിഷാദരോഗവും, അമിത ലഹരി/മദ്യാസക്തിയും, വ്യക്തിപരമായ വൈജാത്യങ്ങളും (Borderline Personality Disorder) അവയിൽ എണ്ണിപ്പറയേണ്ടതാണ്. ഈ ഒരു പ്രശ്നത്തെ അതിജീവിക്കാൻ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സ രീതി രോഗിയുടെ സമഗ്രമായ പുരോഗതിയെ (Holistic/Psychosocial Approach) ലക്ഷ്യമാക്കി വിപുലപ്പെടുത്തേണ്ടതുണ്ട്. ഇതിലൂടെ അവർക്ക് മെച്ചപ്പെട്ട സാമൂഹ്യ ജീവിതം ഉറപ്പുവരുത്താനാകും. ഇതിനെല്ലാറ്റിനുമപ്പുറം മാറ്റം വരുത്തേണ്ട അതീവ ഗൗരവമുള്ള ഒരു സംഗതിയാണ് ആത്മഹത്യയോടും, മാനസിക രോഗങ്ങളോടുള്ള പൊതുമനോഭാവം (Stigma/Taboo). ആത്മഹത്യാ പ്രവണതയുള്ള വരേയും മാനസിക രോഗങ്ങൾക്ക് ചികിത്സ തേടുന്നവരേയും ഭ്രഷ്ട് കലപിച്ച് മാറ്റി നിർത്തുന്നത് ഒരു തരത്തിലും നീതികരിക്കാവുന്ന ഒന്നല്ല. അവർക്കും മനുഷ്യാവകാശങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് സമൂഹത്തിലെ അംഗമായനാമേവരും ഉറപ്പുവരുത്തണം. അത് കൊണ്ട് തന്നെ വ്യത്യസ്ത പ്രോഗ്രാമുകളിലൂടെ പൊതു സമൂഹത്തിനെ ഇതേപ്പറ്റി ബോധവോന്മാരാക്കൽ ഒഴിച്ചുകൂടാനാവാത്ത ഒരു കാര്യമാണ്. തന്റെ ഉള്ളിലുള്ള ആത്മഹത്യാ ചിന്ത വേണ്ടപ്പെട്ടവരോട് തുറന്ന് പറയാൻ കഴിയുന്ന അങ്ങനെ അറിയുമ്പോൾ അതിനെ തനതായ ഗൗരവത്തിലെടുത്ത് വിവേക പൂർണ്ണമായി ഇടപെടലുകൾ നടത്തുന്ന ഒരു സമൂഹമാണ് ആത്മഹത്യാ നിവാരണത്തിന്റെ പ്രത്യാശ. അപ്പോൾ നമ്മൾ പ്രതീക്ഷയുടെ നവ കിരണങ്ങളായി ജ്വലിക്കും.




സി. കേശവൻ സ്മാരക സമിതിയുടെ 2023 വർഷത്തെ സി. കേശവൻ അവാർഡ് കേരളത്തിന്റെ ആദരരണീയനായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനിൽ നിന്ന് അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ തിരുമേനി ഏറ്റുവാങ്ങുന്നു. (2024 ഫെബ്രുവരി 26)



**Dr.Amrutha Mary Zachariah**
Associate Professor-Physiology Department
Pushpagiri Medical college

# ശ്രവണോപകരണങ്ങളും കേൾവി തകരാറുകളും.



**ചെവിയിൽ** ഹെഡ്ഫോണോ ഇയർഫോണോ തിരുകി ചുറ്റും സംഭവിക്കുന്നതൊന്നും അറിയാതെ മറ്റൊരു ലോകത്തിൽ മുഴുകിയിരിക്കുന്ന കുട്ടികളും യുവാക്കളും ഇന്ന് നമ്മുടെ ചുറ്റുമുള്ള ഒരു സാധാരണ കാഴ്ചയാണ്. നമ്മുടെ തന്നെ വീടുകളുടെ അകത്തളങ്ങളിലെ ഇത്തരം പ്രവണതകൾ ഇപ്പോൾ വർധിച്ചു വരുന്നുണ്ട്. സ്മാർട്ട് ഫോണുകളും അവയിലുള്ള സോഷ്യൽ മീഡിയ സൈറ്റുകളും മറ്റു വിവിധതരം ആപ്ലിക്കേഷനുകളുടെയും വരവോടെ നാം ഇത്തരം കാര്യങ്ങൾക്കായി മാറ്റി വെക്കുന്ന സമയം വലിയ തോതിൽ കൂടിയിട്ടുണ്ട്. നല്ലൊരു വിഭാഗം ആളുകൾ ഈ സമയം വിവിധതരം ശ്രവണോപകരണങ്ങൾ ഉപയോഗിക്കുന്നു. മറ്റൊരു മേഖലയാണ് ഗെയിമിംഗ്. ഈ സമയത്തു വെടിയൊച്ചകൾ, സ്ഫോടനങ്ങൾ, നിലവിളികൾ, കാർ അപകടങ്ങൾ എന്നിവ പോലുള്ള പെട്ടെന്നും ഉച്ചത്തിലുമുള്ള ശബ്ദം ചെവിയിലേക്കെത്തുന്നു. ഇത്തരം ഉയർന്ന തോതിലുള്ള ശബ്ദവും വിവിധ തരം ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിതെളിച്ചേക്കാം. എന്നാൽ ശബ്ദ മലിനീകരണത്തിന് കാരണമാകുന്ന മറ്റു സാഹചര്യങ്ങളെ അപേക്ഷിച്ചു ഉദാ: ലൗഡ് സ്പീക്കറിൽ നിന്നുള്ള ശബ്ദം, വാഹനങ്ങളുടെ ഹോൺ, പടക്കം പൊട്ടുന്ന ശബ്ദം തുടങ്ങിയവയെ അപേക്ഷിച്ചു ഇവിടെ ശബ്ദം നേരിട്ട് കർണപുടങ്ങളിലെത്തുന്നത് മൂലം കേൾവിശക്തിക്ക് വലിയ

തോതിൽ ആഘാതം ഏൽക്കുന്നതിനും കാരണമാകുന്നു. ഇത്തരം അവസ്ഥയെ നോട്ടിസ് ഇൻഡ്യൂസ്ഡ് ഹെയറിങ്ലീസ്സ് എന്ന് പറയുന്നു.

## സുരക്ഷിതമായ ശബ്ദം എത്ര മാത്രമാണ്

കേൾവിക്ക് ഹാനികരമായ ശബ്ദത്തിന്റെ തോത് എന്നത് എത്ര ഉച്ചത്തിലും എത്ര ദൈർഘ്യത്തിലും കേൾക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ശബ്ദം ഡബ് എന്ന യൂണിറ്റിൽ ആണ് കണക്കാക്കുന്നത്. 70DB ഇൽ താഴെയുള്ള ശബ്ദം സുരക്ഷിതമായി കണക്കാക്കാം. ലളിതമായി പറഞ്ഞാൽ നിങ്ങൾ ഹെഡ്ഫോൺ ഉപയേഗിക്കുമ്പോൾ ചുറ്റുമുള്ള ശബ്ദം ഒന്നും കേൾക്കുന്നില്ല എങ്കിൽ അതിനർത്ഥം ശബ്ദത്തിന്റെ അളവ് കൂടുതലാണ് എന്നാണ്. എത്ര നേരം എന്നതും പ്രധാനമാണ്. പൊതുവെ പറഞ്ഞാൽ ശബ്ദത്തിന്റെ തോത് കൂടുന്നതിന് അനുസരിച്ചു അത് കേൾവി തകരാറിലേക്കു നയിക്കാനെടുക്കുന്ന സമയവും കുറഞ്ഞു വരും.

## എന്താണ് ലക്ഷണങ്ങൾ

വളരെ സാവധാനമാണ് ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ആദ്യ ഘട്ടങ്ങളിൽ ശ്രദ്ധിയ്ക്കത്തക്ക ഒരു ലക്ഷണങ്ങളും കണ്ടെന്നു വരില്ല .

ചെവിയിലെ മൂളൽ, ചെവി അടഞ്ഞതുപോലെ തോന്നുക, ടി വിയും മറ്റു സാധാരണയിൽ കൂടുതൽ ശബ്ദത്തിൽ കേൾക്കുക, ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ സംസാരിക്കുന്നത് കേൾക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുക തുടങ്ങിയവ കേൾവിതകരാറിന്റെ ലക്ഷണങ്ങൾ ആകാം. ഒരു ENT സ്പെഷ്യലിസ്റ്റിനെ കാണുകയും പരിശോധനകൾ നടത്തുകയും ചെയ്താൽ മാത്രമേ ശരിയായ നിഗമനത്തിൽ എത്താൻ സാധിക്കു. ഞരമ്പുകൾക്കു സംഭവിക്കുന്ന അവസ്ഥയിൽ എത്തിയാൽ ഫലപ്രദമായ ചികിത്സകൾ വിരളമാണ്.

## എങ്ങനെ തടയാം.

ഓഡിയോ ഡിവൈസസ് ഉപയോഗിക്കുന്നതിന്റെ സമയം നിയന്ത്രിക്കുക. മിതമായ ശബ്ദത്തിൽ വോളിയം നിയന്ത്രിക്കുക. ഇയർ ഫോണിനേക്കാളും സുരക്ഷിതം ഹെഡ്ഫോണാണ്. അതുകൊണ്ട് ഇത്തരം ഉപകരണങ്ങൾ ഉപയോഗിക്കേണ്ട അവസ്ഥയിൽ ഹെഡ്ഫോൺ ഉപയോഗിക്കണം. ഇത്തരം ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗം പൂർണമായും ഒഴിവാക്കാൻ സാധിച്ചെന്നു വരില്ല. അവയെ വിവേകപൂർവം ഉപയോഗിക്കുക എന്നതാണ് പ്രധാനം. ദൈവം തന്ന ആരോഗ്യം നമ്മുടെ അശ്രദ്ധമായ പ്രവർത്തികൾ കൊണ്ട്. നശിപ്പിച്ചു കളയാതിരിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.

പുനരൈക്യ ശതാബ്ദിയോടനുബന്ധിച്ച് തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഭവനങ്ങൾ ഇല്ലാത്തവരെയും വാസയോഗ്യമല്ലാത്ത വീടുകളുള്ളവരെയും സഹായിക്കാനായി വിഭാവനം ചെയ്തിരിയ്ക്കുന്ന **'ഭവന പദ്ധതി'** യ്ക്കായി കൈകോർക്കാം. കൂടുതൽ വിവരങ്ങൾക്ക് മുഖ്യ വികാരി ജനറാൾ അച്ചനെ സമീപിയ്ക്കുക.





# ഓർമ്മയിൽ ആചാര്യന്മാർ

ܕܘܟܪܢܐ ܕܟܗܢܐ

ആചാര്യേശാ നിൻരഹസ്യങ്ങൾ
പരികർമിച്ചൊരു ആചാര്യനേകുക
പുണ്യം നാഥാ സ്തോത്രം!

## Thiruvananthapuram

| | | |
|---|---|---|
| Rev. Fr. Thomas Valiyavilayil | : | 18-03-1998 |
| Rev. Fr. Mathai Karingattil | : | 18-03-1937 |
| Rev. Fr. Mathai Kallada Pandalam | : | 22-03-1972 |
| Rev. Fr. Joshua Kunnatheth Kaipattoor | : | 04-03-1978 |
| Rev. Fr. Joseph Vadakkekkoottu | : | 05-03-1996 |
| Rev. Fr. Joseph Puthenpurayil | : | 14-03-1994 |
| Rev. Fr. George Plavilayil | : | 04-03-2005 |
| Rev. Fr. George John Kizhakkethil | : | 28-03-2016 |
| Rev. Fr. Elias Ambatt | : | 30-03-2016 |
| Rev. Fr. Chandapilla Pampooreth | : | 10-03-1949 |
| Rev. Fr. Antony Kelamparampil | : | 30-03-1985 |
| Rt.Rev. Samuel Mannil Ramban | : | 03-03-2018 |
| Rev. Fr. Philipose , Thuruthiyil | : | 19-01-2003 |

## Mavelikkara

| | | |
|---|---|---|
| Rev. Fr. Abraham Karimpanamannil | : | 24-01-2022 |
| Rev. Fr. Abraham Konat Makil | : | 22-01-1943 |
| Rev. Fr. Alexios Thevervelil | : | 03-01-1987 |
| Rev. Fr. Cherian Powathikunnel | : | 26-01-1990 |
| Rev. Fr. Geevarghese Naduviledath | : | 06-01-1964 |
| Rev. Fr. Kuriakose Tharepattackal | : | 21-01-1960 |
| Rev. Fr. Kurian Kunnamkerikalam | : | 07-01-1996 |
| Rev. Fr. Peter Thekkumparampil | : | 22-01-1989 |
| Rev. Fr. Zacharias Iyrattipadavil | : | 10-01-2011 |

## Triruvalla

| | | |
|---|---|---|
| Rev. Fr. Varghese Kilichimala | : | 17-03-2002 |
| Rev. Fr. Thomas Varikanikuzhy | : | 13-03-1990 |
| Rev. Fr. Mathew Perumpallil | : | 14-03-2000 |
| Rev. Fr. Jacob Thykattil | : | 13-03-1978 |
| Rev. Fr. George Thykadavil | : | 20-03-1975 |
| Rev. Fr. George Manapurath | : | 11-03-2017 |
| Rev. Fr. Geevarghese Thombra | : | 27-03-1986 |

## Pathanmthitta

| | | |
|---|---|---|
| Rev. Fr. Thomas Ezhiyath | : | 16-03-2017 |
| Rev. Fr. Samuel Thykoottathil Ramban | : | 22-03-2019 |

# ഓർമ്മയിൽ ആചാര്യന്മാർ

ܕܘܟܪܢܐ ܕܟܗ̈ܢܐ



ആചാര്യേശാ നിൻരഹസ്യങ്ങൾ
പരികർമിച്ചൊരു ആചാര്യനേകുക
പുണ്യം നാഥാ സ്തോത്രം!

**Bethany**

| | | |
|---|---|---|
| Fr. Pius Cheriyil OIC (55) | : | 12-03-1992 |
| Fr. Seraphion Attupurath OIC (72) | : | 22-03-1995 |
| Fr. Younan Keepalil OIC (69) | : | 25-03-1995 |
| Fr. Chrysostom Kuttamperur OIC (83) | : | 26-05-1997 |

# വന്ദ്യ സന്ന്യാസിനിമാർ

"നിൻ ദയയിങ്കൽ ശരണിതയായ് നിദ്രയടഞ്ഞൊരു
സോദരിയെ നിൻ മഹിമോദയ ദിവസത്തിൽ
നിൻ കാരുണ്യം കാട്ടേണം"

മണിവിളക്ക്

## Bethany - Sisters of the Imitation of Christ (SIC)

### Trivandrum

| | |
|---|---|
| 14th March | Sr.Hanso SIC |
| 22nd March | Sr. Smooni SIC |
| 24th March | Sr. Sradha SIC |
| 26th March | Sr. Macreena SIC |
| 29th March | Sr. Emilla SIC |

### Pathanamthitta

| | |
|---|---|
| 18th March | Sr. Gregoria SIC |
| 20th March | Sr. Saleetha SIC |

### Thiruvalla

| | |
|---|---|
| 08th March | Sr. Berchmans SIC |
| 17th March | Sr. Agnes SIC |
| 18th March | Sr. Nayomi Francis SIC |
| 22nd March | Sr. Ignatius SIC |
| 28th March | Sr. Catherine |

### Muvattupuzha

| | |
|---|---|
| 19th March | Sr. yowno SIC |

മണിവിളക്ക്

## Congregation of the Daughters of Mary (DM)

| | | |
|---|---|---|
| Rev.Sr.Assisi DM | : | 02-03-2021 |
| Rev.Sr.Mary Mathew DM | : | 17-03-2016 |



TIMELINE

# മലങ്കര സഭ മാർച്ച് മാസത്തിൽ

**1993 മാർച്ച് 12** മലങ്കര കത്തോലിക്കാ സുറിയാനി ഹൈരാർക്കി ഉദ്ഘാടനം. തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഉദ്ഘാടനം. പ്രഥമ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഇവാനിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം പാളയം സമാധാന രാജ്ഞി പ്രോ കത്തിഡ്രലിൽ.

**1933 മാർച്ച് 13** മലങ്കര കത്തോലിക്കാ സുറിയാനി ഹൈരാർക്കി സ്ഥാപനത്തിനുശേഷം ആർച്ച് ബിഷപ്പ് ഗീവർഗീസ് തിരുമേനിയുടെ കർമികത്വത്തിലും യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ സഹകാർമികത്വത്തിലും ആദ്യ വിശുദ്ധ കുർബാന പാളയം സമാധാന രാജ്ഞി പ്രോ കത്തിഡ്രലിൽ.

**1996 മാർച്ച് 2** മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ആത്മായർക്കു വേണ്ടിയുള്ള പ്രേക്ഷിത സംഘടനാ മലങ്കര കാത്തലിക് അസോസിയേഷന്റെ (എം. സി.എ) രൂപീകരണം(1999 ജനുവരി 26ന് ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നു).

**2003 മാർച്ച് 29** ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത തിരുവല്ല ഭദ്രാസനാദ്ധ്യക്ഷന്റെ ഉത്തരവാദിത്വങ്ങളിൽ നിന്നും വിരമിച്ചു.

**2005 മാർച്ച് 30** മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അനൗദ്യോഗിക പ്രാരംഭ സൂന്നഹദോസ് തിരുവല്ലാ ചെറുപുഷ്പഗിരി അരമനയിൽ.

**2007 മാർച്ച് 5** അഭിവന്ദ്യ ഐസക്ക് മാർക്ക് ക്ലിമിസ് തിരുമേനി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് എന്ന നാമത്തിൽ മേജർ ആർച്ച് ബിഷപ്പ് കാതോലിക്കാ ബാവയായി സ്ഥാനാരോഹണം ചെയ്തു.

**2007 മാർച്ച് 10** ഭാരതത്തിലെ മലങ്കര സുറിയാനി കത്തോലിക്ക അജപാലന പ്രദേശ പരിധിക്ക് പുറത്തുള്ളവരുടെ അപ്പസ്തോലിക് വിസിറ്ററേറ്റർ അഭിവന്ദ്യ ജേക്കബ് ബർണബാസ് തിരുമേനിയുടെ മെത്രാഭിഷേകം.

**2007 മാർച്ച് 22** ഭാരതത്തിലെ മലങ്കര സുറിയാനി കത്തോലിക്കാ അജപാലന പ്രദേശ പരിധിക്ക് പുറത്തുള്ളവരുടെ വിസിറ്ററേറ്റർ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി ചുമതലയേറ്റു.

**2010 മാർച്ച് 13** അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ് (മാർത്താണ്ഡം ഭദ്രാസനം), തോമസ് മാർ അന്തോണിയോസ് (കൂരിയ മെത്രാൻ), സാമുവൽ മാർ ഐറേനിയോസ് (തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ), ഫിലിപ്പോസ് മാർ സ്തേഫാനോസ് (തിരുവല്ല അതിഭദ്രാസന സഹായമെത്രാൻ) എന്നീ തിരുമേനിമാരുടെ മെത്രാഭിഷേകം. ഗ്രീക്ക് മൽക്കൈറ്റ് കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ ഗ്രിഗോറിയോസ് III ലഹാം പാത്രിയർക്കീസ് മുഖ്യാതിഥി.

**2010 മാർച്ച് 14** മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയുടെ സ്ഥാനാ രോഹണം.

**2010 മാർച്ച് 15** മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ കൂരിയ മെത്രാനായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി ചുമതലയേറ്റു.

**2010 മാർച്ച് 20** പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ യുഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ സ്ഥാനാരോഹണം.
ഠ
**2011 മാർച്ച് 25** മലങ്കര സുറിയാനി കത്തോലിക്കാസഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനു ശേഷം ആദ്യമായി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അഭിവന്ദ്യ പിതാക്കന്മാർ പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പായുമായി നടത്തിയ ആദ് ലിമിന സന്ദർശനം.

**2012 മാർച്ച് 9,10** മൂറോൻ കൂദാശ (പട്ടം കത്തീഡ്രൽ).

**2012 മാർച്ച് 10** മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക കാനോനിക നിയമ സംഹിത (The Code of Particular Canons of the Syro-Malankara Catholic Church [CPCSMCC]) യുടെ പ്രസിദ്ധീകരണം.

**2013 മാർച്ച് 12,13** ആഗോള കത്തോലിക്കാ സഭയുടെ 266ാം മാർ പാപ്പായെ തെരഞ്ഞെടുക്കുവാനുള്ള കോൺക്ലേവിൽ ഇദംപ്രഥമമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ പങ്കെടുത്തു.

.**2013 മാർച്ച് 19** ഫ്രാൻസിസ് മാർപാപ്പായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ സംബന്ധിച്ച്

**2015 മാർച്ച് 26** ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തി ൻറെയും കഡ്കി സെന്റ് എഫ്രേം എക്സാർക്കേറ്റി ന്റെയും സ്ഥാപനം.

**2016 മാർച്ച് 8** മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സി.ബി.സി.ഐ. പ്രസിഡന്റായി രണ്ടാംവട്ടം തെരഞ്ഞെടുക്കപ്പെട്ടു.

**2019 മാർച്ച് 11** ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ജംബാപ്ത്തിസ്ത ദിക്വാത്രോയുടെ പരി. സുന്നഹ ദോസ് സന്ദർശനം.

**2019 മാർച്ച് 13** മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷൻ വിളിച്ചുചേർത്ത പുനരൈക്യ ശതാബ്ദി (2030) ആഘോഷത്തിൻറെ പ്രഥമ ആലോചനാ യോഗം പട്ടം കാതോലിക്കേറ്റ് സെന്ററിൽ.




‘**മണിവിളക്ക്**’ നെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു. മണിവിളക്കിൽ പ്രസിദ്ധീകരിയ്ക്കുവാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ രചനകൾ (കഥ, കവിത, ലേഖനങ്ങൾ, ചിത്രങ്ങൾ, വചന ചിന്തകൾ) അയയ്ക്കാൻ...

**Whatsapp - +919947825254**
**Email - editor@manivilaku.com**